നിന്ന് ജീവനക്കാരെ പിരിച്ചുവിട്ടുകൊണ്ടിരിക്കുന്നതിൽ നിന്നും ഉളവായിരിക്കുന്ന പൊതുപ്രാധാന്യമുള്ള പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ശ്രീ. പി. കുഞ്ഞൻ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

(5) 9–3–70 ൽ അർദ്ധരാത്രി സമയം ഒരു സംഘം ആളുകൾ സായുധരായി കോട്ടയത്തിനടുത്തു ആർപ്പൂക്കരയിലുള്ള ശ്രീ. ജോണിനെയും ഭാര്യയെയും കഠിനമായി പരിക്കേൽപ്പിച്ചതുമൂലം ആ പ്രദേശത്ത് നിലവിലുള്ള സംഘർഷാവസ്ഥയെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ശ്രീ. എം. കെ. ജോർജ്ജ്, ശ്രീ. ഇ. അഹമ്മദ് എന്നിവർ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

(6) കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ ആലക്കോട് പോലീസ് അതിർത്തിയിൽപ്പെട്ട കൃഷിക്കാരെ പോലീസിനെക്കൊണ്ട് ഒഴിപ്പിക്കുന്നതുമൂലം അവിടെ നിലവിലിരിക്കുന്ന ഭീതിജനകമായ അന്തരീക്ഷത്തെ ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിന് ശ്രീ. കെ. പി. രാഘവപ്പൊതുവാൾ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

ഇതെല്ലാം ഗവൺമെന്റിന്റെ ശ്രദ്ധയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

ശ്രീമതി. കെ. ആർ. ഗൗരി: സർ, ചോദ്യോത്തരസമയത്ത് പ്ലാന്റേഷൻ കോർപ്പറേഷനെക്കുറിച്ച് ഒരു ചോദ്യം ചോദിച്ചപ്പോൾ അങ്ങ് അനുവദിച്ചില്ല. ഒരു ചോദ്യം ചോദിച്ചപ്പോൾ മുഖ്യമന്ത്രി മറുപടി പറഞ്ഞു.; പ്ലാന്റേഷൻ കോർപ്പറേഷനിലെ നിയമനം മുൻ ഗവൺമെന്റിന്റെ കാലത്താണെന്ന്. ആ മറുപടിക്കുശേഷം ഒരു ചോദ്യം ചോദിക്കുന്നത് അനുവദിക്കാമോ അല്ലയോ എന്നതാണ് പ്രശ്നം. ഈ കാര്യത്തെസംബന്ധിച്ച് നിയമസഭയിൽ വളരെയേറെ ചൂടുപിടിച്ച വാദങ്ങൾ നടന്നിട്ടുള്ളതുകൊണ്ടാണ് പറഞ്ഞത്.

മി. സ്പീക്കർ: എനിക്ക് തെറ്റിദ്ധാരണയൊന്നുമില്ല.

FOURTH REPORT OF THE BUSINESS ADVISORY COMMITTEE, 1970

Shri T. K. Divakaran: Sir, I, Member of the Business Advisory Committee and leader of the House present the Fourth Report of the Business Advisory Committee in 1970.

Mr. Speaker: The Report is presented.

REPORT OF THE PUBLIC ACCOUNTS COMMITTEE

Shri K. Karunakaran: Sir, I, Chairman, Committee on Public Accounts present the Third Report of the Committee, 1969-70.

Mr. Speaker: The report is presented.

FINANCIAL BUSINESS

VOTING ON DEMANDS FOR GRANTS IN THE BUDGET FOR 1970-71

DEMAND XIII—POLICE, DEMAND XII—JAILS

Home Minister (**Shri C. H. Mohammed Koya**): Sir, I move that the Government be granted a sum of Rs. 7,30,92,100 under Demand XIII—Police

LIBRARY ARCHIVES Kerala Legislative Assembly

Finance Minister (**Shri N. K. Seshan**): Sir, I second it.

Minister for Local Administration (**Shri K. Avukaderkutty Naha**): I move that Government be granted a sum of Rs. 72,90,700 under Demand XII—Jails.

Transport and Health Minister (**Shri K. M. George**): Sir, I Second it.

Mr. Speaker: Now the cut motions may be moved.

Shri C. B. Chandrasekhara Warrier: Sir, I move to reduce the total allotment of Rs. 7,30,92,100 under Demand XIII—Police by Rs. 100.

Shri K. T. George: Sir, I move to reduce the total allotment of Rs. 7,30,92,100 under Demand XIII—Police by Rs. 100.

Dr. George Thomas: Sir, I move to reduce the total allotment of Rs. 7,30,92,100 under Demand XIII—Police by Rs. 100.

Mr. Speaker: Now the cut motions to Demand XII—Jails may be moved.

Shri N. I. Devassykutty: Sir, I move to reduce the total allotment of Rs. 72,90,700 under Demand XII—Jails by Rs. 100.

Dr. George Thomas: Sir, I move to reduce the total allotment of Rs. 72,90,700 under Demand XII—Jails by Rs. 100.

Shri Mustafa Kemal: Sir, I move to reduce the total allotment of Rs. 72,90,700 under Demand XII by Rs. 100.

Mr. Speaker: Now I call upon Shri Paloly Muhammedkutty to speak.

ശ്രീ. എം. രാമുണ്ണി: സർ, ഒരു കട്ട് മോഷൻ ഞാനും കൊടുത്തിരുന്നു. മലയാളത്തിൽ കട്ട് മോഷൻ കൊടുക്കുവാനുള്ള ഫാറം ഇവിടെയില്ല.

മി. സ്പീക്കർ: മലയാളത്തിൽ കൊടുക്കുവാനുള്ള ഏർപ്പാട് ചെയ്യാം.

ശ്രീ. പാലൊളി മുഹമ്മദ്കുട്ടി: പോലീസിന് വേണ്ടിയിട്ടുള്ള ധനാഭ്യർദ്ധനയെ ഞാൻ എതിർക്കുകയാണ്. എതിർക്കുന്ന അവസരത്തിൽ ഈ പോലീസ് ഡിപ്പാർട്ടുമെൻറ് ആവശ്യമില്ല എന്നുള്ളതിൻെറ അടിസ്ഥാനത്തിൽ അല്ല. ഈ അടുത്തകാലത്ത് നമ്മുടെ വഞ്ചകസർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരളസംസ്ഥാനത്തിൽ ഉടനീളം നടന്ന പോലീസിൻെറ നരനായാട്ടിനെ സംബന്ധിച്ച് ഓർക്കുമ്പോഴും ഇത്രയും ഭീമമായിട്ടുള്ള സംഖ്യ ആ വകുപ്പിനുവേണ്ടി വീണ്ടും നാമൊക്കെ വകയിരുത്തുന്നത് ഈ രാജ്യത്തുള്ള ജനങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് അനുകൂലമായിട്ടുള്ള ഒരു സാഹചര്യം ഉണ്ടാക്കുന്നതിനു വേണ്ടിയല്ല. എന്നുമാത്രമല്ല ആ ജനകീയ ശക്തിയെയും ജനകീയ പ്രസ്ഥാനങ്ങളെയും അടിച്ചമർത്തുന്നതിനു വേണ്ടിയുള്ളതാണ് എന്നുള്ളതുകൊണ്ട് ഇത്തരത്തിലുള്ള ഒരു ധനാഭ്യർത്ഥനയെ അംഗീകരിക്കുവാൻ നിർവ്വാഹമില്ല. ഈ ഗവൺമെൻറ് അധികാരത്തി

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ വന്നിട്ടുള്ളതിൻെറ സാഹചര്യം എടുത്തു പരിശോധിച്ചാൽ ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഇത്തരത്തിൽ ഒരു നടപടിക്രമം അല്ലാതെ സ്വീകരിക്കുവാൻ കഴിയുമെന്ന് വിശ്വസിക്കുവാൻ ന്യായമില്ല. കാരണം 1967—ലെ തിരഞ്ഞെടുപ്പിൽ പ്രബുദ്ധരായിട്ടുള്ള കേരള ജനത അവശരുടെ പരാധീനതകൾ പരിഹരിക്കുന്നതിനുവേണ്ടി അവർ ഊട്ടി ഉണ്ടാക്കിയിട്ടുള്ള ഐക്യമുന്നണി ഗവൺമെൻറിനെ ആ നാട്ടിലുള്ള നാടുവാഴി പ്രമാണികൾക്കും ഇതുപോലുള്ള ജനാധിപത്യ വിരുദ്ധശക്തികൾക്കും വേണ്ടി ആ ഐക്യമുന്നണിഗവൺമെൻറിനെ തകിടം മറിച്ചു ആ ഐക്യമുന്നണി ഗവൺമെൻറിനെ ഊട്ടിയുണ്ടാക്കുന്നതിനുവേണ്ടി ത്യാഗം സഹിക്കുകയും ചെയ്ത ജനത എതിർത്തു തോൽപ്പിച്ചിട്ടുള്ള പ്രതിലോമശക്തികളെ കൂട്ടുപിടിച്ച് സർക്കാർ രൂപീകരിക്കുകയും ചെയ്തവർക്ക് നമ്മുടെ രാജ്യത്തെ കർഷകത്തൊഴിലാളികളെ വെടിവച്ചുകൊല്ലാതെ കൃഷിക്കാരെ മർദ്ദിച്ചൊതുക്കാതെ അധികാരത്തിൽ നിൽക്കുവാൻ കഴിയുകയില്ലന്നു ഞങ്ങൾക്കറിയാം.

ഈ രാജ്യത്തെ പ്രമാണിമാരുടെയും ഭൂസ്വാമിമാരുടെയും ഭൂമി സംരക്ഷിക്കുന്നതിനും ബർളയെപ്പോലുള്ള കോടീശ്വരൻമാരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടി പാവപ്പെട്ട ജനങ്ങളെ നിഷ്കരുണം അടിച്ചമർത്തുന്നതിനാണ് ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം പ്രത്യേകിച്ച് പോലീസ് മന്ത്രി ശ്രമിച്ചിട്ടുള്ളത് എന്നുകാണാൻകഴിയും. നമ്മുടെ രാജ്യത്ത് 1947 നു ശേഷം പോലീസിനെസംബന്ധിച്ച് ഉണ്ടായിട്ടുള്ള ധാരണയിൽ നിന്നു വ്യത്യസ്തമായ ഒരു ധാരണ വളർന്നുവന്ന ഒരു കാലഘട്ടത്തിൽ, അതിനു കടകവിരുദ്ധമായ ഒരു നയം നടപ്പാക്കാനാണ് ഈ ഗവൺമെൻറു ശ്രമിക്കുന്നത്. അതുകൊണ്ടാണ് എല്ലാ പിൻതിരിപ്പൻ ശക്തികളുടെയും പിൻതുണ അച്യുതമേനോനും സി. എച്ച്. മുഹമ്മദുകോയയ്ക്കും വാങ്ങാൻസാധിച്ചിട്ടുള്ളത്. ഈ രാജ്യത്തെ എല്ലാ ജനകീയപ്രസ്ഥാനങ്ങളെയും ജനകീയസമരങ്ങളെയും പുച്ഛമായി കരുതിയിരുന്ന മാതൃഭൂമി മനോരമ തുടങ്ങിയ പത്രങ്ങൾ ഇപ്പോൾ ഈ ഗവൺമെൻറിനു പൂച്ചെണ്ടും പൂമാലയും നൽകുകയാണ്. ഭൂസ്വാമികളുടെ താൽപര്യം സംരക്ഷിക്കുന്നതിവേണ്ടി ജനങ്ങളെ ജാതിയുടെയും മതത്തിൻെറയും പേരിൽ ഭിന്നിപ്പിച്ചുനിറുത്തുന്ന ജനസംഘം ഈ ഗവൺമെൻറു വരാൻപോകുന്നുവെന്നു കേട്ട് അഡ്വാൻസ് സപ്പോർട്ട് കൊടുക്കുകയാണ് ചെയ്തത്. സ്വതന്ത്രാ പാർട്ടിക്ക് അനുമോദിക്കാൻ കഴിയുന്ന പിൻതിരിപ്പൻ ഗവൺമെൻറിന് സ്വാഭാവികമായും പാവപ്പെട്ടവരുടെ താൽപര്യം സംരക്ഷിക്കാൻ കഴിയുകയില്ല, അവർ. പാവപ്പെട്ടവരെ അടിച്ചമർത്തുകയേ ഉള്ളു എന്നു സ്വഭാവികമായും പ്രതീക്ഷിക്കാം അങ്ങനെയാണ് സംഭവിച്ചതും.

[Dy. Speaker in the Chair.]

പോലീസിൻെറ നടപടിയെ സംബന്ധിച്ചിടത്തോളം, 13—ാംതീയതി കേരളത്തിൽ ലാത്തിച്ചാർജ് നടന്നിട്ടുണ്ടോ എന്നു ചോദിച്ചതിന്, നിയമപരമായ ലാത്തിച്ചാർജ് നടന്നിട്ടില്ല എന്നാണ് മറുപടി. നൂറുക്കണക്കിനു സ്ഥലങ്ങളിൽ മൃഗീയമായലാത്തിച്ചാർജ് നടന്നിട്ടുണ്ട്. നടന്നിട്ടില്ലെന്നുള്ള മറുപടി കള്ളമാണെന്നു പറയുന്നത് പാർലമെൻററിയല്ലെങ്കിൽ, സത്യത്തിനു നിരക്കാത്ത പ്രസ്താവന എന്നുമാത്രം ഞാൻ പറയുകയാണ്. എൻെറ നിയോജകമണ്ഡലമായ പെരിന്തൽമണ്ണയിൽ ഒരു പ്രൈവററ് ബസ്സ് പിക്കററുചെയ്തുവെന്നുള്ള ഒററക്കാരണത്താൽ, (ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രി പറയുന്നതുപോലെ മാരകായുധങ്ങൾ ഒന്നും ഇല്ലായിരുന്നു) പിക്കററു ചെയ്തവരെ അവിടെവച്ചുമർദ്ദിച്ച്; പോലീസ് സ്റേറഷനിൽ കൊണ്ടു പോയി 23 മിനിട്ടുനേരം പതിനെട്ടോളം പോലീസുകാർ കൂടി മർദ്ദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

അതിൽ പുളിക്കത്തൊടി മുഹമ്മദ് മാർക്സിസ്റ്റുപാർട്ടിയുടെ പെരിന്തൽമണ്ണയിലെ മെംബറാണ്. മർദ്ദനത്തിന്റെ കഥ ഇതാണ്. രാജ്യത്ത് ഉടനീളം നടക്കുന്ന മർദ്ദനത്തെസംബന്ധിച്ച്, ഇല്ല എന്നു പരസ്യമായി പറയ പറയാൻ ചങ്കൂറ്റം കാണിക്കുന്ന മന്ത്രി കേരളസംസ്ഥാനത്തിനുതന്നെ ആദ്യമായി ലഭിച്ചതായിരിക്കും. ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി മൈതാനപ്രസംഗങ്ങളിൽ അഭിമാനത്തോടുകൂടി സംസാരിക്കാറുണ്ട്, പോലീസ് സ്റ്റേഷനിൽ രണ്ടു കസേരകൾ വീതമുണ്ടായിരുന്നതിൽ ഓരോ കസേര എടുത്തുമാററി എന്ന്. എല്ലാ പൊതുയോഗങ്ങളിലും അസംബ്ലിയിലും ആ കസേരയുടെ കാര്യം പറയാറുണ്ട്. ആ കസേര എടുത്തുമാററിയെന്നു പറയുന്ന പോലീസുമന്ത്രി, പോലീസിന്റെ ഒററുകാരായി ഭരണകക്ഷിയിലെ ആൾക്കാരെ എല്ലാ പോലീസ് സ്റ്റേഷനുകളിലും കുത്തിത്തിരുകിവച്ചിരിക്കുകയാണ്. ബഡ്ജററ് ആകെ പരിശോധിച്ചാൽ ഒററുകാർക്ക് ശമ്പളം കൊടുക്കാനുള്ള തുക കാണുകയില്ല. നമ്മുടെ രാജ്യത്തെ ഭൂസ്വാമിമാരിൽനിന്നും മുതലാളിമാരിൽനിന്നുമായിരിക്കും ഇവർക്കു ശമ്പളം കിട്ടുന്നത്. അവരാണ് പോലീസ് സ്റ്റേഷനുകൾ ഭരിക്കുന്നത്. അതു സംബന്ധിച്ച്‌യ ആർക്കും ഒരു പരാതിയുമില്ലേ? ക്രമസാധാനത്തെപ്പററി മന്ത്രി വളരെയേറെ പറയുന്നുണ്ട്. മാർക്സിസ്റ്റുകൾ ആയുധം ശേഖരിക്കുന്നുവെന്നും നിയമം കൈയിലെടുക്കുന്നുവെന്നും പറയുന്ന മന്ത്രിയോടു ഞാൻ വളരെ വിനയത്തോടുകൂടി ചോദിക്കുകയാണ് ഒരു സ്റ്റേററിൽ ക്രമസമാധാനപാലനത്തിനുത്തരവാദപ്പെട്ട ആഭ്യന്തരകാര്യമന്ത്രിതന്നെ നിയമം കൈയിലെടുത്തതിന്റെ ഉത്തരവാദിത്വം നിങ്ങൾക്കു നിഷേധിക്കാൻ കഴിയുമോ, അതിൽനിന്ന് ഒഴിഞ്ഞുമാറാൻ കഴിയുമോ? നിലമ്പൂരിൽ പൗലോസിനെ കൊന്ന കൊലയാളിയാണ് ഈ ഇരിക്കുന്ന മന്ത്രി എന്നു പറഞ്ഞാൽ നിഷേധിക്കാൻ കഴിയുമോ? 1969 നവംബർമാസം 27-ാം തീയതി കോഴിക്കോട്ടു യൂണിവേഴ്സിററിയുടെ ഒരു യോഗം കഴിഞ്ഞശേഷം ഗവൺമെൻറുകാറിൽ യാത്രചെയ്യാതെ, പ്രൈവററുകാറിൽ മന്ത്രി കോട്ടയ്ക്കൽ ഒരു മുസ്ലീം നേതാവിന്റെ വീട്ടിൽ ചെന്നു. അതുകഴിഞ്ഞ് മറെറാരു പ്രൈവററുകാറിൽ യാത്രചെയ്തു. അതിനുശേഷം മൂന്നു മിനിട്ടുകഴിയുന്നതിനു മുൻപ് മുസ്ലീംലീഗുപ്രവർത്തകർ കഠാര ഓങ്ങി പ്രകോപനം സൃഷ്ടിക്കാൻ ശ്രമിച്ചുതുടങ്ങി. അതുകഴിഞ്ഞ് മന്ത്രി മഞ്ചേരിയിൽ നിന്ന് മറെറാരു പ്രൈവററ് കാറിൽ (മന്ത്രിയാണ്, കാറുണ്ട്, അതുപയോഗിക്കാതെ) ഇടക്കര എന്ന സ്ഥലത്തേക്കു പോയി. ആഭ്യന്തരമന്ത്രിയെ അനുഗമിക്കുന്നതിനും സംരക്ഷണംകൊടുക്കുന്നതിനും ധാരാളം പോലീസുള്ള അവസരത്തിൽ മൂന്നു ലോറി നിറയെ മുസ്ലീം ലീഗിന്റെ അനുയായികൾ-അച്യുതമേനോന്റെ പാർട്ടിക്കാർ ആ പ്രദേശത്തിലെ—കഠാരിയും വെട്ടുകത്തിയും മററായുധങ്ങളും പരസ്യമായി ശേഖരിച്ചുകൊണ്ട് (രഹസ്യമായിട്ടല്ല) ഇദ്ദേഹത്തെ അകമ്പടിസേവിച്ചു മുന്നോട്ടു നീങ്ങി. യാതൊരു പ്രകോപനവും ഉണ്ടായിട്ടായിരുന്നില്ല ഇത്.

Shri C. H. Mohammed Koya: Sir, I rise to a point of order. What the Honourable Member refers is a matter under adjudication. As per the Rules on subject matter which is under adjudication cannot be discussed.

ശ്രീ. പാലൊളി മുഹമ്മദുകുട്ടി: സർ, നടന്ന സംഭവത്തിന്റെ വിവരണം പറയുന്നതിനെന്താണ്?

ഡെപ്യൂട്ടി സ്പീക്കർ: കോടതിയിലിരിക്കുന്ന കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലൊളി മുഹമ്മദുകുട്ടി.: അങ്ങനെ ബഹുമാനപ്പെട്ട മന്ത്രി, കേരളത്തിലെ ജനങ്ങളെ വഞ്ചിച്ച വഞ്ചകസർക്കാരിന്റെ പ്രതിനിധിയെന്നുള്ള നിലയിൽ കടന്നുപോയപ്പോൾ അദ്ദേഹത്തിനെതിരായിമുദ്രാവാക്യം വിളിക്കുകയും ജാഥ നയിക്കുകയും ചെയ്തതു ശരിയാണ്. അവരുടെ കൈയിൽ വടിപോലുമില്ലായിരുന്നു. ഭൗവൽ വീശിയാണ് മുദ്രാവാക്യം വിളിച്ചത്. കറുപ്പുകൊടികാണിച്ചുവെന്നതിന്റെ പേരിൽ അവരെ ആക്രമിച്ചത് മന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. കോടതിമുൻപാകെ ഒരു കൊലക്കേസ് നിലവിലിരിക്കുകയാണ്. കോടതിയിൽ നൽകിയിട്ടുള്ള സ്റേററ്മെന്റ് ഇങ്ങനെയല്ല. കോടതിയിൽ സ്റേററുമെന്റു നൽകിയിട്ടുണ്ട്. സംഭവത്തിന്റെ വിവരണം ഈ സഭയിൽ പറയുന്നത് അനുവദിക്കാൻ പാടില്ല.

ശ്രീ. പാലൊളി മുഹമ്മദുകുട്ടി: ഞാൻ അങ്ങനെ പറയാൻ ഉദ്ദേശിക്കുന്നില്ല. ആ വിധത്തിലാണ് പൗലോസ് മരണപ്പെട്ടിട്ടുള്ളത്. അതിൽ പ്രതിക്കൂട്ടിൽ നിൽക്കേണ്ട നിങ്ങൾക്ക് അതിൽനിന്ന് ഒഴിഞ്ഞുമാറാൻ കഴിഞ്ഞത്, ഒന്നാം പ്രതിയായിരിക്കേണ്ട നിങ്ങൾക്ക് ഒഴിഞ്ഞുമാറാൻ കഴിഞ്ഞത് മന്ത്രിയെന്നുള്ള പദവി ഉപയോഗപ്പെടുത്തിയതുകൊണ്ടല്ലേ?

ഡെപ്യൂട്ടിസ്പീക്കർ: സമയം കഴിഞ്ഞു.

ശ്രീ. പാലൊളി മുഹമ്മദുകുട്ടി: സമയം കഴിഞ്ഞോ? ശ്രീ രാമുണ്ണിയുമായുള്ള തർക്കത്തിൽത്തന്നെ നാലഞ്ചു മിനിട്ടു പോയിക്കാണും.

ശ്രീ. കെ. പുരുഷോത്തമൻപിള്ള: സർ, ഞാൻ ഈ ഡിമാൻഡിനെ പിൻതുങ്ങുകയാണ്. കഴിഞ്ഞ ഏതാനുംദിവസമായി ഇവിടെ നടന്ന ചർച്ചകളിൽ പ്രധാനമായും ആക്ഷേപങ്ങളുന്നയിക്കപ്പെട്ടിരിക്കുന്നത് പോലീസ് വകുപ്പിനെ സംബന്ധിച്ചാണ്. സർ, ഈ സഭാസമ്മേളനത്തിൽമാത്രമല്ല, ഈ സമ്മേളനം ആരംഭിക്കുന്നതിനുമുൻപും ഈ സമ്മേളനം ആരംഭിച്ചശേഷവും, നമ്മുടെ പ്രതിപക്ഷത്തിരിക്കുന്ന സ്നേഹിതൻമാർ, ഈ ഗവൺമെന്റ് അധികാരം ഏറെറടുത്തശേഷം പോലീസ് വകുപ്പ് കൈകാര്യം ചെയ്യുന്നതുസംബന്ധിച്ച് അനവധി ആക്ഷേപങ്ങൾ ഉന്നയിച്ചിട്ടുണ്ട്. 1969 ഒക്ടോബർമാസം 24-ാം തീയതിയാണ് ശ്രീമാൻ നമ്പൂതിരിപ്പാട് തന്റെ മുഖ്യമന്ത്രിപദം രാജിവെച്ചത്. 1969 ഒക്ടോബർ 24-ാം തീയതിക്കുശേഷം ഇന്നോളം ഈ രാജ്യത്ത് ക്രമസമാധാനം അപകടത്തിലാണെന്നും രാജ്യത്താകെ പോലീസ് രാജ് നടന്നുകൊണ്ടിരിക്കുകയാണെന്നും ശ്രീമാൻ നമ്പൂതിരിപ്പാടും അദ്ദേഹത്തിന്റെ പാർട്ടിയിലെ മറെറാരു സമുന്നതനായ നേതാവ് ശ്രീമാൻ എ. കെ. ഗോപാലനും മററു നേതാക്കൻമാരും നിരന്തരമായ പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നു. ഒക്ടോബർ 24-ാം തീയതി രാജിവെച്ചശേഷം ശ്രീമാൻ നമ്പൂതിരിപ്പാട് കൽക്കട്ടയിലെത്തി ഒക്ടോബർ 28-ാം തീയതിഒരു പ്രഖ്യാപനം നടത്തി. ഒക്ടോബർ 28—ാം തീയതി അദ്ദേഹം കൽക്കട്ടയിൽവെച്ച് പ്രഖ്യാപിച്ചത് അദ്ദേഹത്തിന്റെ ആളുകൾ ഞങ്ങളെയെല്ലാം തെരുവിൽവെച്ചു കണ്ടുകൊള്ളാമെന്നാണ്. അന്ന് ഈ ഗവൺമെന്റ് രൂപം കൊണ്ടിരുന്നില്ല. ഒക്ടോബർ 24-ാം തീയതി തന്റെ രാജിക്കുശേഷം നാലുദിവസത്തിനകം കൽക്കട്ടയിൽവെച്ച് ശ്രീമാൻ നമ്പൂതിരിപ്പാട് ഇങ്ങനെ പ്രഖ്യാപനം നടത്തിയെങ്കിൽ, അദ്ദേഹത്തിന്റെ പാർട്ടിയിലെ ഉന്നതനായ നേതാവു ശ്രീമാൻ എ. കെ. ഗോപാലൻ ഈയവസരത്തിൽ മറെറാരു പ്രഖ്യാപനം നടത്തി. 1957-ൽ കമ്മ്യൂണിസ്ററുപാർട്ടി അധികാരത്തിലിരുന്ന കാലത്ത്, ശ്രീമാൻ

LIBRARY ARCHIVES Kerala Legislative Assembly

നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരുന്ന കാലത്ത്, അന്നത്തെ അഖിലേന്ത്യാ കോൺഗ്രസ്സിന്റെ ജനറൽസെക്രട്ടറിയായിരുന്ന ശ്രീമൻ നാരായണൻ കേരളത്തിലെ ക്രമസമാധാനനിലയെപ്പററി അന്വേഷിക്കുന്നതിന് ഈ സംസ്ഥാനത്തിലേയ്ക്കു വന്നു. അന്നു ശ്രീമൻ നാരായണൻ പറഞ്ഞത് കേരളത്തിലെ ക്രമസമാധാനനില അപകടത്തിലായിരിക്കുന്നു, രാജ്യമാകെ അരക്ഷിതാവസ്ഥയിലാണ് എന്നായിരുന്നു. അന്ന് ഇങ്ങനെ പ്രഖ്യാപിക്കുന്നതിനു മുൻപ് ശ്രീ. നമ്പൂതിരിപ്പാടിന് ശ്രീമാൻ നാരായണൻ 5 ദിവസം അനുവദിച്ചെങ്കിൽ ശ്രീ. എ. കെ. ഗോപാലൻ ശ്രീ. അച്യുതമേനോന് ഇരുപത്തിനാലുമണിക്കൂറിന്റെ സാവകാശംപോലും കൊടുക്കാതെ, കൊലപാതകവും ബലാൽസംഗവും അക്രമവും ഭരണകക്ഷിയുടെ നേതൃത്വത്തിൽ നടക്കുന്നു എന്ന പ്രഖ്യാപനം നടത്തുകയാണുണ്ടായത്. ശ്രീമൻ നാരായണൻ നമ്പൂതിരിപ്പാടിനു കൊടുത്ത 5 ദിവസമെങ്കിലും എ. കെ. ഗോപാലൻ അച്യുതമേനോനു നൽകാൻ വിസമ്മതിച്ചു എന്നു കാണുന്നതിൽ എനിക്കു ഖേദമുണ്ട്. ഒക്ടോബർ 28-ാം തീയതിക്കുശേഷം നവംബർ 14-ാം തീയതി മാർക്സിസ്ററു പാർട്ടിയുടെ സംസ്ഥാന കമ്മിററി എറണാകുളത്തു സമ്മേളിച്ചു. അതിന്റെ 11, 12 തീയതികളിൽ സമ്മേളിച്ച യോഗങ്ങളിൽ പാസാക്കിയ പ്രമേയം പത്രങ്ങൾ പ്രസിദ്ധീകരിച്ചു. അതിൽ എനിക്കു കാണാൻ കഴിയുന്നത് ഈ ഗവൺമെൻറിനെ എല്ലാ രംഗത്തുവെച്ചും എതിർക്കുകയെന്ന നയം പാർട്ടി അംഗീകരിക്കും എന്ന പ്രസ്താവനയാണ്. ഈ മന്ത്രിസഭ ഭരണാധികാരത്തിൽ തുടരാതിരിക്കാൻ കഴിയുന്ന വിധത്തിൽ എല്ലാ വ്യക്തികളും ഗ്രൂപ്പുകളും പാർട്ടികളുമായി സഹകരിക്കാൻ മാർക്സിസ്ററുപാർട്ടി തയ്യാറായിരിക്കും എന്ന പ്രഖ്യാപനവും അതിലുണ്ട്. 14-ാം തീയതിക്കുശേഷം, ഡിസംബർ 7-ാം തീയതി നമ്പൂതിരിപ്പാട് നടത്തിയ മറെറാരു പ്രഖ്യാപനം, വഞ്ചകപ്പരിഷകളുടെ ഗവൺമെൻറിനെ താഴെയിറക്കാൻ എല്ലാ മാർഗ്ഗവും അദ്ദേഹത്തിന്റെ പാർട്ടി എടുക്കുമെന്നാണ്. ഡിസംബർ 8-ാം തീയതി കോഴിക്കോട്ടുവെച്ചു നടത്തിയ മറെറാരു പ്രഖ്യാപനം, രാഷ്ട്രീയയുദ്ധത്തിൽ ഞങ്ങൾ അസംബ്ളിയിൽ പരാജയപ്പെട്ടുവെങ്കിലും യുദ്ധം അസംബ്ളിയിൽമാത്രം ഒതുക്കിനിറുത്തുകയില്ല, പട്ടണങ്ങളിലേക്കും ഫാക്ടറികളിലേക്കും ഗ്രാമങ്ങളിലേക്കും തെരുവുകളിലേക്കും അതു വ്യാപിപ്പിക്കും എന്നാണ്.

ശ്രീമാൻ നമ്പൂതിരിപ്പാട് 28—ാം തീയതി കൽക്കട്ടയിൽ വച്ചു നടത്തിയ പ്രഖ്യാപനത്തെസംബന്ധിച്ചു പത്രപ്രതിനിധികരം ചോദിച്ചപ്പോരം, 28—ാം തീയതിയിലെ പ്രഖ്യാപനത്തിന് അദ്ദേഹം നൽകിയ ഒരു വ്യാഖ്യാനമാണ് ഈ പറഞ്ഞത്. ഡിസംബർ 10—ാം തീയതി പാലക്കാട്ടു വച്ചു ശ്രീ. നമ്പൂതിരിപ്പാട് പ്രഖ്യാപിച്ചു ഈ സർക്കാരിനെ അധികാരത്തിൽനിന്നും പുറംതള്ളുന്നതിന് എല്ലാ മാർഗ്ഗങ്ങളും സ്വീകരിക്കുമെന്ന്. അതിനെത്തുടർന്നു ശ്രീമാൻ എ. കെ. ഗോപാലൻ തുടർച്ചയായി പ്രഖ്യാപിക്കുകയുണ്ടായി, ഒരു ദിവസംപോലും ലാത്തിച്ചാർജ്ജും, വെടിവയ്പ്പും ഇല്ലാതെ അച്യുതമേനോൻ ഗവൺമെൻറിനെ ഭരിക്കാൻ അനുവദിക്കുകയില്ലെന്ന്. അതിനുശേഷം മാർക്സിസ്ററുപാർട്ടി പ്രവർത്തകർ ആലപ്പുഴയിൽ സമ്മേളിച്ച് ചില തീരുമാനങ്ങരം കൈക്കൊണ്ടു. ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് അതിനെത്തുടർന്നു പ്രഖ്യാപിച്ചു, വേണ്ടിവന്നാൽ ഈ ഗവൺമെൻറിന് എതിരായി ആയുധം സംഭരിക്കുമെന്ന്; വേണ്ടിവന്നാൽ അച്യുതമേനോൻ ഗവൺമെൻറിനെ താഴെയിറക്കുമെന്ന്. ഇത്തരത്തിലുള്ള ഒരു പ്രഖ്യാപനം 1969 ഒക്ടോബർ 24-ാം തീയതിക്കുശേഷം ശ്രീ. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ അധികാരം വച്ചു ഒഴിഞ്ഞതിനുശേഷം ബോധപൂർവ്വം നടത്തിയതിന്റെ ഉദ്ദേശം എന്താണെന്ന് ഈ കഴിഞ്ഞ നാലഞ്ചു മാസത്തെ പ്രവർത്തനം

LIBRARY ARCHIVES Kerala Legislative Assembly

തെളിയിച്ചു കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ നാലഞ്ചുമാസമായി ശ്രീ. നമ്പൂതിരിപ്പാടിൽനിന്നും ഏ. കെ. ഗോപാലനിൽനിന്നും ഉന്നതൻമാരായ മാർക്സിസ്ററു നേതാക്കൻമാരുടേയും പ്രഖ്യാപനം നമ്മുടെ സംസ്ഥാനത്തെ ജനങ്ങളിൽ ഒരു ഭീതി വളർത്തിയിട്ടില്ലേ എന്ന് അപ്പുറത്തിരിക്കുന്ന പ്രതിപക്ഷമെമ്പറൻമാർ ആലോചിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അവരോട് പറയുവാനുള്ളത്. അധികാരം നഷ്ടപ്പെട്ടതിനുശേഷം അധികാരം നഷ്ടപ്പെട്ടതിന്റെ വിഷമം നമുക്കു മനസ്സിലാക്കാൻ കഴിയും. 1969-ന് ശേഷം അധികാരം നഷ്ടപ്പെട്ട കമ്മ്യൂണിസ്ററു പാർട്ടി ഈ രാജ്യത്ത് ഈ നിയമസഭയിൽ പ്രവർത്തിച്ചിട്ടുണ്ട്. പക്ഷെ അന്നൊന്നുംതന്നെ ആയുധം എടുത്തു സമരം ചെയ്യാൻ ജനങ്ങളോട് ആഹ്വാനം ചെയ്തിട്ടില്ല. 1969 അവസാനം അധികാരം നഷ്ടപ്പെട്ടതിന്റെ പേരിൽ നിരാശരായ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി അവരുടെ അനുയായികളെ സംഘടിപ്പിക്കുകയും അനേകം പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. അവരുടെ അനുയായികൾ ആയുധം ശേഖരിച്ചു, ആസിഡ് ബംബുകൾ ശേഖരിച്ചു, പടക്കങ്ങൾ ശേഖരിച്ചു, കഴിയുന്ന സ്ഥലങ്ങളിൽ തോക്ക് കൈയിലെടുത്തു. ആയുധം ഉപയോഗിക്കുന്നതിനു രണ്ടു രംഗങ്ങളാണ് മാർക്സിസ്ററു പാർട്ടി തയാറാക്കിയത്. പ്രധാനമായും കാർഷികമേഖലയിൽ ആക്രമണം അരാജകാവസ്ഥ സൃഷ്ടിക്കുന്നതിന് ശ്രമം നടത്തി. അവർ കുടികിടപ്പുകാരോടു പറഞ്ഞു നിങ്ങൾ വേലി വച്ചുകെട്ടുക, അതാണ് നിങ്ങൾക്ക് അവകാശപ്പെട്ട സ്ഥലം, അതിനു ഞങ്ങൾ സംരക്ഷണം നൽകാം. അവർ 31 മാസം ഇവിടെ ഇരുന്ന് ഭരിച്ചിരുന്നവരാണ്. ആ 31 മാസത്തിനകത്ത് ഈ സംസ്ഥാനത്തെ കുടികിടപ്പുകാരോടു വേലി വളച്ചുകെട്ടാൻ എന്തുകൊണ്ടു പറഞ്ഞില്ല? അന്ന് അവർക്ക് സംരക്ഷണം കൊടുക്കാൻ നിങ്ങളുടെ കൈയിൽ പോലീസുണ്ടായിരുന്നു. ആഭ്യന്തര വകുപ്പു കൈകാര്യം ചെയ്തിരുന്നത് നിങ്ങളായിരുന്നില്ലേ? ഈ രാജ്യത്തെ കുടികിടപ്പുകാരോടു നിങ്ങൾക്ക് പ്രേമം ഉണ്ടായിരുന്നുവെങ്കിൽ, അന്ന് കുടികിടപ്പുകാരോട് വേലിവളച്ചുകെട്ടാനും ആവശ്യമായ പോലീസുസംരക്ഷണം കൊടുക്കാമെന്നും പറയാമായിരുന്നു. അന്നു നിങ്ങൾ അത് പറഞ്ഞില്ല. കാരണം അത് അപ്രായോഗികമാണെന്നു മനസിലാക്കി. അതിനു ശേഷം അച്യുതമേനോൻ ഗവൺമെൻറ് അധികാരത്തിൽ വന്നു. കുടികിടപ്പുകാരോടു വേലി വളച്ചുകെട്ടാനും അവർക്ക് സംരക്ഷണം കൊടുക്കാമെന്നും പറഞ്ഞു. അവകാശം സംരക്ഷിക്കാമെന്നു പറഞ്ഞിട്ടും വേലി വളച്ചുകെട്ടുന്ന മാർഗ്ഗം അനുയായികളിൽ ആരെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ? അവിടെയിരിക്കുന്ന ബഹുമാനപ്പെട്ട സ്നേഹിതൻമാർ ഇന്നലെ പ്രസംഗിക്കുകയുണ്ടായി, ശ്രീ. സി. ബി. സി. വാര്യർ പ്രസംഗിക്കുകയുണ്ടായി, വേലിവളച്ചുകെട്ടിയതിന്റെ ഫലമായി ആയിരക്കണക്കിന് കുടിയാൻമാർക്ക് ഭൂമിയിൽ ഉടമാവകാശം ലഭിച്ചുവെന്ന്. അങ്ങനെയൊരു സംഭവമേ ഇവിടെ നടന്നിട്ടില്ല. എവിടെയെങ്കിലും വേലിവളച്ചു കെട്ടിയാൽ അത് തടയുന്നതിനുള്ള അധികാരവും അവകാശവും പോലീസിനു നൽകിയിട്ടുണ്ട്. പോലീസ് പല സ്ഥലത്തും കേസെടുത്തിട്ടുണ്ട്.

ട്രാൻസ്പോർട്ടു സമരം എന്തിനുവേണ്ടിയായിരുന്നു സർ. പന്ത്രണ്ടായിരത്തിൽപ്പരം ആളുകൾ തൊഴിൽ ചെയ്യുന്ന ട്രാൻസ്പോർട്ടു കോർപ്പറേഷനിൽ രണ്ടായിരത്തിനു താഴെമാത്രം ആളുകളല്ലേ അതിൽ പങ്കെടുത്തുള്ളു. ആ സമരത്തിന്റെ ഫലമായി എത്രയോ ലക്ഷം രൂപ ഗവൺമെൻറിന് നഷ്ടപ്പെട്ടു. എത്രയോ മനുഷ്യരുടെ ജീവൻ നഷ്ടപ്പെട്ടു. നിരപരാധികളായ നാലു മനുഷ്യരുടെ ജീവൻ മട്ടന്നൂർ നടന്ന തീവെയ്പ്പിൽ നഷ്ടപ്പെട്ടില്ലേ? ഇതിനോടനുബന്ധിച്ച് നമ്മുടെ സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിൽ ആസിഡ് ബംബ് എറിഞ്ഞില്ലേ? ആസിഡ് ബംബ് കൊണ്ടതിന്റെ ഫല

LIBRARY ARCHIVES Kerala Legislative Assembly

മായി എത്രയോപേർക്ക് അംഗഭംഗം സംഭവിക്കുകയുണ്ടായി. എത്രയോ പേർക്ക് പരിക്കു പററി. ഈ രണ്ടു പ്രധാന കാര്യങ്ങളിൽ മാർക്സിസ്ററു പാർട്ടി ഇടപെട്ടു കുഴപ്പം ഉണ്ടാക്കാൻ ശ്രമിച്ചുവെങ്കിലും എവിടെയെങ്കിലും വിജയം നേടാൻ സാധിച്ചിട്ടുണ്ടോ? വെടിവയ്പ്പിനെപ്പററിയും ലാത്തിച്ചാർജിനെപ്പററിയും പ്രസംഗിക്കുന്നതു കേട്ടു. 31 മാസം ഇവിടെ ഭരിച്ചപ്പോൾ ശ്രീമാൻ ഇ. എം. എസ്. നമ്പൂതിരിപ്പാടു നടത്തിയ വെടിവയ്പ്പുകളുടേയും ലാത്തിച്ചാർജുകളുടേയും ഓർമ്മ നിങ്ങൾക്കുണ്ടായിരിക്കും. 1967 സെപ്ററംബർ 11–ാം തീയതി രണ്ടു വിദ്യാർത്ഥികളെ നിങ്ങൾ വെടിവച്ചില്ലേ? 1968 മാർച്ച് 11–ാം തീയതി പൂവാറിൽ നിങ്ങൾ വെടിവച്ചതിന്റെ ഫലമായി ഒരാൾ മരിച്ചില്ലേ? മാർച്ച് 12–ാം തീയതി വിഴിഞ്ഞത്ത് വെടിവച്ചില്ലേ? അതിന്റെ ഫലമായി അഞ്ചുപേർ മരിച്ചില്ലേ? 1969–ൽ നിങ്ങൾ നാലു വെടിവയ്പ്പുകൾ നടത്തിയില്ലേ? അഞ്ചൽ സെൻറുജോൺസ് കോളേജിലെയും അതിനു സമീപമുള്ള ഹൈസ്ക്കൂളിലേയും വിദ്യാർത്ഥികൾക്ക് എതിരായി ലാത്തിച്ചാർജ് നടത്തിയിട്ടില്ലേ? അതിന്റെ ഫലമായി എത്രയോ ആളുകൾക്ക് അടികൊള്ളുകയുണ്ടായി. 1969 ഫെബ്രുവരി 22–ാം തീയതി കുളമാവ് എന്ന സ്ഥലത്തു വെടിവയ്പ്പു നടത്തിയില്ലേ? അവിടെ രണ്ടുപേർ വെടികൊണ്ടു മരിച്ചില്ലേ? മാർച്ച് 27–ാം തീയതി വീയപുരത്തു നടത്തിയ വെടിവയ്പ്പിന്റെ ഫലമായി എഴുപതിൽപ്പരം ആളുകൾക്കും ഒരു എം. എസ്. പി. ക്കും പരിക്കേററില്ലേ? 1969 സെപ്ററംബറിൽ കൊരട്ടിയിൽ വെടിവയ്പ്പും ലാത്തിച്ചാർജും നടത്തിയില്ലേ? അതിന്റെ ഫലമായി 20 പേർക്ക് പരിക്കേററില്ലേ? 31 മാസം വെടിവയ്പ്പ് നടത്താതെയും ലാത്തിച്ചാർജ് നടത്താതെയും നിങ്ങൾക്ക് ഇവിടെ ഭരിക്കാൻ കഴിഞ്ഞോ? അന്നൊന്നും തന്നെ ഈ സംസ്ഥാനത്തുള്ള ഒരു പ്രതിപക്ഷവും ആയുധം എടുക്കുമെന്നും ഭരിക്കുന്ന ഗവൺമെൻറിനെ താഴെയിറക്കുമെന്നും പറഞ്ഞില്ല. നിങ്ങൾ അടിസ്ഥാനവർഗ്ഗമായ തൊഴിലാളികൾക്കെതിരായിട്ടല്ലേ വെടിവച്ചത്? അതിന്റെ ഫലമായി വിദ്യാർത്ഥികൾ, തൊഴിലാളികൾ, പാവപ്പെട്ട മുക്കുവത്തൊഴിലാളികൾ ഇവരെല്ലാംതന്നെ മരിച്ചില്ലേ? ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഇവിടെ നടന്ന വെടിവയ്പ്പുകൾക്ക് ആധാരമായ കാരണമെന്താണ്? ഒരു പാർട്ടി ഞങ്ങൾ നിയമം കൈയിലെടുക്കുമെന്നും, ആയുധം കൈയിലെടുത്ത് ഈ ഗവൺമെൻറിനെ താഴെയിറക്കുമെന്നും പറഞ്ഞു. മുന്നിട്ടിറങ്ങി പ്രവർത്തിച്ചാൽ തീർച്ചയായും ചെറിയ ബലപ്രയോഗം നടത്തേണ്ടിവരും. പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്ന ബലപ്രയോഗം മുഴുവനും ശരിയാണെന്ന് എനിക്ക് അഭിപ്രായമില്ല. അതിന് ഇന്നത്തെ നിലയിൽ ഈ പരിത:സ്ഥിതിയിൽ ഈ വകുപ്പു കൈകാര്യം ചെയ്യുന്ന ആഭ്യന്തരമന്ത്രിയുടെ ചുമതല വലുതാണ്. ഈ വകുപ്പ് ഭംഗിയാംവണ്ണം കൈകാര്യം ചെയ്യുന്ന കാര്യത്തിൽ അദ്ദേഹം അഭിനന്ദനം അർഹിക്കുന്നുണ്ട്. അക്കാര്യത്തിൽ ഞാൻ അദ്ദേഹത്തെ അനുമോദിക്കുകയും ചെയ്യുന്നു.

സർ, ഈ അവസരത്തിൽ ഞാൻ മറെറാരു കാര്യം ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. തൊഴിലാളിവർഗ്ഗത്തിന്റെ പേരിൽ ഇത്രയധികം സംസാരിക്കുന്ന മാർക്സിസ്ററു പാർട്ടി സ്നേഹിതൻമാരോടു ഒരു ചോദ്യം—ഈ സഭയിൽ പൂഞ്ഞാർ സംഭവത്തെസംബന്ധിച്ച് എത്രയധികം ആക്ഷേപം ഉന്നയിച്ചിട്ടുള്ളതാണ്. നിങ്ങൾക്കറിയാമോ പൂഞ്ഞാർ സംഭവത്തെത്തുടർന്നു ചെത്തുതൊഴിലാളികൾ ഉൾപ്പെടെ എത്രപേർ കേസ്സിൽ പ്രതിയായിട്ടുണ്ടെന്ന്. 427 കേസ്സുകൾ പൂഞ്ഞാർ സംഭവത്തിന്റെ ഫലമായിട്ടെടുത്തിട്ടുണ്ട്. 1200–ൽ പരം പ്രതികൾ ആ കേസിലുണ്ട്. ലാത്തിച്ചാർജിന്റെ ഫലമായി 28 പേർക്ക് പരിക്ക് പററുകയുണ്ടായി. 9–11–1969-ൽ

LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ് ഉദ്യോഗസ്ഥൻമാർ ലാത്തിച്ചാർജ് നടത്തിയെന്നു പറഞ്ഞു രണ്ടു കേസുകൾ എക്സൈസ് ഉദ്യോഗസ്ഥൻമാർക്കെതിരായി രജിസ്ററർ ചെയ്തിട്ടുണ്ട്. ഈരാററുപേട്ട പോലീസു സ്റേറഷനിൽ ക്രൈം 151, 152 എന്നീ രണ്ടു കേസുകൾ നിലവിലിരിക്കെ, ശ്രീമതി കെ. ആർ. ഗൗരി അന്ന് എക്സൈസിൻെറ ചുമതല വഹിക്കുകയായിരുന്നു.......................

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർക്ക് അനുവദിച്ചിട്ടുള്ള സമയം തീർന്നിരിക്കുന്നു. അടുത്തത് ശ്രീ. രാമുണ്ണി, രാമുണ്ണി ഇല്ലാത്തതുകൊണ്ട് ശ്രീ. പി. ജി. പുരുഷോത്തമൻപിള്ളയ്ക്കു സംസാരിക്കാം.

ശ്രീ. പി. എസ്. നമ്പൂതിരി: സർ, ശ്രീ. കെ. പുരുഷോത്തമൻപിള്ളയ്ക്കു ഞങ്ങളുടെ പാർട്ടിക്ക് അനുവദിച്ചിട്ടുള്ള സമയത്തിൽനിന്നും കുറച്ചുകൂടി കൊടുക്കാവുന്നതാണ്.

ഡെപ്യൂട്ടി സ്പീക്കർ: ഇനി ഒക്കുകയില്ല. ഞാൻ മറെറാരാളെ പ്രസംഗിക്കുന്നതിനുവേണ്ടി വിളിച്ചു കഴിഞ്ഞു.

ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ സർവ്വശക്തിയും ഉപയോഗിച്ച് ഞാൻ എതിർക്കുകയാണ്. ഇവിടത്തെ പോലീസിന് ഇന്നു കിട്ടുന്ന പണം പോരായെന്നാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിൻെറ ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതും, ഗവർണ്ണർ അദ്ദേഹത്തിൻെറ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതും. ഈ പോലീസ് ഇന്ന് നമ്മുടെ നാട്ടിൽ ചെയ്യുന്ന കാര്യങ്ങൾ എന്താണെന്ന് നമുക്കൊന്നു പരിശോധിക്കാം.

ഞാനും ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടും, ശ്രീ. വി. എസ്. അച്യുതാനന്ദനും കൂടി ഇന്നലെയും പാണ്ടനാട്ടു പോയിരുന്നു. അവിടെ കഴിഞ്ഞ ഒരു ദിവസം നടന്ന വെടിവയ്പ്പിൻെറ ഗുണദോഷങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. കാരണം അതിനെപ്പററി ഒരു കേസ് ചാർജ് ചെയ്തിരിക്കുകയാണല്ലോ. കേസിൽ അന്തർഭവിക്കുന്ന കാര്യമായതുകൊണ്ട് ഞാൻ അതൊന്നും പറയുന്നില്ല. എങ്കിലും അവിടെ നടന്ന കാര്യങ്ങളെപ്പററി പോലീസു മന്ത്രിയും പോലീസു കേന്ദ്രങ്ങളും, പത്രങ്ങളും, പോലീസിനെ സംരക്ഷിക്കാൻ മന്ത്രിയെക്കാൾ കൂടുതൽ വ്യഗ്രതകാണിക്കുന്ന ശ്രീ. ഇ. ജോൺജേക്കബും പറഞ്ഞ കാര്യങ്ങൾ പരസ്പരം നിരക്കാത്തതും വിചിത്രമായിട്ടുള്ളതുമാണ്. ഒരു മാർക്സിസ്ററു അക്ഷൗഹിണി പാവപ്പെട്ട ഒരു കൃഷിക്കാരൻെറ വീട് ആക്രമിക്കാൻ പോകുകയുണ്ടായിയെന്നും, വെറും അഞ്ചുപോലീസുകാരാണ് അതിനെ നേരിടാൻ പോയതെന്നും, അതിൽ തന്നെ രണ്ടുപേരുടെ കൈയിൽ മാത്രമേ റൈഫിൾ ഉണ്ടായിരുന്നുള്ളുവെന്നും, ആണു കഥ. മാർക്സിസ്ററ് അക്ഷൗഹിണിയുടെ അംഗസംഖ്യ ഏറിയുംകുറഞ്ഞും ആണ് പറഞ്ഞത്. ഇതിനെപ്പററി പറയുമ്പോൾ ഷേക്സ്പീയറുടെ വിഖ്യാതകഥാപാത്രമായ ഫാൾസ്ററാഫിനെയാണ് ഓർത്തുപോകുന്നത്. ഫാൾസ്ററാഫ് രാത്രിയിൽ കുറെ പ്രതിയോഗികളുമായി ഒററയ്ക്ക് സംഘട്ടനം ചെയ്തതായി വിവരിക്കുന്നുണ്ട്. നാലുപേർ അദ്ദേഹത്തെ ആക്രമിക്കാൻവന്നുവെന്നും, അതിൽ ആറുപേർ പച്ച ഉടുപ്പിട്ടിരുന്നുവെന്നും ആ എട്ടുപേരേയും കണ്ണിൽ കുത്തിയാൽ കാണാത്ത ഇരുട്ടത്ത് താൻ ഒററയ്ക്ക് നേരിട്ടുവെന്നും, അതിൽ പതിനാറു പേരുടെ കൈയിൽ ആയുധം ഉണ്ടായിരുന്നുവെന്നും, ആ ഇരുപത് പേരെയും ഞാൻ ഒററയ്ക്ക് തള്ളിതാഴെയിട്ടുവെന്നുമാണ് അദ്ദേഹംപറയുന്നത്. ഈ രീതിയിലാണ് ശ്രീ. ജോൺജേക്കബ് തുടങ്ങിയവരുടെ പ്രസ്താവനയിൽ ഇതിലെ അംഗസംഖ്യകളെപ്പററി പറയുന്നത്. അതെല്ലാം പോകട്ടെ, ഒരാളിപ്പോൾ മരണത്തിന് ഇടയായി, കുഞ്ഞുകുഞ്ഞ് എന്നൊരാൾ കോട്ടയം മെഡിക്കൽകോളേജ് ആശുപത്രിയിൽ മരണത്തോടുമല്ലിട്ടുകൊണ്ടു കിടക്കുകയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തെ പരിചരിക്കാൻ അദ്ദേഹത്തിന്റെ ബന്ധുക്കളെ ആരെയും തന്നെ സമ്മതിക്കുന്നില്ല. അവിടെ നൂറു കണക്കിനു രോഗികൾ ഉള്ളപ്പോൾ മരണത്തോടു മല്ലിട്ടുകൊണ്ടിരിക്കുന്ന ഒരാളിനെ സംരക്ഷിക്കാൻ അവിടത്തെ ജോലിക്കാരെക്കൊണ്ടു ശരിക്കും കഴിയുമോ? ആ സംഘട്ടനത്തിൽ പെട്ട പോലീസുകാരന്റെ വെയിനെല്ലാം പൊട്ടിപോയെന്നും രക്തം വാർന്നു പോയിക്കൊണ്ടിരിക്കുകയാണെന്നും പറയുകയുണ്ടായി. ശ്രീ. ജോൺജേക്കബ് പറയുകയുണ്ടായി വെയിനെല്ലാം പൊട്ടി താഴെ വീണത് കിടന്ന പോലീസുകാരൻ എട്ടുപൗണ്ടു തൂക്കമുള്ള തോക്കെടുത്തു കിടന്നുകൊണ്ട് വെടിവച്ചുവെന്ന്. അതെങ്ങിനെ വിശ്വസിക്കാം.

ശ്രീ. ഇ. ജോൺജേക്കബ്: ബഹുമാനപ്പെട്ട മെമ്പർ സ്ഥലത്തുപോയി അന്വേഷിച്ചതിൽ പോലീസുകാരന് വെട്ടുകൊണ്ടില്ലെന്നും, ആ പോലീസുകാരൻ വെടിവച്ചില്ലെന്നുമാണോ മനസിലാക്കിയത്?

ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള: ഞാൻ അവിടെ പോയപ്പോൾ ചെങ്ങന്നൂർ ആശുപത്രിയുടെ വരാന്തയിൽ ആ പോലീസുകാരൻ കിടക്കുകയാണ്. അയാളുടെ കൈയിൽ വാച്ച് കെട്ടിയതുപോലെ രണ്ടു ബാൻഡേജ് ഉണ്ട്. ചെങ്ങന്നൂർ ആശുപത്രിയിലെ മെഡിക്കൽ സൗകര്യം എന്താണെന്നുള്ളതിനെപ്പററി ശ്രീ. ജോൺജേക്കബിനും ശ്രീ. കെ. എം. ജോർജജിനും അറിയാവുന്നതാണ്. ചികിൽസക്കുള്ള സൗകര്യങ്ങൾ വളരെ വളരെ കുറവാണ്. ഈ പോലീസുകാരന് രക്തം കൊടുക്കുന്നുവെന്നാണ് പോലീസ്കേന്ദ്രങ്ങൾ പ്രചരിപ്പിക്കുന്നത്. ആ ആശുപത്രിയിൽ രക്തം കൊടുക്കുന്നതിനുള്ള യാതൊരു സൗകര്യവുമില്ല. പിന്നെ കുത്തുപാളകൊണ്ടു രക്തം കോരികൊടുക്കുകയാണോ ചെയ്യുന്നതെന്നറിഞ്ഞുകൂടാ. ഏതായാലും ചെങ്ങന്നൂർ ആശുപത്രിയെ സംബന്ധിച്ചിടത്തോളം നോക്കുകയാണെങ്കിൽ അവിടെ ഒരു രജിസ്ററർ പോലും ഇല്ലെന്ന് കാണാവുന്നതാണ്.

അതുപോകട്ടെ. ഈ കഴിഞ്ഞ മൂന്നുമാസമായിട്ട് കേരളാകാൺഗ്രസ്സിന്റെ ആളുകൾ പോലീസിനെ കൈയിലെടുത്തുകൊണ്ട് പാവപ്പെട്ട തൊഴിലാളികളെയും മററും മർദ്ദിക്കുകയും വെടിവയ്ക്കുകയും ചെയ്യുകയാണ്.

ശ്രീ. ഇ. ജോൺജേക്കബ്: കേരളാകാൺഗ്രസ്സിന്റെ ആളുകളെന്നു പറയുന്നതിൽ യാതൊരു അർത്ഥവുമില്ല.

ഡെ: സ്പീക്കർ: ആർഡർ, ആർഡർ.

ശ്രീ. പി. ജി. പുരുഷോത്തമൻ പിള്ള: സർ, ഞാൻ വഴങ്ങുന്നില്ല. ഞാനാണ് പ്രസംഗിച്ചുകൊണ്ടുനിൽക്കുന്നത്.

ആയുധശേഖരണത്തെപ്പററി എന്റെ സ്നേഹിതൻ കെ. പുരുഷോത്തമൻ പിള്ള ഇവിടെ പറയുകയുണ്ടായി. ഈ ആയുധശേഖരണം നടത്തുന്നതിനാലാണ് പോലീസിന് അക്രമം പ്രവർത്തിക്കേണ്ടിവരുന്നതെന്നു പറയുകയുണ്ടായി. പക്ഷെ നമുക്കു കാണാൻ സാധിച്ചിട്ടുള്ളത് ഏതേതു പ്രദേശങ്ങളിൽ അവശജനവിഭാഗങ്ങൾ, അധ്വാനിക്കുന്ന ജനവിഭാഗങ്ങൾ അവരുടെ അവകാശങ്ങൾക്കുവേണ്ടി സമരംചെയ്തിട്ടുണ്ടോ അവിടെയെല്ലാമാണ് ഈ അടിച്ചമർത്തലുകൾ നടന്നിട്ടുള്ളതെന്നാണ്. മുതുകുളത്ത് സഖാവ് പി. ആർ. വാസുവിന്റെ മേൽനടന്ന മർദ്ദനം അതിനെയാണ് തെളിയിക്കുന്നത്. അതിനെസംബന്ധിച്ച ഒരു അന്വേഷണം ഇപ്പോൾ നടക്കുകയാണ്. ഈ സംഭവത്തെസംബന്ധിച്ച് വലതു കമ്മ്യൂണിസ്ററു പാർട്ടിയുടെ പത്രമായ ജനയുഗത്തിൽ ഒരു റിപ്പോർട്ടു വന്നു. അതിന്റെ പേരിൽ ആ നാട്ടിലെ ജനങ്ങളുടെ പ്രതിഷേധം വന്നപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അന്നു മർദ്ദിച്ചതിനെയെല്ലാം രക്ഷിച്ചുകൊണ്ട് രണ്ടാമതും ഒരു റിപ്പോർട്ട് പ്രസിദ്ധീകരിച്ചത് നാം കണ്ടതാണ്. ശ്രീമാൻ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് രാജിവച്ച അന്ന് മേൽപ്പാടത്ത് കുട്ടി എന്ന ഒരു മാതാവിനെ പീടികയിൽ കടന്നുചെന്ന് പിടിച്ചിറക്കി തല്ലിക്കൊന്നു. ഇങ്ങനെയുള്ള കൊലപാതകങ്ങൾ നടക്കുന്നതിൽ ഇവർക്ക് യാതൊരു ആക്ഷേപവുമില്ല. പാണ്ടനാട്ട് വെടിവയ്പ്പു നടന്നു. അതിന്റെ പേരിൽ ആയുധങ്ങളും മററും പിടിച്ചെടുക്കാനെന്നുള്ള വ്യാജേന പോലീസ് നായെക്കൊണ്ടുവന്ന് സമീപപ്രദേശത്തുള്ള വീടുകളിലെല്ലാം കയറി ഇറങ്ങി ആളുകളെ മർദ്ദിക്കുകയാണ്. പോലീസ് നായിൽ പോലീസുകാർക്കുതന്നെ വലിയ വിശ്വാസമൊന്നുമില്ലെങ്കിലും അവർ അതിനെയും കൊണ്ടുനടന്ന് വീടുകളിൽ കയറി ഇറങ്ങി ആളുകളെ മർദ്ദിക്കുന്നു. ഇതുപോലെ ഒന്നു രണ്ടു സംഗതികൾകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും പോലീസ് മന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്.

കേസ്സിനെപ്പററി അന്വേഷണം നടത്തേണ്ടത് ആവശ്യമാണ്. അതിനുവേണ്ടി ആളുകളെ കസ്ററഡിയിൽ എടുക്കേണ്ടതും ആവശ്യമായിരിക്കാം. എന്നാൽ നടുറോഡിലിട്ട് മർദ്ദിക്കുന്നതിന് എന്തുന്യായീകരണമാണുള്ളത്. ചായക്കടനടത്തിക്കൊണ്ടിരുന്ന പൗലോസ് എന്ന ഒരു കാർഷികത്തൊഴിലാളിയെ ഒരു വീട്ടിൽവച്ച് അറസ്ററുചെയ്തു. പാണ്ടനാട്ട് ഹൈസ്ക്കൂൾ ടീച്ചർ ശ്രീ. ചന്ദ്രചൂഡന്റെ വീട്ടിൽവച്ചാണ് അയാളെ അറസ്ററുചെയ്തത്. അറസ്ററ് ചെയ്ത് അവിടെ ഇട്ടു മർദ്ദിച്ചു. അവിടത്തെ എൺപതു വയസ്സായ കാരണവർ ശങ്കരത്തു കൃഷ്ണപിള്ള കസ്ററഡിയിൽ എടുത്ത ആളെ മർദ്ദിക്കുന്നതു ന്യായമാണോയെന്നു ചോദിച്ചപ്പോൾ പോലീസ് അദ്ദേഹത്തോടു തട്ടിക്കയറുകയാണു ചെയ്തത്. ഇതിനു കാരണക്കാർ ശ്രീമാൻ ഇ. ജോൺ ജേക്കബിന്റെ പാർട്ടിയിൽപ്പെട്ടവരാണ്. ഇവരെ പോലീസ് ക്യാമ്പിൽ കൊണ്ടുപോയതിനുശേഷവും അതികഠിനമായി മർദ്ദിച്ചു. ഈ കേസ്സു വന്നതിനു ശേഷം ഇവർ പിന്നെ ആരെയെങ്കിലും ഭീഷണിപ്പെടുത്തിയോയെന്നറിഞ്ഞുകൂട.

70—ം 80—ം വയസ്സുള്ള കാളി, ഫിലിപ്പോസ് എന്നിവർ പെരിങ്ങോട് കുടിൽ കെട്ടിക്കൊണ്ടിരിക്കുമ്പോൾ അവരെ പിടിച്ചിറക്കി നുടുറോഡിലിട്ടു മർദ്ദിച്ചു. അതുപോലെതന്നെ ഈ സ്ഥലത്തിനടുത്ത് ചായക്കട നടത്തിക്കൊണ്ടിരുന്ന ദാമോദരൻ എന്നൊരാളെ ക്രൂരമായി മർദ്ദിച്ചു. ഇത് ഏതു നിയമപ്രകാരമാണെന്നു മനസ്സിലായില്ല.

നിയമം പറയുന്നത് പ്രതി കുററക്കാരനാണെന്ന് കോടതി വിധിക്കുന്നതുവരെ പ്രതി നിരപരാധിയാണെന്ന് കൽപ്പിക്കണമെന്നാണ്. എന്നാൽ അത്തരത്തിലുള്ള ഒരു സമീപനം ഈ ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ജനുവരി 20—ാം തീയതിയായിരുന്നു ചെറുനാട് സഖാവ് ഇടശ്ശേരിത്തറ ശിവരാമനെ വെടിവച്ചു കൊന്നത്. അതോടൊപ്പംതന്നെ 20 കാർഷികത്തൊഴിലാളികളുടെ വീട് ആക്രമിച്ച് വാഴയും കപ്പയും മററും തകർത്തു. അതുപോലെതന്നെ 70 വയസ്സോളം പ്രായമുള്ള ഒരു വൃദ്ധനെയും അയാളുടെ 13 വയസ്സുള്ള കൊച്ചു മകളെയും വടിവാൾകൊണ്ട് വെട്ടിവീഴ്ത്തി. അയാളെയും മക്കളെയും ഉപദ്രവിച്ചത് കേരളാകാൺഗ്രസ്സുകാരാണെന്നോ അല്ലന്നോ ഞാൻ പറയുന്നില്ല. ഞാൻ ഇതു രണ്ടും പറയുന്നില്ല, ജോൺ ജേക്കബിന്റെ സമാധാനത്തിനുവേണ്ടി. ഇവിടെ ഇതിനെസംബന്ധിച്ച് അന്വേഷണം നടത്തുകയോ ആയുധം എടുക്കുകയോ ചെയ്തിട്ടുണ്ടോ? അവിടെ ഒരു നായുടെയും അന്വേഷണമില്ല. ഈ കേസ്സിലെ പ്രതികൾ ഏഴുന്താണി വലയിൽ നാണുപിള്ളയും കുന്നിനേത്തു വേലായുധക്കാർണവരും

LIBRARY ARCHIVES Kerala Legislative Assembly

എഫ്. ഐ. ആർ.-ൽ പേരുവന്നവരാണ്. എന്നാൽ ഇപ്പോൾ അവരെ പ്രതിസ്ഥാനത്തുനിന്നും ഒഴിവാക്കാൻ ഏററവും ഉയർന്ന തലത്തിൽ തീരുമാനിച്ചിരിക്കുകയാണ്. ഇതിനെപ്പററി ബഹുമാനപ്പെട്ട പോലീസ്മന്ത്രി അന്വേഷിക്കാൻ തയ്യാറുണ്ടോ? ഈ അടുത്തദിവസം ആലപ്പുഴ തൈക്കാട്ടുശ്ശേരിക്കടുത്ത് നൂററി അമ്പതോളം കുടുംബങ്ങളെ പലായനം ചെയ്യിച്ചു. ഇതിനെപ്പററിയൊക്കെ പറയുമ്പോൾ മന്ത്രിയുടെ നേരെ ആക്രമണം ഉണ്ടായി എന്ന് മന്ത്രം ചൊല്ലുമ്പോൾ പ്രണവം പറയുന്നതുപോലെ പറഞ്ഞുനടക്കുന്നുണ്ടല്ലോ ഈ പറഞ്ഞതുപോലുള്ള സംഭവങ്ങളെപ്പററി അന്വേഷിക്കാത്തതെന്താണ്? അവരുടെ ജീവനു രക്ഷവേണ്ടേ, ശിവരാമനു രക്ഷവേണ്ടേ, തൈക്കാട്ടുശ്ശേരിയിലെ ആളുകൾക്ക് രക്ഷവേണ്ടേ. പറാലിലെ 92 കുടുംബങ്ങളെ ചുട്ടുകരിച്ചു. തെങ്ങിൽ മരുന്നടിക്കുന്ന യന്ത്രത്തിൽ പെട്രോൾ ഒഴിച്ച് സ്പ്രേചെയ്ത് തീവച്ചാണ് നശിപ്പിച്ചത്. അതിന് ഇപ്പോഴത്തെ അവിടത്തെ മുനിസിപ്പൽ ചെയർമാൻ നേതൃത്വം കൊടുത്തു. അങ്ങനെ നശിപ്പിക്കപ്പെട്ട 92 കർഷകത്തൊഴിലാളികളുടെ വീടുകൾക്ക് രക്ഷവേണ്ടേ. ഇത്രമാത്രം ജനപിൻതുണയുള്ള ഇത്രമാത്രം ജനസമ്മതിയുള്ള മറെറാരു ഗവൺമെൻറില്ലെന്നാണ് പറയുന്നത്. ഏതാണ് നിങ്ങളുടെ ജനങ്ങൾ, നിങ്ങളുടെ ജനങ്ങൾ കുന്നിനകത്ത് വേലായുധകാർണവരെപ്പോലെയുള്ളവരാണ്. ഈ ഡമോക്രസി എന്ന വാക്ക് ഗ്രീസിൽനിന്നും വന്നതാണ്. അവിടെ പരസഹസ്രം അടിമകളുണ്ടായിരുന്നു. അവർ അനീതിയിൽനിന്നും രക്ഷപ്പെടാൻ ഓടി ഒളിക്കുമായിരുന്നു. പക്ഷെ അവരെ പിടിച്ചുകൊണ്ടുവന്ന് സിംഹത്തിൻെറ മുമ്പിൽ തള്ളിയിട്ട് ജനാധിപത്യവാദികൾ കൈക്കൊട്ടി ചിരിക്കുമായിരുന്നു. അതുപോലെതന്നെ റോമിൽ ബ്രൂട്ടസ്സാണ് ജൂലിയസ് സീസറെ കുത്തിക്കൊന്നത്. ജനാധിപത്യത്തെ രക്ഷിക്കാനാണ്. പക്ഷെ അവിടത്തെ Particians അല്ലാതെ Plebians എന്തെങ്കിലും അവകാശങ്ങൾ ഉണ്ടായിരുന്നോ? അതുപോലെ ജനങ്ങളെപ്പററിയും ജനസമ്മതിയപ്പെററിയും ജനപിൻതുണയെപ്പററിയും പറയുന്ന നിങ്ങളുടെ സ്വന്തം ജനങ്ങളല്ലാതെ വേറെയുംകുറെ ജനങ്ങളുണ്ട്. അവരെ ആക്രമിച്ചുകൊണ്ടും അടിമകളെകൊല്ലുന്നതുപോലെ വെടിവച്ചുകൊന്നും ഈ ഭരണം തുടരാമെന്നു വിചാരിക്കരുത്. അതിനെതിരായി ഉഗ്രമായ ജനരോഷം ആളിക്കത്തുന്നുണ്ട്. പാണ്ടനാട്ടുനടന്ന അക്രമത്തിൽ പ്രതിഷേധിക്കാൻ ഈ അടുത്തദിവസം ഒരു പ്രതിഷേധയോഗം കൂടുന്നുണ്ട്. ഞാൻ വെല്ലുവിളിക്കുന്നു ശ്രീമാൻ അച്യുതമേനോനെയും ശ്രീമാൻ സി. എച്ച്. മുഹമ്മദുകോയയേയും അവിടെ വന്ന് അവിടത്തെ ജനങ്ങളെ ഒന്നു കാണാൻ അവരുടെ മുഖത്ത് ഒന്നു നോക്കാൻ നിങ്ങൾക്കു ധൈര്യമുണ്ടോ? ഈ കാര്യങ്ങളെപ്പററിയൊക്കെ പറയുമ്പോൾ അക്രമങ്ങൾ നടത്തിയ പോലീസുകാർ, ക്രിമിനൽ കുററംചെയ്ത പോലീസുകാർ എഴുതിത്തരുന്ന കടലാസ്സുകൾ വായിക്കുന്നതല്ലാതെ അതിനെപ്പററി അന്വേഷിക്കാൻ നിങ്ങൾ തയ്യാറായിട്ടുണ്ടോ? ജുഡീഷ്യൽ അന്വേഷണം നടക്കുന്നുണ്ടെന്ന് ഇവിടെ പറയുന്നതു കേട്ടു. കേസന്വേഷണത്തിൻെറ പേരിൽ പാണ്ടനാട്ടുനടക്കുന്ന ആക്രമത്തെ സംബന്ധിച്ച് അന്വേഷിക്കാൻ തയ്യാറുണ്ടോ. ഈ കാര്യം ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയെ നേരിട്ടുകണ്ട് അറിയിക്കുകയുണ്ടായി. അപ്പോൾ സുശക്തമായ നടപടികളെടുക്കാമെന്ന് അദ്ദേഹം സമ്മതിക്കുകയും ചെയ്തു. ഞാൻ അതിനെ മുഖവിലയ്ക്കുതന്നെ എടുക്കുന്നു. അദ്ദേഹം പറയുന്നത് ഒരു വശത്തെപ്പററി മാത്രമാണ്. ആയുധശേഖരണത്തെപ്പററിയൊക്കെ പറയുന്നുണ്ട് അവിടെനിന്നും എങ്ങനെയാണ് ആയുധം ശേഖരിച്ചതെന്ന് അറിയാമോ? സമീപപ്രദേശങ്ങളിലുള്ള വീടുകളിലെല്ലാം ചെന്നു കയറി അവിടെ കിടന്നു ഇരുമ്പും മററു വീട്ടു സാധനങ്ങളുമൊക്കെയാണ് എടുത്തിരിക്കുന്നത്. ഇതെല്ലാം വച്ചുകൊണ്ട് കേസ്സും സൃഷ്ടിച്ചിട്ടുണ്ട്. അതും പോരാഞ്ഞിട്ട് സമീപവാസികളെയെല്ലാം കസ്ററഡിയിൽ എടുക്കുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിന്റെ പത്തിൽ ഒരു അംശം ഊർജിതംപോലും ശിവരാമനെ വെടിവച്ചുകൊന്ന കേസ്സിൽ കാണിച്ചില്ല. ഈ മാർച്ച് നാലാംതീയതി ചെന്നിത്തല നടന്ന ഒരു സംഭവമുണ്ട്. ആ കേസ്സിലെ പ്രതികൾ കേരളകാൺഗ്രസ്സുകാരാണോയെന്ന് എനിക്ക് അറിഞ്ഞുകൂട. കോട്ടപ്പുറത്ത് ചെറിയാൻ എന്നു പറയുന്ന ഒരു വക്കീലാണ് ഇതിലെ പ്രമുഖൻ. 2 കാലും തളർന്നതാകയാൽ ഇഴഞ്ഞുനടക്കുന്ന ഒരു പെൺകുട്ടിയെ മർദ്ദിച്ചു. 10—ം 12—ം വയസ്സു പ്രായമുള്ള രണ്ടു ആൺകുട്ടികളോടുചെയ്ത കാര്യം എങ്ങനെ പറയും. ഐ. പി. സി. 377—ാം വകുപ്പിൻപ്രകാരമുള്ള കുററം ആണ് ചെയ്തത്. അതിനെപ്പററി അന്വേഷിക്കാൻ തയ്യാറുണ്ടോ? ബഹുമാനപ്പെട്ട അച്യുതമേനോനെക്കൊണ്ടു കഴിയുമായിരുന്നെങ്കിൽ ഒരു പക്ഷെ അന്വേഷിക്കുമായിരുന്നു. എന്നാൽ അദ്ദേഹത്തെക്കൊണ്ടു കഴിയുകയില്ല. കേരളകാൺഗ്രസ്സിന്റെ ഇച്ഛയ്ക്കു വഴങ്ങാതെ നിവൃത്തിയില്ല. അദ്ദേഹത്തിന്റെ മുഖ്യമന്ത്രിസ്ഥാനം കൊട്ടാരക്കരയിൽ കേരളാകാൺഗ്രസ്സിന്റെ കൈയിൽ ഇരിക്കുകയാണ്. ഇതിൽ കൂടുതലായിട്ടൊന്നും എനിക്കു പറയാനില്ല. ഇത് എത്ര കാലം ഇങ്ങനെ നീട്ടിക്കൊണ്ടുപോകാൻ സാധിക്കുമെന്നു നിങ്ങൾ ആലോചിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ എം. രാമുണ്ണി:</u> സർ, പോലീസിന്റെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. പോലീസിനെപ്പററി അവരുടെ പെരുമാററങ്ങളെപ്പററി ഗവർമ്മെൻറ് പോലീസിനെ നിയന്ത്രിക്കുന്നതിനെപ്പററി എന്തെങ്കിലും പറഞ്ഞിട്ട് കാര്യമുണ്ടെന്നു തോന്നുന്നില്ല. എങ്കിലും ആമുഖമായി ഒരു കാര്യം പറഞ്ഞുകൊണ്ട് കാര്യങ്ങളിലേയ്ക്കു കടക്കാം.

സർ, പോലീസിന്റെ അഴിഞ്ഞാട്ടം നഗ്നമായ അക്രമം കേരളത്തിലുടനീളം നടക്കുന്നതിന്റെ ഉത്തരവാദി സഖാവ് നമ്പൂതിരിപ്പാടാണെന്ന്, അദ്ദേഹത്തിന്റെ പ്രഖ്യാപനങ്ങൾ ആണെന്ന് ആണ് ഭരണകക്ഷി അംഗങ്ങളും ഗവർമ്മെൻറും വാതോരാതെ പ്രസംഗിച്ചുനടക്കുന്നത്. സർ, നമ്പൂതിരിപ്പാട് എന്തോ ചില പ്രസ്താവനകൾ നടത്തിയെന്നുള്ളതു ശരിയാണ്. പക്ഷെ അതുമാത്രമാണോ സർ കാരണം? ബഹുമാനപ്പെട്ട ആഭ്യന്തരകാര്യമന്ത്രി ഒരിക്കൽ ഉത്തരം പറഞ്ഞത് ''ഇത് 69 നവംബർ ആണെന്നു ഓർമ്മയിരിക്കട്ടെ'' എന്നാണ്. സർ, ഈ പ്രഖ്യാപനം ശ്രീമാൻ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ പ്രഖ്യാപനത്തെ കുററംപറയുന്ന* കേരളത്തിലെ ആഭ്യന്തരകാര്യമന്ത്രി, ഡയനാമെററും തോക്കും പട്ടാളവും സി.ആർ. പി. യും ഒക്കെ കൈവശമുള്ള ആഭ്യന്തരകാര്യമന്ത്രി ചെയ്തതാണ്. ''1969 നവംബർ ആണെന്ന് ഓർമ്മഇരിക്കട്ടെ'' എന്ന്. ഈ പ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ ഭരണകക്ഷിയിലെ ആളുകൾ പോലീസിന്റെ സഹായം തേടിക്കൊണ്ട് മററു പാർട്ടി അനുഭാവികളെ മർദ്ദിച്ചൊതുക്കുകയും കൊലചെയ്യുകയും ചെയ്യുകയാണ്. അധികാരം ദുർവിനിയോഗം ചെയ്തുകൊണ്ട് ഭരണകക്ഷിയിലെ ആളുകൾ ഇത്തരം നടപടികൾചെയ്യുന്നതു ശരിയാണോയെന്നു ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട ആഭ്യന്തരകാര്യമന്ത്രിയുടെ പ്രസ്താവന ഒന്നുമാത്രമാണ് പോലീസിന്റെ ഈ അഴിഞ്ഞാട്ടത്തിന് കാരണമായിത്തീർന്നതെന്ന് ഉറപ്പിച്ചുതറപ്പിച്ചു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇതിൽ കൂടുതലൊന്നും ഞാൻ അതിനെപ്പററിപറയുന്നില്ല.

സർ, കഴിഞ്ഞ ഒരുദിവസം പോലീസിനെപ്പററിയുള്ള വിമർശനത്തിന് മറുപടി പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട ആഭ്യന്തരകാര്യമന്ത്രി പറഞ്ഞത് ''അവർ മൂകരായ ബലിമൃഗങ്ങളാണെന്നാണ്'' ആഭ്യന്തരകാര്യമന്ത്രിയുടെ ഈ പദപ്രയോഗം വളരെ ശരിയാണെന്നും പോലീസുദ്യോഗസ്ഥൻമാരുടെ അവശതകൾ പരിഹരിക്കാൻ എന്തെങ്കിലും ഒരു ഉപാധിയുണ്ടാക്കണമെന്നും

LIBRARY ARCHIVES Kerala Legislative Assembly

ആത്മാർത്ഥമായും വളരെ ശക്തിയായും വാദിച്ചുകൊണ്ടുനിൽക്കുന്ന ഒരു പാർട്ടിയുടെ പ്രതിനിധിയാണ് ഞാൻ. സർ, കേരളത്തിലെ പോലീസുദ്യോഗസ്ഥൻമാർ മാത്രമല്ല ഇൻഡ്യയിൽ അങ്ങോളമിങ്ങോളമുള്ള പോലീസുദ്യോഗസ്ഥൻമാർ അവരുടെ അവശതകൾ പരിഹരിക്കുന്നതിനുവേണ്ടി എന്തെങ്കിലും ഒരു മെഷീനറി ഉണ്ടാക്കണമെന്നു പറഞ്ഞുതുടങ്ങിയിട്ട് കാലം കുറെയായി. പക്ഷെ, ഒരു ഗവർമ്മെൻറും പോലീസിനെ ജനങ്ങൾക്കെതിരായി ഉപയോഗിക്കുന്ന ഒരു ഗവർമ്മെൻറും പോലീസുകാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ പല ആക്ഷേപങ്ങളുമുണ്ടായിട്ടും അവരുടെ അവശതകൾ പരിഹരിക്കുന്നതിനോ അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനോ എന്തെങ്കിലും ഒരു പരിഹാരമാർഗ്ഗം കണ്ടുപിടിക്കാത്തതിൽ ഞങ്ങൾക്ക് അതിയായ ഖേദമുണ്ട്. എന്റെ പാർട്ടിയുടെ ചെയർമാൻ ആഭ്യന്തരകാര്യമന്ത്രിയോടു ചോദിക്കുകയുണ്ടായി അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ എന്തെങ്കിലും ഉപാധികൾ ഗവർമ്മെൻറിനു വയ്ക്കാനുണ്ടോയെന്ന്. ആ ചോദ്യത്തിൽ ബഹുമാനപ്പെട്ട ആഭ്യന്തരകാര്യമന്ത്രി വലിയ താൽപ്പര്യം കാണിച്ചില്ല. ഈ രാജ്യത്തെ ജനങ്ങളിൽനിന്നും അകന്നുനിന്നുകൊണ്ട് പോലീസിനെ ഉപയോഗിച്ച് ജനങ്ങളെ കൊല്ലുന്ന ഈ ഗവർമ്മെൻറിനോട് ഞാൻ വിനയാന്വിതനായി ചോദിക്കുകയാണ് അവരുടെ അവശതകൾ പരിഹരിക്കാനും അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനും എന്തെങ്കിലും അടിയന്തിരമായി ചെയ്യാൻ നിങ്ങൾ തയ്യാറുണ്ടോയെന്ന്. അവർക്ക് വീടുകളില്ല, യാത്രാ സൗകര്യങ്ങളില്ല. അങ്ങനെ അനേകായിരം പരാധീനതകൾ അവർക്കുണ്ട്. സംഘടനാ സ്വാതന്ത്ര്യം കൊടുക്കുന്നതിൽ പല അഭിപ്രായങ്ങളും ആക്ഷേപങ്ങളും ഉണ്ടാകുമെന്നുള്ളതുകൊണ്ട് ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. അതുകൊണ്ട് ഇവരുടെ അവശതകൾ പരിഹരിക്കുന്നതിനും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടി എന്തെങ്കിലും ഏർപ്പാടുണ്ടാക്കണമെന്ന് ഈ ഗവർമ്മെൻറിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർ, ഈ പോലീസ് ഉദ്യോഗസ്ഥൻമാരിൽത്തന്നെ, സാധാരണകാൺസ്ററബിൾമാരിൽത്തന്നെ കുറെയധികം ഗ്രാഡുവേററുകളുണ്ട്. ഈ ഗ്രാഡുവേററു പോലീസുകാർക്ക് പ്രമോഷന് ആവശ്യമായ ഏർപ്പാടുകൾ ഇന്ന് വളരെ വിരളമാണ്. പലർക്കും നാൽപ്പതുവയസ്സുകഴിഞ്ഞാൽ പ്രമോഷൻ ലഭിക്കാൻ വലിയ പ്രയാസമാണ്. പ്രമോഷൻ കിട്ടാൻ യാതൊരു സാധ്യതയുമില്ല. അതുകൊണ്ട് ഈ കാര്യം വളരെ അനുഭാവപൂർവ്വം പരിഗണിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ഈ ഗ്രാഡുവേററു് പോലീസുകാർക്ക് സബ് ഇൻസ്പെക്ടറായി വരാൻ കഴിയത്തക്കവിധത്തിൽ പ്രായ പരിധിയിൽ ഇളവ് അനുവദിക്കണമെന്നാണ് എന്റെ പ്രധാനമായ അഭിപ്രായം. ഏതെങ്കിലും വിധത്തിൽ അവർക്ക് കുറച്ചു ആനുകൂല്യം ഈ കാര്യത്തിൽ ചെയ്തുകൊടുക്കാൻ തയ്യാറാകണം.

സർ, കഴിഞ്ഞ ഒരു ദിവസം ഞാൻ ഒരുകാര്യം ഇവിടെ പറയുകയുണ്ടായി. കോഴിക്കോട്ട് പോലീസുദ്യോഗസ്ഥൻമാരുടെ സ്ഥലം മാററത്തെപ്പററി. നമ്മുടെ ആഭ്യന്തരകാര്യമന്ത്രിയുടെ മറുപടിയിൽ ''എന്റെ ഭാര്യ, പിഞ്ചോമന മക്കൾ'' എന്നൊക്കെ പറഞ്ഞപ്പോൾ എനിക്ക് ആവേശംതോന്നി സർ, സ്കൂൾ വർഷത്തിലല്ലാതെ വരുമ്പോൾ ഇങ്ങനെയുള്ള ട്രാൻസ്ഫർകൊണ്ട് പല ബുദ്ധിമുട്ടുകളും ഈ പോലീസ് ഉദ്യോഗസ്ഥൻമാർക്ക് ഉണ്ടാകും. അവരുടെ പിഞ്ചോമന മക്കളുടെ പഠിത്തത്തിനും സാരമായ തടസ്സം സംഭവിക്കും.

2/3021/MC

LIBRARY ARCHIVES Kerala Legislative Assembly

സർ, ഞാൻ ഒരുദാഹരണം പറയാം. കോഴിക്കോട് ഡി. വൈ. എസ്.
10 A. M. പി. ആയിരുന്ന അബ്ദുള്ളാഷാഫിയെ ഒരു സുപ്രഭാതത്തിൽ അവിടെനിന്നു പിടിച്ചുമാററി. എന്താണ് അതിനുകാരണം? ഒരു മുസ്ലിംലീഗ് ഉടമസ്ഥന്റെ ഹോട്ടലിൽ ഈയിടെ അവിഹിതബന്ധങ്ങൾ നടന്നു എന്നതിന്റെപേരിൽ ഒന്നു പരിശോധിച്ചതിനാണ് സ്ഥലംമാററിയത്. പരിശോധിച്ചപ്പോൾ തന്നെ അവർ പറഞ്ഞു, തന്നെ 24 മണിക്കൂർകൊണ്ട് സ്ഥലം മാററുമെന്ന്. ആ സമയം ആകുന്നതിനുമുമ്പുതന്നെ മാററി. അബ്ദുള്ളാ ഷാഫിയെ അങ്ങനെ സ്ഥലംമാററുന്നതിന് ഞാൻ എതിരല്ല. മന്ത്രിമാരുടെ ഇംഗിതമനുസരിക്കാത്ത പോലീസുദ്യോഗസ്ഥൻമാരെ ഈ കാലഘട്ടത്തിലല്ല മററെല്ലാ കാലഘട്ടങ്ങളിലും മാററിയിട്ടുണ്ട്. അങ്ങനെ മാററുമ്പോൾ അവരുടെ പിഞ്ചോമനമക്കളുടെ പഠിപ്പിന്റെ സൗകര്യംകൂടി—മാററുന്ന ഉദ്യോസ്ഥൻമാരുടെ കാര്യത്തിൽ—ഗവൺമെന്റ് പരിഗണിക്കണമെന്നാണ് ഞാൻ പറയുന്നത്. അബ്ദുള്ളാഷാഫി അവിടെ വന്നപ്പോൾ വാസ്തവത്തിൽ അവിടെ അവിഹിത ഏർപ്പാടുകൾ—എല്ലാപട്ടണങ്ങളിലും നടക്കുന്നുണ്ടെങ്കിലും നിർബാധം നടന്നുകൊണ്ടിരിക്കുകയായിരുന്നു. കോഴിക്കോട്ടു പട്ടണത്തിലാണെങ്കിൽ അബ്ദുള്ളാഷാഫി അവിടെ വന്നശേഷം പ്രത്യേക താൽപ്പര്യം എടുത്ത് അതൊക്കെ നിറുത്തി വരികയായിരുന്നു. കാലതാമസമുണ്ടായില്ല, തൽപ്പരകക്ഷികൾ ഡി. വൈ എസ്. പി. യെമാററി. ഞാൻ വളരെ വിനീതമായി ആഭ്യന്തരകാര്യമന്ത്രിയോടു ചോദിക്കുകയാണ് അബ്ദുള്ളാഷാഫിയെ വീണ്ടും കോഴിക്കോട്ടുതന്നെ മാററാൻതയ്യാറാകാമോ എന്ന്.

ശ്രീ. ആർ. എസ്. ഉണ്ണി.: പൊതുധനാഭ്യർത്ഥനയുടെ ചർച്ചയിൽ സ്ഥലം മാററംപോലുള്ള കാര്യങ്ങൾക്ക് നിവേദനം നടത്തുന്നത് ഓർഡറിലാണോ?

ശ്രീ. എം. രാമുണ്ണി: ഇതൊരു നിവേദനമല്ല. വ്യക്തമായ, നഗ്നമായ അനീതി ഒരുദ്യോഗസ്ഥനോടു കാണിച്ചിരിക്കുന്നു എന്നതിനുദാഹരണമാണ്. അല്ലാതെ ആ ഉദ്യോഗസ്ഥനോട് എനിക്ക് യാതൊരു മമതയുമില്ല. ജീരകപ്പാറയിൽ ഒരു പോലീസുദ്യോഗസ്ഥൻ ഉണ്ടായിരുന്നു. സി. ആർ. പി. യുടെ പെരുമാററത്തെ എതിർത്ത ആളാണ്. അതുകൊണ്ട് അയാളെ അവിടെനിന്നും മാററി. പോലീസ് ഉദ്യോഗസ്ഥൻമാർ നീതി പുലർത്തണമെന്നാഗ്രഹിക്കുന്ന പോലീസുദ്യോഗസ്ഥൻമാരെ പലരെയും സ്ഥലംമാററിയിട്ടുണ്ട്. അതുപോലെതന്നെ ഇടത്തൂർ പോലീസ് സ്റേറഷനിൽനിന്നും ശ്രീമാൻ മുഹമ്മദുകുട്ടിയെസ്ഥലംമാററി ഇടത്തൂർ പോലീസ്സ്റേറഷൻ അവിടത്തെ പ്രമാണികളുടെ കൈയിലമർന്നിട്ട് കാലം കുറെയായി. അവിടത്തെ പിന്നോക്കജാതിക്കാർ, ഈഴവർ തുടങ്ങിയവർ വളരെയധികം വിഷമിച്ചുകഴിയുന്ന കാലഘട്ടത്തിലാണ് അദ്ദേഹം വന്നത്. ഇത് കുറെയെല്ലാം ശരിയായി വന്നപ്പോൾ ആരുടെ താൽപ്പര്യത്തിനുവേണ്ടിയാണ് അദ്ദേഹത്തെ അവിടെനിന്നും മാററിയത്. എവിടെയെങ്കിലും എന്തെങ്കിലും ജനാധിപത്യപരമായി ജനങ്ങളുടെ താൽപ്പര്യങ്ങൾ നോക്കിക്കൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥൻമാരെ ഈ ഗവൺമെന്റ് സ്ഥലം മാററിക്കൊണ്ടിരിക്കുകയാണ്.

സർ, അതുപോലെതന്നെ പിരിച്ചുവിട്ട എസ്. ഏ. പി. ക്കാർ, എം. എസ്. പി. ക്കാർ ഇവരെയൊക്കെ പോലീസിൽ ഒഴിവുള്ള സന്ദർഭങ്ങളിൽ എടുക്കണമെന്ന് ഈ അസംബ്ലിയിൽ പലപ്പോഴും പറഞ്ഞിട്ടുതാണ്. അവരെ എടുക്കണമെന്ന് ഐ. ജി. നിർദ്ദേശം നൽകിയതായി അറിയുന്നു. എന്നാൽ ഇന്നേവരെ ആരേയും എടുത്തിട്ടില്ല. ഈ ബഡ്ജററ് അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറയുകയുണ്ടായി ഇവിടെ പോലീസ് പോരാഞ്ഞിട്ട് പോലീസിലേക്ക് റിക്രൂട്ടു

LIBRARY ARCHIVES Kerala Legislative Assembly

മെൻറ് നടത്താൻ ഉദ്ദേശിക്കുന്നു എന്ന്. ഞാൻ ഗവൺമെൻറിനോടു പറയാം ഞാനാഗ്രഹിക്കുന്നത് പിരിച്ചുവിട്ട എസ്. ഏ. പി. ക്കാർക്കും, എം. എസ്. പി. ക്കാർക്കും മുൻഗണന കൊടുക്കാൻ ഈ ഗവൺമെൻറ് തയ്യാറാകണമെന്നാണ്. അതുപോലെതന്നെ ഹോംഗാർഡിലുള്ള ആളുകളും കാണാം. അങ്ങനെ കുറെയൊക്കെ പോലീസിൻെറ പ്രവർത്തനവുമായി ബന്ധപ്പെട്ട ആളുകളെ പ്രത്യേകിച്ച് എസ്. ഏ. പി. എം. എസ്. പി. പോലെയുള്ള ആളുകളെ ഈ ഒഴിവിലേക്ക് നിയമനം നടത്തി പോലീസ് സേന ശക്തിപ്പെടുത്താൻ തയ്യാറാകുമോ എന്നു ഞാൻ ചോദിക്കുകയാണ്. ഈ കൂട്ടത്തിൽ ഒരുകാര്യം പറയാനുള്ളത് പോലീസ് സേനയിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ശതമാനം ഇന്നു വളരെ കുറവാണ്. പോലീസിൽ ഇങ്ങനെയുള്ള കുറെയാളുകളുണ്ടെങ്കിൽ കുറെയൊക്കെ കാര്യങ്ങൾ അവർക്ക് നടത്താൻ പററും. അതുകൊണ്ട് പോലീസിൽ ഹരിജനങ്ങൾക്കും പിന്നോക്കവർഗ്ഗക്കാർക്കുമുള്ള കുറവു നികത്തണം.

അതുപോലെ മുസ്ലീംസിനെ പണ്ടുകാലങ്ങളിൽ പോലീസിൽ പ്രവേശിപ്പിക്കാൻ പാടില്ലാത്ത കാലമുണ്ടായിരുന്നു. ഇന്ന് ഈ കുറവു നികത്താൻ ആഭ്യന്തരകാര്യമന്ത്രി ശ്രദ്ധിക്കണം. മുസ്ലീം സമുദായത്തിന് ഇതിൽ കയറിക്കൂടാൻ പാടില്ലാത്ത ഡിപ്പാർട്ടുമെൻറായി നിറുത്താൻ പാടില്ല. അതുകൊണ്ട് ഹരിജനങ്ങൾക്കും പട്ടികജാതിക്കാർക്കും മുസ്ലീംങ്ങൾക്കും പ്രാതിനിധ്യംകൊടുത്തുകൊണ്ട് റിക്രൂട്ടുമെൻറ് നടത്താൻ ഗവൺമെൻറ് കാര്യമായി ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

അതുപോലെതന്നെ ഡി. വൈ. എസ്. പി. മാർക്ക് റസിഡൻസ് കം ആഫീസ്, ആഫീസും അവരുടെ വീടും ഒന്നായിട്ട് എവിടെയെങ്കിലും ഉള്ളതായി കേട്ടിട്ടില്ല. പക്ഷേ ഒരു സ്ഥലത്തുണ്ട്. മൂവാററുപുഴയിൽ ബഹുമാനപ്പെട്ടമന്ത്രി ശ്രീമാൻ കെ. എം. ജോർജ്ജിൻെറ വീട്ടുനടയിൽ ഇങ്ങനെ ഡി. വൈ. എസ്. പി. യുടെ ആഫീസും വീടും ഒന്നാക്കി വച്ചിരിക്കുകയാണ്. എന്തിനാണു സർ ഇത്? ബഹുമാനപ്പെട്ട ആരോഗ്യവകുപ്പു മന്ത്രിയുടെ വീട്ടിൽ പാറാവ് ഏർപ്പെടുത്താനുള്ള ഗവൺമെൻറിൻെറ മനസ്സാക്ഷിക്കുത്തിൻെറ ഒരു വളഞ്ഞ വഴിയാണ് ഇത്. ഡി. വൈ. എസ്. പി. യുടെ വീട്ടിൽ ആഫീസുകൂടി ഏർപ്പെടുത്തിയിരിക്കുന്നു. രണ്ടുകാര്യങ്ങളായി. മന്ത്രിയുടെ വീട്ടിൽ പാറാവുമായി, ഡി വൈ. എസ് പി. യുടെ വീട്ടിൽ ആഫീസുമായി. ഇങ്ങനെ രണ്ടു കാര്യങ്ങൾ ഒററയടിക്കു നടത്താൻ ഒരു വളഞ്ഞമാർഗ്ഗം ഉപയോഗിച്ചിരിക്കുകയാണ്. വേറെ എന്തിനെങ്കിലുമാണോ സർ ഈ ഏർപ്പാട്. വേണമെങ്കിൽ ഗവൺമെൻറ് ആരോഗ്യ മന്ത്രിയുടെ വീട്ടിൽ പാറാവ് ഏർപ്പെടുത്തണം സർ.

ഡെ. സ്പീക്കർ: ശ്രീ. കെ. എം. ജോർജ്ജ് മന്ത്രിയാകുന്നതിനു മുൻപും അങ്ങനെയാണ്. എനിക്കു നേരിട്ടറിയാവുന്ന കാര്യമാണ്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: മൂവാററുപുഴയിൽ മാത്രമല്ല വേറെ പലയിടത്തുമുണ്ട്.

ശ്രീ. എം. രാമുണ്ണി: മെമ്പർ ഇത്ര വേജാറാവുന്നത് എന്തിനാണ്. രണ്ടുമൂന്നു ദിവസത്തിനുള്ളിൽ ബേജാറൊക്കെ മാറും. ഗവൺമെൻറ് ആടിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. എം. മാണി: എന്നാണെന്നു വ്യക്തമാക്കിയാൽകൊള്ളാം.

ശ്രീ. എം. രാമുണ്ണി: വ്യക്തമാക്കാം. ആടിക്കൊണ്ടിരിക്കുകയാണ് ഗവൺമെൻറ്. പോലീസിന് ഉപയോഗിക്കാൻവേണ്ടി വലിയ ട്യൂബു

LIBRARY ARCHIVES Kerala Legislative Assembly

ലൈററ് വച്ചുകൊടുത്തിട്ടുണ്ട്. ഇതൊക്കെ ഒരാളിനുമാത്രമാകുന്നതു ശരിയല്ലെന്നാണ് എനിക്കു പറയാനുള്ളത്. എല്ലാ ഡി. വൈ. എസ്. പി. മാരുടെ വീട്ടിലും ആഫീസ് ഉണ്ടാക്കുന്നതിൽ എനിക്കു വിരോധമില്ല. ഈ ഗവൺമെൻറിന് വളരെയധികം ജനപിൻതുണ ഉണ്ടെന്നാണ് പറയുന്നത്. സർ, അത്രയേറെ ജനപിൻതുണയുണ്ടെങ്കിൽ ഈ ഗവൺമെൻറിൻെറ മുഖ്യമന്ത്രി ശ്രീ. ചന്ദ്രശേഖരൻനായരെ രാജിവയ്പ്പിച്ചിട്ട് കൊട്ടാര ക്കരയിൽ നിൽക്കണമോ സർ? മാടായിയിലും നിലമ്പൂരിലും ഒഴിവുകളുണ്ട്. അവിടെയൊന്നും നിൽക്കാതെ ജനപിൻതുണ വളരെയധികം ഉണ്ടെന്ന് അവകാശപ്പെടുന്ന ഒരു പാർട്ടി ആ പാർട്ടിയുടെ മുഖ്യമന്ത്രി കൊട്ടാരക്കരയിൽനിന്ന്, ഒരാളെക്കൊണ്ട് രാജിവയ്പിച്ചിട്ട്, തിരഞ്ഞെടുപ്പിനു നിൽക്കണമോ?

ഡെ. സ്പീക്കർ: മെമ്പറുടെ സമയം കഴിഞ്ഞു. ദയവായി ഇരിക്കണം.

ശ്രീ. ഗണപതിക്ക് സംസാരിക്കാം.

ஸ்ரீ. என். கணபதி: ஸர், இந்த போலீஸ் வகுப்புக்கு கடந்த வருஷத்தை விட இந்த வருடம் தொகை கூட்டப்பட்டிருக்கிறது. கடந்த வருடம் 6,72,15,500 ஒதுக்கப்பட்டிருந்தது. இந்த வருடம் அது 7,30,92,100 ஆக கூட்டப்பட்டுள்ளது. ஸர். ஸி. பி. ராமஸ்வாமி அய்யர் அவர்களுடைய காலத்திற்கு பிறகு பல மந்திரிசபைகளும் மாறி மாறி வந்துள்ளது அப்படியிருந்தும் கூட ஆட்சியில் எந்தவிதயான மாற்றமும் ஏற்பட்டதாகத் தெரியவில்லை. பிரசங்கத்தில் மட்டும் பலவிதமான மாற்றங்களை காணலாம். இதனிடையில் பல முதன் மந்திரிகளும் ஸர். ஸி. பி. காலத்திற்குப் பிறகு வந்துபோய் உள்ளார்கள். மீண்டும் வந்தவர்களும் உண்டு. எனது ஞாபகம் சரியானால் முதலாவதாக திரு. பட்டம்தாணுபிள்ளை அவர்கள் முதன் மந்திரி ஆனார்கள். அதன் பிறகு திருவாளர்கள் டி. கெ. நாராயணபிள்ளை, ஸி. கேசவன், ஏ. ஜெ. ஜாண், மீண்டும் பட்டம் தாணுபிள்ளை, பனம்பிள்ளி கோவிந்தமேனோன், இ. எம். சங்கரன் நம்பூதிரிபாடு, மீண்டும் பட்டம் தாணுபிள்ளை இப்படியாக மாறி மாறி வந்துகொண்டிருந்தார்கள். இப்பொழுது திரு. அச்சுதமேனோன் அவர்கள் ஆகும் இதற்கு முன்பு இடையிடையே ஜனாதிபதி ஆட்சியும் ஏற்பட்டுள்ளது உலகமறிந்த உண்மை. ஸர், அன்று முதல் இன்றுவரை தொழிலாளர்கள் மத்தியிலும், ஹரிஜனங்களின் மத்தியிலும் போலீஸின் நடத்தைகள் அல்லது பரமாற்றங்கள் எந்தவித புரட்சிகரமான மாற்றமும் ஏற்பட்டதாக தெரியவில்லை. மேலும் எனது அனுபவத்திலிருந்து பார்த்தால் திரு. டி. கெ. நாராயண பிள்ளை அவர்களுடைய காலத்திலும், திரு. பனம்பிள்ளி காலத்திலும் தோட்டத் தொழிலாளிகளுடைய பிரதேசத்தில் தொழிலாளர்களுக்கு ஓரளவு தன்மைகள் கிடைத்திருக்கும் என்று சொல்லாமலிருக்க முடியாது. சிறிது நன்மை கிடைத்திருக்கிறது என்பது உண்மைதான். எல்லா அரசியல் கட்சியும் தொழிலாளர்களை கருவியாக உபயோகப்படுத்துவது அல்லாமல் எந்த நன்மையும் செய்வதாகத் தோன்றவில்லை. குறிப்பாக தோட்டத் தொழிலாளிகளுடைய பிரதேசங்களை எடுத்துக்கொண்டால் சில ஆட்சிகாலத்திலும் சில கட்டங்களிலும் அடக்குமுறை தொழிலாளிகளின் மத்தியில் தாண்டவமாடியது. அது குறிப்பாக நமது இப்பொழுது உள்ள முதன் மந்திரி திரு. அச்சுதமேனோன் அவர்களுடைய மந்திரி சபையில் அங்கம் வகித்திருந்த 1958-ல் திரு. இ. எம். சங்கரன் நம்பூதிரிபாடு மந்திரிசபையில் ஆகும். தோட்டத் தொழிலாளிகளை போராட்டத்தில் இறக்கிவிட்டு தோட்டத் தொழிலாளிகளை வெற்றிவரை போராடுங்கள், சர்க்கார் உங்கள் பக்கம், முதலாளியை நாடு கடத்தும் என்று கோஷம் போட்டார்கள். "இங்குலாப் சிந்தாபாத்" என்று கோஸம் போடும்படி வானளாவ கத்தும்படியும் கூறினார்கள். போராட்டத்தை தூண்டிவிட்ட போலீஸ் தொழிலாளிகளை சுட்டுக் கொன்றார்கள். ஸர்,

LIBRARY ARCHIVES Kerala Legislative Assembly

ஹைறேஞ்சிலே அன்றிருந்த கம்யூனிஸ்டு பொய்ப்பிரச்சாரத்திற்கும் அன்றிருந்த மந்திரிகளின் பொய்ப்பிரச்சாரத்திற்கும் தொழிலாளிகள் இரையானார்களே தவிர போனஸ் போராட்டம் வெற்றிபெற்றது கிடையாது. அடுத்தபடியாக உலகத்திலேயே பெரிய தேயிலைத் தோட்ட முதலாளிகளான வெள்ளைக்கார கண்ணன்தேவன் கம்பெனிக்கு எதிராக போராட்டம் நடத்திய தொழிலாளியின்மேல் துப்பாக்கிப் பிரயோகம் நடத்தினார்கள். அதுவுமல்லாமல் தடியடிப் பிரயோகமும் நடத்தினார்கள். பாப்பம்மாள் அலைன் ராவுத்தர் போன்ற தொழிலாளிகளை சுட்டுப்படுகொலை செய்தார்கள். துப்பாக்கிக்கு இரையாக்கினார்கள். ஸார், மற்றொரு பிரதான காரியம் இந்த சபை முன் ஞாபகப்படுத்த விரும்புகிறேன். அதாவது அலைன் ராவுத்தர் என்பவர் என்னுடைய சொந்தக்காரர் என்பதையும் இங்கு தெரியப்படுத்திக்கொள்கிறேன். இந்தக்கூட்டத்தில் பல தொழிலாளிகளுக்கு கைகால்கள் இழக்க நேரிட்டது. லாத்தி சார்ஜ் நடத்தினார்கள். இப்படியாக தொழிலாளிகளுக்கு துரோகம் செய்ததும் அல்லாமல் தொழிற் சமூகத்தையே நசுக்கி தொழிலாளி வர்க்கத்தையே அடிமைகளாக்கினார்கள். நான் எல்லா விஷயங்களையும் சத்தியத்தின் அடிப்படையில் அரசியல் நோக்கமின்றியும் கூறுகிறேன். நான் கூறுவதில் தவறு எதாவது இருக்குமானால் ராஜிநாமா செய்யவும் தயாராய் இருக்கிறேன். இதில் எந்தவிதமான சந்தேகங்களும் இல்லை. இங்கு காங்கிரஸ், கம்யூனிஸ்டு என்று வாதாடவில்லை. நமது போலீஸ் மந்திரி அவர்கள் எனது குறிப்பிட்ட அக்கிரமங்களை திருத்துவதாய் இருந்தால் இந்த மான்யத் தொகை அனுமதிக்கத் தயங்கமாட்டேன். மேலும் அவசியப்பட்டால் பாஸாக்கிக் கொடுக்க சித்தமாயுள்ளேன். முன் மந்திரி சபைகளில் முதன் மந்திரியாய் இருந்த காலத்தில் திரு. டி. கெ. நாராயணபிள்ளை, திரு. பனம்பள்ளி கோவிந்த மேனோன் காலத்தில் ஓரளவுக்கு தோட்டம் தொழிலாளிக பயந்துள்ளார்கள். திரு. பட்டம் தாணுபிள்ளை அவர்களுடைய காலத்திலும் சர்க்காரை தோட்டத் தொழிலாளிகள் சிறிதாவது வகைவைத்தார்கள் என்று கூறலாம். உதாரணமாக திரு. டி. கெ. நாராயணபிள்ளை அவர்கள் காலத்தில் ஹைறேஞ்சு பிரதேசத்தில் ஒரு ஆபீஸருக்கு பயந்துள்ள அளவு கூட இன்று நிலவில் இருக்கும் சர்க்காருக்கு பயப்படுவதில்லை. திரு. டி. கெ. நாராயணபிள்ளை காலத்திலே ஸ்ரீ. என். எஸ். கிருஷ்ணபிள்ளை தேவிகுளம் கமிஷனராக இருந்தார். அப்பொழுது அவரைக் கண்டால் கண்ணன்தேவன் கம்பெனி ஜெனரல் மானேஜர் மற்று மானேஜர்களும் பயந்து சிம்க சொப்பனம் காண்பார்கள். அப்படியானால் அந்த சர்க்காருக்கு எவ்வளவு பயந்து நடந்திருப்பார்கள். தேவிகுளம் கமிஷனராக பதவி வகித்து வந்த திரு. என். எஸ். கிருஷ்ணபிள்ளை அவர்களை மாற்றும்படியாக மத்திய சர்க்காரிடம் காவடி எடுத்தார்கள். அத்துடன் பிரிட்டிஷ் ஹைகமிஷனருடைய உதவியையும் நாடினார்கள். ஆனால் சகல அதிகாரமும் கையில் வைத்திருக்கும் நமது போலீஸ் மந்திரி கண்ணன்தேவன் கம்பெனி ஜெனரல் மானேஜரை கூப்பிடுவதற்கு அஞ்சுகிறார். அதன் காரணம் என்னவென்றால் ஒருவேளை கூப்பிட்டால் வருவாரா என்ற சந்தேகம் தான். மேலும் நமக்கு அதிகாரம் இருக்கிறதா என்று லா டிப்பார்ட்மென்டை கன்ஸல்ட் பண்ணுவதா அல்லது சோஸியர் அவர்களின் தயவை நாடுவதா என்றெல்லாம் யோசிக்கும் அளவில் போலீஸ் மந்திரியின் ஆட்சி போய்க்கொண்டிருக்கிறது. இதில் யாதொரு சந்தேகமும் இல்லை என்பது உறுதி. இதையெல்லாம் நினைக்கும்போது நான் மிகவும் பரிதாபப்படுகிறேன். ஸார், அன்று ஒரு ஆபீஸருக்கு பயந்து நடுங்கிய வெள்ளை முதலாளிகள் இன்று சர்க்காரை வெறும் தூசிபோல விலையில்லாத சாதனமாக மதித்துவருகிறது. பல உண்மை விவரங்களுடன் இதை இங்கு கூறுகிறேன். கடந்த திரு. இ. எம். சங்கரன் நம்பூதிரிபாடு அவர்களுடைய ஆட்சியில் தேவிகுளம் தோட்டத் தொழிலாளர்கள் எனது தலைமையில் போனசுக்காக போராடினார்கள். போராட்டத்தில் மார்க்ஸிஸ்டுகளும் கலந்துகொண்டார்கள்

LIBRARY ARCHIVES Kerala Legislative Assembly

போராட்டம் உச்ச கட்டத்தில் நிற்கும்போது திரு. இ. எம். சங்கரன் நம்பூதிரிபாட் அவர்களுடைய மந்திரி சபையில் அங்கம் வகித்திருந்த தொழிலாளர் மந்திரி போராட்டத்தை மேலும் பலப்படுத்தினார்கள். இ. எம். எஸ். சர்க்கார் உங்கள் பக்கம். முதலாளிகளை விரட்டியடிக்கும் என்றெல்லாம் ஆயிரக்கணக்கான தொழிலாளர்கள் மத்தியில் மேலும் உறுதி கொடுத்தார். ஆனால் என்ன நடந்தது? தொழிலாளர்களுக்கு போனஸ் கிடைக்கவில்லை. போனஸ் கிடைக்காவிட்டாலும் பரவாயில்லை வாத்தி அடி தான் கிடைத்தது. பாவப்பட்ட தொழிலாளிகளை விரட்டி விரட்டி அடித்தார்கள். அதோடு போராட்டம் முதல் மந்திரி திரு. இ. எம். எஸ். அவர்களின் வேண்டுகோளின் பிரகாரம் வாபஸ் வாங்கப்பட்டது. முதலாளியிடம் ஒரு வேண்டுகோள் விடுத்தார். இந்த போராட்டத்தின் காரணமாக எந்த தொழிலாளிகளையும் வஞ்சம் தீர்க்கக் கூடாது என்று. வெள்ளை முதலாளியான கண்ணன்தேவன் கம்பெனி வகைவைக்கவில்லை. பாவப்பட்ட தொழிலாளிகள் முதல் மந்திரி அவர்களின் வேண்டுகோளை மதித்து வாபஸ் செய்தார்கள். முதலாளிகள் முதல் மந்திரி அவர்களின் வேண்டுகோளுக்கு எதிரான ஆயிரக்கணக்கான தொழிலாளிகளுக்கு அதாவது உத்தேசம் பத்தாயிரம் தொழிலாளிகளுக்கு 4 நாள்வரை 8 நாள்வரை சம்பளத்தை வெட்டி பைன் செய்தார்கள் அத்துடன் நூற்றுக்கணக்கான தொழிலாளிகளை வேலையிலிருந்து நீக்கம் செய்தும் சஸ்பெண்டும் செய்தார்கள். சர்க்காரை மதியாத முதலாளிகளின் மேல் இரண்டு தடவை ஆட்சி புரிந்த கம்யூனிஸ்டு சர்க்கார் எந்தவிதமான நடவடிக்கைகளையும் மேற்கொள்ளவில்லை அத்துமீறி தடியடி பிரயோகம் செய்தும் கள்ளக்கேசுகள் பல எடுத்துள்ள போலீஸின்மேல் நடவடிக்கை எடுத்ததாகத் தெரியவில்லை. இது என்னுடைய அனுபவத்திலும் உண்மையிலும் நடந்துள்ள விவரங்களையும் எடுத்துக் கூறுகிறேன். இது நான் மட்டும் கூறவில்லை. இதே இடத்தில் இருக்கும்போது முன் மந்திரிசபை காலத்தில் இன்று மந்திரி பதவியில் இருக்கும் திரு. கெ. டி. ஜேக்கப் மிகவும் பலமாக அழுத்தமாக திருத்தமாக இதே இடத்தில் இருந்து பிரசங்கம் ஆற்றினார்கள். அவர் கண்டித்து பிரசங்கம் செய்துள்ள போலீஸ் அதிகாரிகளில் முக்கியமானவர்கள் உடும்பஞ்சோலை போலீஸ் ஸ்டேஷனில் உள்ளவர்களாகும். அதே போலீஸ் அதிகாரிகளின்மேல் நானும் ரிக்கார்டு படி சில கடினமான குற்றங்களை எடுத்துக்கூற தயாராய் இருக்கிறேன்.

The persons mentioned in the petition have been questioned.

The names of the persons questioned have not been recorded.

The names of persons questioned during the confidential enquiry have not been recorded.

Enquiries have been made after contacting some impartial persons in the locality.

<u>ஸ்ரீ. என். கணபதி:</u> ஸர், போலீஸ் அதிகாரிகளின் வீட்டில் போலீஸ்காரரே திருடுகிறான். இதைப்பற்றி யாரும் சந்தேகப்படுவதில்லை. அவர்களை நினைக்கவும் மாட்டார்கள். இதைப்போல் எத்தனையோ உதாரணங்கள் என்னால் எடுத்துக்கூற முடியும். அந்தப்படியாக நமது போலீஸ் மந்திரிக்கு நடவடிக்கைகள் எடுக்க தைரியமுண்டா? திரு. கெ. டி. ஜேக்கப் புகார் கூறிய போலீஸ் அதிகாரிகளுக்கும், ஹெட்கான்ஸ்டபிள்களுக்கும் பிரமோஷன் கொடுக்கப்பட்டதே தவிர நடவடிக்கைகள் எதுவும் எடுத்ததாகத் தெரியவில்லை.

உதாரணமாக நமது சபைக்கு தலைமை தாங்கும் டிபுடி ஸ்பீக்கர் அவர்கள் முஸ்லீம் என்பது உலகறிந்த உண்மை. அவரை கிருஸ்தவர் என்றோ, ஹிந்து என்றோ கூறினால் அது பொய்யாகும். அதுபோல பெரும் பொய் உடும்பஞ்

LIBRARY ARCHIVES Kerala Legislative Assembly

சோலை கோடதியில் அந்த போலீஸ் இன்ஸ்பெக்டர் ஸ்டேட்மெண்ட் கொடுத்துள்ளார். ஒரு கிருஸ்தவப் பெண்ணை ஹரிஜன் என்று உடும்பஞ்சோலை கோர்ட்டில் மொழி கொடுத்தார். அந்த கிருஸ்தவப்பெண் ஹரிஜன் என்று பொய் சொல்லி ஹரிஜன இலாகா வீடு கெட்டும் திட்டத்தில் மானியம் இனாமாக வாங்கியவளாகும். அந்த போலீஸ் இன்ஸ்பெக்டர் கிருஸ்தவப் பெண்ணை ஹரிஜன் என்று கோர்ட்டில் பொய் சொன்னதை ரிக்கார்டு பூர்வமாக அத்தாட்சி காப்பி எடுத்துக்கொடுக்க தயாராயுள்ளேன். நடவடிக்கை எடுக்க முடியுமா? அல்லது இந்த மந்திரி சொல்வதை ஐ. ஜி. கேட்கவில்லையா. அவர் மார்க்சிஸ்டு ஆட்சி காலத்தில் இந்த ஐ. ஜி.—க்கு உத்தியோகம் கிடைத்துள்ளது என்று மார்க்சிஸ்டு அனுதாபம் இருப்பதால் போலீஸ் மந்திரி உத்தரவை சரிவர செயல்படுத்தாமல் இருக்கிறாரா? அப்படியானால் அவரை ஐ. ஜி. பதவியிலிருந்து மாற்ற முன் மந்திரி பட்டம் தாணுபிள்ளை காலத்தில் ஐ. ஜி. யை மாற்றியதுபோல இந்த சர்க்காருக்குத் தைரியமுள்ளதா? மற்றும் சில கேள்விகளுக்கு முரண்பாடாக இருக்கிறது. முதலாளிகள் எதாவது செய்தால் போலீஸ் ஸ்டேஷனில் கூப்பிட்டு கேட்டதில்லை. தொழிலாளிகள் எதாவது செய்தால் ஸ்டேஷனில் கூப்பிட்டு கேஸ் எடுப்பது வழக்கம். இந்த ரீதியில் பாரபட்சம் காட்டப்படுகிறது. நான் கூறுவது என்னவென்றால் கட்சிமனப்பான்மையின்றி நியாயம் வழங்கவேண்டும் என்பது தான். அடுத்தபடி 1957-ல் கெ. எஸ். யு. என்ற பார்டியைச் சேர்ந்த ஒரு பையனின் தகப்பனாரான ஒரு ஹெட்கான்ஸ்டபிளை ஆறு தடவைகள் டிரான்பர் செய்யப்பட்டது. இது ரொம்ப அநியாயமும். 1958-ல் போலீஸ் டயரக்ட் ரெக்ரூட்மென்ட் நடத்தப்பட்டது. நாளடைவில் அவர்கள் ஸீனியராகவும் சர்வீஸில் உள்ளவர்கள் ஜூனியராகவும் ஏற்பட்ட நிலை மிகவும் வருந்தத்தக்கது. இதைப்போல் பல உதாரணங்கள் எடுத்துக் கூற என்றால் முடியும். சமயமின்மையால் எனது பிரசங்கத்தை முடித்துக்கொள்கிறேன்.

ശ്രീ. കെ. പി. ആർ. ഗോപാലൻ: സർ, പോലീസ് വകുപ്പിനെപ്പററി പറയുന്നതുതന്നെ അത്ര രസമുള്ള കാര്യമല്ല. ഞാൻ പോലീസ് ഐ. ജി. യെ നേരിട്ടറിയാവുന്ന ആളാണ്. അവർ എത്ര നല്ലവരായി അഭിനയിച്ചാലും പോലീസ് നന്നാക്കാൻ കഴയുകയില്ല. ഇവിടെ ബൂർഷ്വാ സംപ്രദായമാണ്. സ്വാതന്ത്ര്യപ്രസ്ഥാനത്തെ ചോരയിൽ മുക്കിക്കൊല്ലാൻ ഉപയോഗിച്ചത് പോലീസുകാരെയാണ്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായി ഞങ്ങൾ മലബാറിൽ സമരം ചെയ്യുമ്പോൾ അതിനെതിരായിട്ട് ഉപയോഗിച്ചത് പോലീസിനെയാണ്. ഇതുവരെ യാതൊരു മാററവും പോലീസിന്റെ ഘടനയിൽ വന്നിട്ടില്ല. ഇ. എം. എസ്. വന്നപ്പോൾ മാർക്സിസത്തെപ്പററി പോലീസിന് ക്ലാസ്സെടുത്തോ? ശ്രീമാൻ ആർ. ശങ്കർ വന്നപ്പോൾ കോൺഗ്രസ്സിന്റെ സ്വാതന്ത്ര്യസിദ്ധാന്തത്തെപ്പററി വല്ല ക്ലാസ്സും എടുത്തോ? ശ്രീമാൻ അച്യുതമേനോൻ കമ്മ്യൂണിസ്ററു തിരുത്തൽ വാദത്തെപ്പററി ക്ലാസ്സെടുത്തോ? ഇല്ല. ശ്രീ. സി. എച്ച് മുഹമ്മദുകോയ ഇസ്ലാം സാഹോദര്യത്തെസംബന്ധിച്ച് ക്ലാസ്സെടുത്തോ? ഇല്ല. പഴയ സംപ്രദായത്തിൽ ഇപ്പോഴും ജനങ്ങളെ പോലീസ് അടിക്കുകയാണ്. ഇഞ്ചിഞ്ചായി മനുഷ്യനെ കൊല്ലുകയാണ്: അടിച്ചാൽ മരിച്ചില്ലെങ്കിൽ വെടിവച്ചുകൊല്ലുകയാണ്! തോക്ക് പോലീസുകാരുടെ കൈയിൽ മാത്രമല്ലേയുള്ളു. ആരോ പറഞ്ഞു, ഇ. എം. എസ്. ആയുധമെടുക്കണമെന്നു പറഞ്ഞത് തെററാണെന്ന്. അദ്ദേഹം അതു വളരെ മുൻപുതന്നെ പറയേണ്ടതായിരുന്നു. 1945—ൽ ഐ. എൻ. എ. ക്കാരെ രാജ്യദ്രോഹകുററം ചുമത്തി അറസ്ററുചെയ്തു വിചാരണ നടന്നപ്പോൾ അവരെ ഡിഫൻറുചെയ്തുകൊണ്ട് കോൺഗ്രസ്സു നേതാവായ ബുലാഭായ് ദേശായി സ്വാതന്ത്ര്യത്തിനുവേണ്ടി ആയുധമെടുത്തു

LIBRARY ARCHIVES Kerala Legislative Assembly

പോരാടുന്നുള്ള അധികാരമുണ്ട്, അതാണ് ഇൻറർനാഷണൽ ലാ എന്ന് വാദിച്ചത് ഞാൻ ഓർമ്മിപ്പിക്കുകയാണ്. പൗരസ്വാതന്ത്ര്യത്തിനുവേണ്ടി ആയുധമെടുത്തു പോരാടാനുള്ള അധികാരം നമുക്കുണ്ട്. ഇന്നു മനുഷ്യന് വഴി നടക്കാൻ കഴിയുന്നില്ല! അടിയാണ്; സർവ്വത്ര അടി. ചായകുടിക്കുമ്പോഴും അടി. കള്ളുഷാപ്പിൽപോലും കയറി ഗ്ലാസ്സോടുകൂടി അടിയാണ്. അർദ്ധരാത്രിക്കും അടിയാണ്. പോലീസുകാർക്കു അടി ഒരു രസമാണ്. സാധാരണ കുട്ടികൾക്ക് തവളയെ എറിയുമ്പോഴുള്ള രസംപോലെ പോലീസുകാർക്ക് ആളെ കിട്ടിയാൽ അടിക്കുന്നതു രസമാണ്! അടിച്ചാലും ചിലയാളുകൾ മരിക്കുകയില്ല. അതുകൊണ്ടാണ് വെടിവയ്ക്കേണ്ടി വരുന്നത്. ഞാൻ ഒരു ആരോപണം ഉന്നയിക്കുകയാണ്. ഇതിനുത്തരം പറയണം. വയനാട്ടിൽ നിന്ന് വർഗ്ഗീസിനെ അറസ്റ്റുചെയ്തിട്ട് പോലീസുകാർ ഭയങ്കരമായി മർദ്ദിച്ചു. മന്ത്രിയോടു ചോദിച്ചു, ആളു ചാകാറായി , കണ്ണും പോയി കിടക്കുകയാണ്" എന്തു ചെയ്യണമെന്ന്? വെടിവച്ചുകൊല്ലാനുള്ള അനുവാദം കിട്ടിയില്ലെങ്കിൽ പോലീസു ഡിപ്പാർട്ടുമെൻറിനാകെ ദുഷ്പ്പേരാണ്, കാര്യങ്ങളാകെ കുഴപ്പമാണ്, അതുകൊണ്ടു വെടിവയ്ക്കാനുള്ള സ്വാതന്ത്ര്യം തരണമെന്ന് കമ്പിയില്ലാക്കമ്പിവഴി അറിയിച്ചുവത്രെ. അങ്ങനെ രാവിലെ അറസ്റ്റുചെയ്തയാളെ വൈകുന്നേരം വെടിവച്ചുകൊന്നു. എവിടെവച്ചാണ് വെടിവച്ചുകൊന്നത്? ഒരു മുസ്ലീമിൻെറ വീട്ടിൽചെന്ന് ആ മുസ്ലീമിനെ വെടിവച്ചുകൊന്നു എന്ന പരാതി ഉണ്ടായിരുന്നല്ലൊ അവിടെ വളരെ അടുത്താണ് വർഗ്ഗീസിനെ വെടിവച്ചുകൊന്നത്. അങ്ങനെ മുസ്ലീമിനെ കൊന്ന വൈരാഗ്യത്തിന് ശ്രീമാൻ സി. എച്ച്. മുഹമ്മദുകോയ അതേസ്ഥലത്തുവച്ചുതന്നെ അതിനുത്തരവാദിയെ വെടിവച്ചുകൊല്ലിച്ചു എന്ന് ആക്ഷേപമുണ്ട്. ശരിയായിരിക്കണമെന്നില്ല. പക്ഷേ ആ ആക്ഷേപം വന്നപ്പോഴുതന്നെ മന്ത്രി രാജിവയ്ക്കേണ്ടതായിരുന്നു. അന്വേഷണം നടത്തി ശുദ്ധനായിട്ടു തിരിച്ചു വന്നാൽ മതി. അതാണു ജനാധിപത്യമര്യാദ. ബൂർഷ്വാ ജനാധിപത്യമെന്നു പറയുന്നത് ഏകാധിപത്യത്തിൻെറ മൂടുപടമാണ്. അതല്ലെങ്കിൽ ഇ. എം. എസ്സിൻെറ കാലത്തും വെടിവയ്ക്കുമായിരുന്നോ? സി. എച്ച്. മുഹമ്മദുകോയയ്ക്കു മറെറന്ത് ചെയ്യാൻ കഴിയും. ഐ. ജി. ഗോപാലൻ വിചാരിച്ചാലും മറിച്ചു സാധിക്കുകയില്ല. അതാണ് ബൂർഷ്വാ ജനാധിപത്യം. മാർക്സിസ്റ്റുകാരോടു ഞാൻ പറയുകയാണ് ബൂർഷ്വാ ജനാധിപത്യത്തിൽ യഥാർത്ഥ ജനാധിപത്യം ഉണ്ടാകുകയില്ലെന്ന്. ഞാൻ സി. എച്ച്. മുഹമ്മദുകോയയോടു ചോദിക്കട്ടെ, വർഗ്ഗീസിൻെറ ശവം എവിടെയാണ്. പോലീസ് ആരെയും കാണിക്കാതെ മറവു ചെയ്തു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്നും അഞ്ചോ ഏഴോ ഡോക്ടർമാരെ അയച്ച് ശവമെടുത്തു പരിശോധിക്കാൻ തയ്യാറുണ്ടോ? ഒരു മാസം കഴിഞ്ഞാൽ അവർക്ക് ഒന്നും മനസ്സിലാകുകയില്ല. കോടതിയിൽ പോയാൽ സംശയം പ്രതികൾക്ക് അനുകൂലമാണ്. ഇങ്ങനെയാണെങ്കിൽ ആരെയും കൊല്ലാം. ഈ ബൂർഷ്വാ ജനാധിപത്യത്തിൽ ഭരണം നടത്താൻ മാർക്സിസ്റ്റുകാരും കമ്മ്യൂണിസ്റ്റുകാരും തയ്യാറാകരുത്. ശ്രീമാൻ സി. എച്ച്. മുഹമ്മദുകോയയോടു പ്രത്യേകിച്ചു ഞാൻ ചോദിക്കുന്നു. സി. എച്ച്. ഈ രാജ്യത്തെ ന്യൂനപക്ഷത്തിൻെറ പ്രതിനിധിയാണ്. ലീഗിൻെറ നേതാവാണ് അദ്ദേഹം. കേരളത്തിലെ മുസ്ലീംങ്ങളുടെ, മതന്യൂനപക്ഷത്തിൻെറ പ്രതിവിധിയാണ്. അങ്ങനെ മതന്യൂനപക്ഷത്തിൻെറ നേതാവായി ഭരിക്കുമ്പോൾ അതിൻെറ പ്രതിനിധിയാകുമ്പോൾ പ്രത്യേകിച്ചും ഒരുകാര്യം ഓർമ്മിക്കണം. ഇങ്ങനെ പോലീസിനെ അഴിച്ചുവിട്ടാൽ...........? ഈ രാജ്യത്ത് ഇന്ന് എന്താണു നടക്കുന്നത്? പോലീസിൻെറ ലോറിയിൽ മുസ്ലിംലീഗുകാർ സഞ്ചരിക്കുന്നു. ഇതല്ലേ മുമ്പ് കാൺഗ്രസ്സുകാർ ചെയ്തത്? പോലീസിൻെറ വാനിൽ കോൺഗ്രസുകാർ പോയി കമ്മ്യൂണിസ്റ്റുകാരെ അടിച്ചുടിച്ച് കോ

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ് നശിച്ചു. അതുകൊണ്ട് ഫാസിസത്തിന്റെ വക്താവാകാൻ ശ്രീ. സി. എച്ച്. മുഹമ്മദുകോയ പരിശ്രമിക്കുന്നത് തെറ്റാണ്. ഈ രാജ്യത്തു ഇതിനുമുൻപും പല നേതാക്കളും ഫാസിസ്റ്റുകാരാകാൻ ശ്രമിച്ചിട്ടുണ്ട്. ഉയരം കുറഞ്ഞ ആളുകൾ വലിയ ബൂട്ട്സ് ഇട്ട് അധികം ഉയരമായപ്പോൾ വീണുപോകുമെന്നു മനസ്സിലാക്കണം. ഹിറ്റ്ലർ ആകാനുള്ള ശ്രമം എവിടെയാണ് എത്തിക്കുക? തലശ്ശേരിയിൽവെച്ച് ശ്രീ. സി. എച്ച്. മുഹമ്മദുകോയയെ മാരാർ അറസ്റ്റുചെയ്തുവെന്നു പറയുന്നു. അദ്ദേഹം ആരെയെല്ലാം പേടിപ്പിച്ച ആളാണെന്നറിയാമോ സി. എച്ചേ? അയാൾ ശ്രീ. പി. ആർ. കുറുപ്പിനെ തല്ലി. അയാൾ തല്ലിയതുകൊണ്ടു കുറുപ്പു നന്നായി. കുറുപ്പിനോടു ചോദിക്കൂ; അതല്ലെങ്കിൽ ഗവർണ്ണരോട് ചോദിക്കണം. ഗവർണ്ണരുടെ കാറിനു അദ്ദേഹം കല്ലെറിഞ്ഞതിനു കേസ്സുണ്ടായി. ഗവർണ്ണരോട് അയാൾക്ക് വിരോധമൊന്നുമില്ല. കേരളത്തിലെ ജനങ്ങളെ പട്ടിണിക്കിടുന്ന കേന്ദ്രത്തിന്റെ പ്രതിനിധിയായി വന്നിട്ടുള്ള ഗവർണ്ണറുടെ കാറിൽ കല്ലെറിഞ്ഞത് കേരളത്തിലെ ജനങ്ങളുടെ പ്രതിനിധിയായി ജനങ്ങളുടെ പ്രതിഷേധം അറിയിക്കാൻ വേണ്ടിയെന്നാണ് മാരാർ കോടതിയിൽ പറഞ്ഞതു. കോടതി, ബൂർഷ്വാ കോടതിതന്നെ അദ്ദേഹത്തെ വിട്ടയച്ചു. അതുപോലെ ഈ രാജ്യത്താകെ നടത്തുന്ന പോലീസ് മർദ്ദനത്തിൽ രോഷംകൊണ്ട് അദ്ദേഹം പ്രതിഷേധം കാണിക്കാൻ വേണ്ടി വെറുതേ എന്തോ ചുമരിലെറിഞ്ഞതായിരിക്കണം. സി. എച്ച്. മുഹമ്മദുകോയയുടെ മുഖത്താണ് എറിഞ്ഞതെങ്കിൽ ഇന്നു മുഖം ഉണ്ടാകുമോ? ഇല്ല. അപ്പോൾ ഭയപ്പെടുത്താൻവേണ്ടി ചുമരിലെറിഞ്ഞതായിരിക്കണം. ഗവർണ്ണറെ എറിഞ്ഞു, പി. ആർ. കുറുപ്പിനെ അടിച്ചു. സി. എച്ച്. മുഹമ്മദുകോയ ഇതുകൊണ്ടൊന്നും പഠിക്കാൻ തയ്യാറായില്ലെങ്കിൽ അദ്ദേഹത്തിന്റെ സമുദായത്തിൽപ്പെട്ട ആളുകൾ അദ്ദേഹത്തെ പഠിപ്പിക്കുവാൻ തയ്യാറായില്ലെങ്കിൽ അദ്ദേഹത്തിന്റെ സമുദായത്തിൽപ്പെട്ട ആളുകൾ അദ്ദേഹത്തെ പഠിപ്പിക്കുവാൻ തയ്യാറുണ്ട്. ശ്രീ. മുഹമ്മദ്കോയയെ ഞാൻ വെല്ലുവിളിക്കുന്നു. പോലീസു മർദ്ദനപ്രശ്നത്തിൽ അദ്ദേഹം രാജിവച്ച് തന്റെ നിയോജകമണ്ഡലത്തിൽ തിരഞ്ഞെടുപ്പിനെ നേരിടാൻ തയ്യാറുണ്ടോ? അതല്ലെങ്കിൽ ഡോക്ടർമാരെ അയച്ചു ശവം പരിശോധിച്ച് ജുഡീഷ്യൽ അന്വേഷണം പരസ്യമായ അന്വേഷണം നടത്തിയിട്ടു മതി ഭരണമെല്ലാം. നിങ്ങൾ എന്തിനു ഭരിക്കുന്നു; ആർക്കുവേണ്ടി ഭരിക്കുന്നു; നിങ്ങൾ ഭരിക്കുന്നതു ജനങ്ങൾക്കുവേണ്ടിയാണോ? മാടായിയിൽ തിരഞ്ഞെടുപ്പില്ല. മാടായിലാണ് ആദ്യം ഒഴിവുവന്നത്. അച്യുതമേനോന് അവിടെ പോയി മൽസരിക്കാമായിരുന്നില്ലേ? ഒരാളെക്കൊണ്ട് രാജിവയ്പ്പിച്ച് കേരളാ കോൺഗ്രസ്സിന്റെ സഹായത്തോടുകൂടി വേണമോ വലതുകമ്മ്യൂണിസ്റ്റുകാർക്ക് ജയിക്കാൻ? ഇടതുകമ്മ്യൂണിസ്റ്റുകാരോടു സഹായം അഭ്യർത്ഥിച്ചുകൂടായിരുന്നോ. നിങ്ങൾ രണ്ടും തമ്മിൽ എന്താണ് വ്യത്യാസം? അതുകൊണ്ടു പറയുകയാണ്. ജനങ്ങളുടെ അടുത്തുപോയി വോട്ടു വാങ്ങിക്കാൻ തയ്യാറാണോ? ഇതു ജനാധിപത്യാഭാസമല്ലേ? നല്ല ഭരണം നടത്തണമെന്നാഗ്രഹമുണ്ടായതുകൊണ്ട്മാത്രമായില്ല. വർഗ്ഗീസ് കാട്ടിൽ പോലീസുമായി ഏറ്റുമുട്ടലിൽ മരിച്ചു എന്നല്ലേ നിങ്ങൾ പറയുന്നത്? എങ്കിൽ ഒരു പരസ്യമായ അന്വേഷണം നടത്താൻ സി. എച്ച്. മുഹമ്മദുകോയ തയ്യാറാകുമോ? ഇല്ല. കാരണം ഇതു ഒന്നുകിൽ സി. എച്ച്. കോയയുടെ ആജ്ഞപ്രകാരമാണു നടന്നിട്ടുള്ളത്, അല്ലെങ്കിൽ മർദ്ദനം പുറത്തു വരികയാണെങ്കിൽ ഭയങ്കരമായ പ്രതിഷേധവും തിരിച്ചടിയും ഉണ്ടാകുമെന്നുള്ള ഭയമാണ്. ഇൻഡ്യയിൽ മുസ്ലീം ന്യൂനപക്ഷത്തിന്റെ സംരക്ഷണത്തിനുവേണ്ടി ആയിരക്കണക്കിന് ആളുകൾ ജീവൻബലിയർപ്പിച്ചിട്ടുണ്ട്. മതന്യൂനപക്ഷത്തിന്റെ സംരക്ഷകരായിട്ടുള്ളത് കമ്മ്യൂണിസ്റ്റുകാരാണ്. ജനങ്ങളുടെ പേരിൽ ഞാൻ ആവശ്യപ്പെടുന്നു, നിങ്ങൾ അന്വേഷണം നടത്തണമെന്ന് ജനാധിപത്യത്തിനു

LIBRARY ARCHIVES Kerala Legislative Assembly

മാറിയുമെന്നു ബോധ്യമായില്ലെങ്കിൽ ജനങ്ങൾ പലതും ചെയ്യും. അവർ അസംഘടിതരാണ്, ആയുധമില്ലാത്തവരാണ് എന്നു വിചാരിച്ച് എന്തും ചെയ്യുകയാണെങ്കിൽ അതിനെതിരായി കേരളത്തിലെ ജനങ്ങൾ അണിനിരക്കാൻ പോകുകയാണ്, ജനശക്തിയെ നേരിടാൻ നിങ്ങൾക്കു സാധ്യമല്ല.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ഞാൻ ഈ ധനാഭ്യർത്ഥനയെ ശക്തിയായി എതിർക്കുകയാണ്. പോലീസ് നയത്തെ സംബന്ധിച്ച് നമ്മുടെ മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും അവകാശപ്പെടുന്നത് മുമ്പത്തെ ഐക്യമുന്നണി ഗവൺമെന്റിന്റെ നയംതന്നെ തുടരുന്നു എന്നാണ്. ഇത് യാഥാർത്ഥ്യമല്ല. ഈ വിഷയത്തെ സംബന്ധിച്ച് ബഡ്ജറ്റ് പ്രസംഗത്തിൽത്തന്നെ ഒരു വാചകം എഴുതിച്ചേർത്തിട്ടുണ്ട്.

Even though the emphasis in administration has shifted from law and order to development, Government cannot afford to show any negligence or laxity in their responsibility in maintaining peace within the State.

എന്നു പറഞ്ഞിട്ട്, Welfare State എന്നതിനെ മാററിക്കൊണ്ട് പോലീസ് സ്റേററിലേക്ക് കടന്നിരിക്കുന്നു എന്ന അർത്ഥമാണ് ഈ വാചകത്തിന്റെ ഉള്ളിലടങ്ങിയിരിക്കുന്നത്. എന്താണ് ഈ സംസ്ഥാനത്ത് ഇന്നു നടക്കുന്നത്? പോലീസ്നയം മാററിയിട്ടില്ലെന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട സി. എച്ച്. മുഹമ്മദുകോയ പോലീസ് വകുപ്പിന്റെ ചാർജ്ജെടുത്തതിനുശേഷം ഈ സംസ്ഥാനത്ത് അദ്ദേഹത്തിന് പൂച്ചെണ്ട് സമർപ്പിക്കുന്നതിന് തയ്യാറായി മുന്നോട്ടു വന്നിട്ടുള്ളവർ ആരായിരുന്നു? കോഴിക്കോട് മൃഗീയമായ ലാത്തിച്ചാർജ് നടന്നതിന്റെ അടുത്തദിവസം ശ്രീ. കെ. കേളപ്പൻ സി. എച്ച്. മുഹമ്മദുകോയയ്ക്ക് പൂച്ചെണ്ട് സമർപ്പിച്ചുകൊണ്ട്, അഭിവാദനം അർപ്പിച്ചുകൊണ്ട് പ്രസ്താവനയിറക്കുകയുണ്ടായി. ഈ മർദ്ദനം ശരിയായിരുന്നു എന്നാണ് അദ്ദേഹം പറഞ്ഞത്. മലപ്പുറം ജില്ലാ വിരുദ്ധസമരത്തിന് നേതൃത്വംകൊടുത്ത, തളിയൽക്ഷേത്ര സമരത്തിന് നേതൃത്വം കൊടുത്ത ശ്രീ. കേളപ്പൻ ഒരു ദിവസം സുപ്രഭാതത്തിൽ സി. എച്ച് മുഹമ്മദുകോയയുടെ പോലീസ് നയത്തിന് അഭിനന്ദനം അർപ്പിച്ചത് എന്തുകൊണ്ടാണ്? ജനസംഘവും സ്വതന്ത്രാപാർട്ടിയും പോലീസ് നയത്തെ അഭിനന്ദിക്കുന്നത് എന്തുകൊണ്ടാണ്? കേരളാകാൺഗ്രസ് കയ്യടിച്ച് സ്വാഗതം ചെയ്യുന്നത് എന്തുകൊണ്ടാണ്? ശ്രീമാൻ കരുണാകരൻ ഇതിനെ സ്വാഗതം ചെയ്യുന്നത് എന്തുകൊണ്ടാണ്? അപ്പോൾ പോലീസ് നയം മാററിയിരിക്കുന്നു എന്നുള്ളതാണ്. ഇവിടെ നിങ്ങൾ പശ്ചിമ ബംഗാളിനെ ഉദാഹരിച്ചു പറയുന്നതു കേട്ടു, അവിടെ എന്തെല്ലാമോ നടക്കുന്നുണ്ടെന്ന്. എന്താണ് പശ്ചിമ ബംഗാളിൽ നടക്കുന്നത്? ഐക്യമുന്നണി ഗവൺമെന്റ് അധികാരമെടുത്ത ശേഷം രണ്ടുലക്ഷത്തോളം വരുന്ന ചണമിൽ തൊഴിലാളികൾ അവരുടെ അവകാശങ്ങൾക്കുവേണ്ടി ഐതിഹാസികമായ സമരം നടത്തി വിജയിച്ചു. അവിടെ 144 പാസാക്കിയില്ല, തൊഴിലാളികളെ ആരേയും അറസ്ററു ചെയ്തില്ല. ജോട്ടേദാറൻമാർ പതിനായിരക്കണക്കിന് ഏക്കർ ഭൂമി അന്യായമായി കൈയടക്കി വച്ചിരുന്നത് അവിടത്തെ കാർഷികത്തൊഴിലാളികൾ കൈവശപ്പെടുത്തി വിത്തു വിതച്ചു, കൊയ്ത്തു നടത്തി. അതിനെ എതിർക്കാൻ ജോട്ടേദാറൻമാർ തയ്യാറായപ്പോൾ കാർഷികത്തൊഴിലാളികൾക്ക് വിളവെടുക്കാനും വിത്തിറക്കാനും സംരക്ഷണം കൊടുക്കുമെന്നാണ് അവിടത്തെ ഗവൺമെന്റ് പറഞ്ഞത്. പശ്ചിമബംഗാളിലെ ആഭ്യന്തരമന്ത്രി അങ്ങനെയാണ് പ്രസ്താവിച്ചത്. ഇതിൽ എതിർപ്പുണ്ടായേക്കാം. വീയപുരത്ത് വെടിവച്ചതിനെ സംബന്ധിച്ച് ശ്രീ. പുരുഷോത്തമൻപിള്ള ഇവിടെ പറഞ്ഞു. അവിടെ ലാത്തിച്ചാർജ്ജു നടന്നതിന്റെ അടുത്തദിവസം കാലത്ത് അന്നത്തെ മുഖ്യമന്ത്രി നേരിട്ടുപോയി അന്വേഷണം നടത്തി. അങ്ങനെ അന്വേഷണം നടത്തിയതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ അന്നത്തെ സർക്കിൾ ഇൻസ്പെക്ടറെ സസ്പെൻറുചെയ്തു കൊണ്ട് ആർഡറിട്ടു. ആ ഉത്തരവിനെ ചോദ്യം ചെയ്തത് ആരായിരുന്നു? അന്നത്തെ ഇവിടത്തെ മന്ത്രിയായിരുന്ന ശ്രീ. എം. എൻ. ഗോവിന്ദൻനായർ അതിനെ ചോദ്യം ചെയ്തു. കർഷകത്തൊഴിലാളികളുടെ നേരെ നടന്ന മർദ്ദനത്തിനെതിരായിട്ട് അന്നത്തെ മുഖ്യമന്ത്രി നടപടിയെടുത്തപ്പോൾ അന്നത്തെ ക്യാബിനററിൽ മന്ത്രിയായിരുന്ന എം. എൻ. ഗോവിന്ദൻനായർ പരസ്യമായി ആ നടപടിയെ എതിർക്കുകയാണ് ചെയ്തത്. അവർ ആരുടെ ഭാഗത്തു നിൽക്കുന്നു? കേരളാ കാൺഗ്രസ്സിൻെറ ഭാഗത്തു നിൽക്കുന്നു. ഞാൻ അതിനെക്കുറിച്ച് കൂടുതൽ വിശദീകരിക്കുന്നില്ല.

ഇവിടെ പോലീസിൻെറ കൃത്യനിർവ്വഹണത്തിൻെറ കാര്യം പറഞ്ഞു. എവിടെയാണ് നീതി നിർവ്വഹിക്കുന്നത്? പയ്യോളിയിൽ ജനസംഘക്കാരുടെ ആക്രമണത്തിനു വിധേയമായി മുഹമ്മദ്, ഉണ്ണി എന്ന ഞങ്ങളുടെ രണ്ടു സഖാക്കൾ മൃതിയടഞ്ഞു. ആ കേസിൽ നൂറു കണക്കിന് ഞങ്ങളുടെ പാർട്ടി അനുഭാവികൾ പ്രതികളാണ്. ആ കേസിൽ പ്രതികളായി ഞങ്ങളുടെ ആളുകളെ അറസ്ററുചെയ്തു. ഞങ്ങളുടെ ആളുകൾക്ക് ജാമ്യം കിട്ടുന്നതിനുവേണ്ടി സെഷൻസിൽ പോകേണ്ടിവന്നു. കൊലപാതകത്തിന് ഉത്തരവാദികളായ ജനസംഘം പ്രവർത്തകരേയും അറസ്ററുചെയ്തു. ഇവരെ അറസ്ററു ചെയ്ത് ഒരു മാസം കഴിഞ്ഞപ്പോൾ ഇവരുടെ ജാമ്യാപേക്ഷയിൻമേൽ അവിടത്തെ മജിസ്ട്രേട്ട് വിധി പ്രസ്താവിച്ചു, റിമാൻറ് നീട്ടാൻ നിർവ്വാഹമില്ലെന്ന്. കാരണം പോലീസുദ്യോഗസ്ഥൻമാർ ചാർജുഷീററ് സമയത്ത് കൊടുത്തില്ല എന്നുള്ളതാണ്. രണ്ടു കൊലപാതകങ്ങളുടെ ഉത്തരവാദികളായിട്ട്, 100 ഓളം ആളുകൾ പരിക്കേററ് ആശുപത്രിയിൽ അഭയം പ്രാപിക്കേണ്ടിവന്നിട്ട് ആ കേസിൽ ചാർജുഷീററു നൽകിയില്ലെന്നു പറഞ്ഞ് ആ മജിസ്ട്രേട്ട് അവരെ സ്വന്തം ജാമ്യത്തിൽ വിട്ടയയ്ക്കുന്നു. ഇതിൻെറ കാരണം പോലീസിൻെറ കുററകരമായ അനാസ്ഥയാണ്. പേരാംമ്പ്രയിൽ കുററിയാടി പോലീസ് സ്റേറഷൻ ആക്രമണത്തോടനുബന്ധിച്ച് ഞങ്ങളുടെ പ്രവർത്തകരെ അറസ്ററുചെയ്തു. നിരപരാധികളായ വീട്ടിൽ കിടന്നുറങ്ങിയ പ്രവർത്തകരെ അറസ്ററുചെയ്തു. അവറാൻകുട്ടി എന്ന ഞങ്ങളുടെ പ്രവർത്തകനെ അവിടത്തെ സബ് ഇൻസ്പെക്ടർ അറസ്ററു ചെയ്തു പോലീസ് സ്റേറഷനിൽ കൊണ്ടുവന്നു. അതുപോലെ എ. വി. കണ്ണൻ, പാലേരിയിലെ ഞങ്ങളുടെ പ്രവർത്തകനാണ് അയാളേയും അറസ്ററു ചെയ്തു. എ. വി. കണ്ണനെ അറസ്ററു ചെയ്തത് ഇടച്ചേരി സബ് ഇൻസ്പെക്ടർ സോളമനായിരുന്നു. അദ്ദേഹത്തിൻെറ രണ്ടു പല്ല് നഷ്ടപ്പെട്ടു. അവിടെ ലാക്കപ്പ് മർദ്ദനം നടന്നിട്ടില്ലെന്നാണ് പറയുന്നത്. നല്ല ആരോഗ്യവാനായ, 35 വയസ് പ്രായമുള്ള എ. വി. കണ്ണൻെറ വായിലെ മുൻവരിയിലെ രണ്ടു പല്ല് സോളമൻ എന്ന സബ് ഇൻസ്പെക്ടർ തല്ലി പറിച്ചെടുത്തു എന്നിട്ട് സി. എച്ച്. മുഹമ്മദുകോയ പറയുകയാണ്, അവിടെ പോലീസ് മർദ്ദനം നടന്നിട്ടില്ലെന്ന്. അതുപോലെ മരുതാൻകരയിലെ ചോലൻ എന്ന ഒരാളിനെ സൈക്കിൾ ചവുട്ടി വരുന്ന സമയത്ത് പിടിച്ചിറക്കി മൂന്നു ദിവസം പോലീസ് കസ്ററഡിയിൽവച്ച് മർദ്ദിച്ചു. ഐ. പി. കൃഷ്ണൻ എന്നയാൾ കോഴിക്കോട്ട് ലാത്തിച്ചാർജിൽ മർദ്ദനമേററ് ആശുപത്രിയിൽ കിടന്നു വീട്ടിൽ തിരിച്ചുവന്നിട്ട് ഏതാനും ദിവസമേ ആയുള്ളു. അയാളേയും പോലീസ് മർദ്ദിച്ചു. ഇങ്ങനെ അനവധി സംഭവങ്ങളുണ്ട്. ഞാൻ അതിൻെറ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. എന്നിട്ട് നമ്മുടെ ആഭ്യന്തരമന്ത്രി പറയുന്നത് അവിടെ ലാക്കപ്പു മർദ്ദനമേ നടന്നിട്ടില്ലെന്നാണ്. നിങ്ങളുടെ വിശ്വാസം നിങ്ങളെ രക്ഷിക്കട്ടെ. പേരാംമ്പ്രയിലെ ആളുകൾക്കെല്ലാം ഈ കാര്യം അറിയാം. അങ്ങയുടെ പാർട്ടിയിൽപ്പെട്ട ആളുകൾക്കുമറിയാം. ഗുരുതരമായ മർദ്ദനമാണ് അവിടെ നടന്നിട്ടുള്ളത്. നിരപരാധികളെ മർദ്ദിച്ചിട്ടുണ്ട്. 8-ാം തീയതി അറസ്ററു ചെയ്തവരെ 28-ാം തീയതി

LIBRARY ARCHIVES,Kerala Legislative Assembly

യാണ് പോലീസ് കോടതിയിൽ ഹാജരാക്കിയിട്ടുള്ളത്. ഈ കാര്യം ആഭ്യന്തരമന്ത്രിതന്നെ പ്രസ്താവിച്ചിട്ടുള്ളതാണ്. ഞങ്ങളുടെ പ്രവർത്തകനായ അവറാൻകുട്ടിയെ അറസ്റ്റു ചെയ്തതിനെ സംബന്ധിച്ചിടത്തോളം സംസാരിക്കാനായി എട്ടു ദിവസം കഴിഞ്ഞതിനുശേഷം ഞാൻ കുററിയാടി പോലീസ് സ്റ്റേഷനിൽപോയി. ഡി. വൈ. എസ്. പി. യുമായി സംസാരിച്ചു. അവറാൻകുട്ടിയുടെ പിതാവ് പള്ളിയിൽ നിരാഹാരം കിടക്കുകയാണ്. തന്റെ മകൻ ജീവിച്ചിരിപ്പുണ്ടോ എന്നു അറിയുന്നതിനുവേണ്ടിയാണ് ഞാൻ അവരോട് പറഞ്ഞു. എട്ടു ദിവസമായി അയാൾ പോലീസ് കസ്റ്റഡിയിലാണെന്നാണ് ഡി. വൈ. എസ്. പി. പറഞ്ഞത്. ഇവിടെ സി. എച്ച്. മുഹമ്മദുകോയ പറയുന്നു പോലീസ് മർദ്ദനം നടന്നിട്ടില്ലെന്ന്. വിരോധമില്ല. കാവുങ്കൽ കുഞ്ഞിരാമൻ എന്ന ഒരാളെ 27-ാം തീയതി അറസ്റ്റുചെയ്തു പേരാമ്പ്രയിൽ കൊണ്ടുവന്നു. അയാളെ അറസ്ററുചെയ്തു കൊണ്ടുവന്നത് 100 കണക്കിന് ആളുകൾ കണ്ടതാണ്. എന്നിട്ട് പോലീസ് വാർത്ത പത്രത്തിൽ വന്നത് അയാളെ തിരുനെല്ലികാട്ടിൽവച്ച് അറസ്റ്റുചെയ്തു എന്നാണ്. ഇതേക്കുറിച്ച് അന്വേഷിക്കണം. ഇത്രയും ആളുകൾ അയാളെ അറസ്റ്റു ചെയ്തു കൊണ്ടുവരുന്നത് പരസ്യമായി കണ്ടതാണ്. അവരുടെ കണ്ണു കെട്ടി വിശ്വസിപ്പിക്കാൻ കഴിയുകയില്ല. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല.

പിന്നെ ഇവിടെ പറഞ്ഞു. പോലീസ് സ്റ്റേഷനിൽ നിന്നു ഒരു കസേര എടുത്തുകളഞ്ഞിരിക്കുന്നുവെന്ന്. പേരാമ്പ്ര പോലീസ് സ്റ്റേഷനിലെ മണി എന്ന സബ് ഇൻസ്പെക്ടർ ഞങ്ങളുടെ ആളുകളെ പിടിക്കാൻ സമർത്ഥനാണ്. നവംബർ ഒന്നാംതീയതിയിലെ കേസിലെ പ്രതികളായ ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട 14 പേർ കോടതിയിൽ ഹാജരാകാൻ പോയപ്പോൾ കോടതിയുടെ മുൻപിൽ പോലീസുകാരെ നിറുത്തി പിടിക്കാൻ ശ്രമിച്ച ആളാണ് ഈ സബ്ഇൻസ്പെക്ടർ. ഏതായാലും അതിനൊന്നിനും അവിടത്തെ മുസ്ലീംലീഗുകാർക്ക് വിരോധമുണ്ടായിരുന്നില്ല. ഒരു മുസ്ലീംലീഗു പ്രവർത്തകനെ ഒരു ദിവസം ഈ സബ് ഇൻസ്പെക്ടർ പിടിച്ച് പോലീസ് സ്റ്റേഷനിൽ കൊണ്ടുവന്നു കുറച്ചു മണിക്കൂർ കഴിഞ്ഞതിനുശേഷം വിട്ടയച്ചു. അതിനെത്തുടർന്ന് അവിടത്തെ മുസ്ലീംലീഗ് പ്രവർത്തകർ ഫോണും കമ്പിയുമയച്ച് സംസാരിച്ചതിന്റെ ഫലമായി ആ സബ് ഇൻസ്പെക്ടറെ നിമിഷം വച്ചു സ്ഥലംമാററി. കാൺഗ്രസ്സുകാരും മററു ചില ആളുകളെയും എല്ലാം കൂടിചെർന്ന് ആയിരത്തോളംപേർ ഒപ്പിട്ട ഒരു നിവേദനം അയച്ചപ്പോൾ അത് സ്റ്റേചെയ്തു. അപ്പോൾ മുസ്ലീംലീഗു പ്രവർത്തകർ പറഞ്ഞു, ഞങ്ങളുടെ ആഭ്യന്തരമന്ത്രി ഭരിക്കുമ്പോൾ ഒരു പോലീസ് സബ് ഇൻസ്പെക്ടറെ മാററാൻ ഞങ്ങൾക്ക് അധികാരമില്ലേ എന്ന്. ആ സബ് ഇൻസ്പെക്ടറെ മാററിയതിനെക്കുറിച്ച് നിങ്ങൾ അന്വേഷിക്കാൻ തയ്യാറുണ്ടോ? അതേപ്പററി സംസാരിക്കാൻ തയ്യാറുണ്ടോ? അതൊന്നും സംസാരിക്കേണ്ട ആവശ്യമില്ല. ഇതൊന്നും ഇടപെടലല്ല. കുത്തിയതോട് പോലീസ് സ്റ്റേഷനിൽ നടന്നത് എന്താണ്? അവിടത്തെ സബ് ഇൻസ്പെക്ടറെ മാററിയത് എങ്ങനെയാണ്? വലതു കമ്മ്യൂണിസ്ററുകാർ ഇടപെട്ടതിന്റെ ഫലമായിട്ടല്ലേ മാററിയത്? കാർഷികത്തൊഴിലാളികളെ മർദ്ദിക്കുന്നില്ലെന്നു പറഞ്ഞല്ലേ മാററിയത്. വലതു കമ്മ്യൂണിസ്ററുകാർക്ക് തൃപ്തിയാവോളം കാർഷികത്തൊഴിലാളികളെ മർദ്ദിക്കുന്നതിന് പോലീസ് തയ്യാറായില്ല. അതിന്റെ പേരിൽ അന്വേഷണം നടന്നു. നിങ്ങൾ അന്വേഷണം നടത്തുന്നില്ലെന്നു പറയുന്നില്ല. ഭരണകക്ഷികളിൽപ്പെട്ട ആളുകൾ, വലതുകമ്മ്യൂണിസ്ററുകാരും മുസ്ലീംലീഗുകാരും കേരളാകാൺഗ്രസുകാരും ആവശ്യപ്പെട്ടാൽ നിങ്ങൾ അന്വേഷണം നടത്തുന്നുണ്ട്. അന്വേഷണം നടത്തുന്നുണ്ട്, അതിനനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ എടുക്കുന്നുണ്ട്. ഉദ്യോഗസ്ഥൻമാർക്കെതിരായി പക്ഷപാതപരമായ നടപടികളെടുക്കുന്നുണ്ടെന്നുള്ള വസ്തുത അറിയാം.

ഈ രാജ്യത്തു നടക്കുന്ന പോലീസ് മർദ്ദനം ലോക്കപ്പ് മർദ്ദനം എന്നീ വെടിവയ്പ്പിനെപ്പററിയല്ല സംസാരിക്കുന്നത്, ലാത്തിച്ചാർജിനെപ്പററിയാണ്. ഈ രാജ്യത്ത് നടക്കുന്ന നിയമരാഹിത്യം പോലീസിനു പ്രതികളെ പിടിച്ചു കോടതിയിൽ ഹാജരാക്കാനേ അധികാരമുള്ളു എന്നാണ് പറയുന്നത്. പക്ഷേ ഇന്നു പോലീസ് സ്റേറഷനിൽ നടക്കുന്ന മർദ്ദനം കേരളത്തിൽ എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുകയാണ്. ഇതുപോലെ രാപകൽ പോലീസ്സ്റേറഷനിൽ മർദ്ദനം ഉണ്ടായിട്ടുണ്ടോ? ആലപ്പുഴയിലാകെ മർദ്ദനം നടക്കുന്നത് കർഷകത്തൊഴിലാളികളുടെ നേർക്കാണ്. അവകാശങ്ങൾക്കുവേണ്ടി ശക്തിയായി മുന്നേറുമ്പോൾ അവരെ അടിച്ചമർത്തുക എന്നുള്ളത് നിങ്ങളുടെ ആവശ്യംമാത്രമാണ്. സർ, ഒരു കാര്യംകൂടി. ആലുവായിലെ എഫ്. ഏ. സി. ടി. യിലെ ഒരു സംഘടനാപ്രവർത്തകൻ ഒരു കമ്പി സന്ദേശം അയച്ചിട്ടുണ്ട്. ആലുവായിലെ എഫ്. ഏ. സി. ടി. യിലെ കൊച്ചിൻ ഡിവിഷനിൽ 160 തൊഴിലാളികളെ പിരിച്ചുവിട്ടിട്ട് പകരം സെൻട്രൽ സെക്യൂരിററി ഫോഴ്സ് ആക്ട് നടപ്പാക്കാൻ തീരുമാനിച്ചുകൊണ്ട് മാനേജുമെൻറ് നോട്ടീസിട്ടിരിക്കുന്നു എന്നാണതിൽ പറയുന്നത്. സർ, ഈ 160 ഓളം തൊഴിലാളികളെ പിരിച്ചുവിട്ടത് കേരളത്തിൽ സെൻട്രൽ സെക്യൂരിററി ഫോഴ്സ് ആക്ററ് നടപ്പിലാക്കാൻതീരുമാനിച്ചിരിക്കുന്നത് ആദ്യമായാണ്. മദ്രാസിൽ ഇതു നടപ്പാക്കാൻ തീരുമാനിച്ചപ്പോൾ അവിടത്തെ മുഖ്യമന്ത്രി പറഞ്ഞു അതു പാടില്ലെന്ന്. എന്നാൽ കേരളത്തിൽ തൊഴിലാളികളെ പിരിച്ചുവിട്ടുകൊണ്ട് ആ ആക്ട് നടപ്പാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇതിനെതിരായി ഈ ഗവൺമെൻറിന് എന്തെങ്കിലും സംസാരിക്കാനുണ്ടോ? പട്ടാളഭരണംവന്നാൽപ്പോലും പ്രതിയെ പട്ടാളക്കോടതിയിൽ ഹാജരാക്കാം. ഇവിടെ പട്ടാളക്കോടതിയില്ല. ഇവിടെ ഏതെങ്കിലും പോലീസുകാരൻ മർദ്ദിക്കുകയാണു ചെയ്യുന്നത്. കോടതിയിൽ ഹാജരാക്കുകയില്ല. പോലീസുകാരനെ, മർദ്ദിക്കാൻവേണ്ടി ശിക്ഷിക്കാൻവേണ്ടി വിട്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ ഇന്നു കോടതിയിൽ പോകാനുള്ള സന്ദർഭംപോലും കിട്ടുന്നില്ല. അങ്ങനെയുള്ള നിയമരാഹിത്യമാണ് ഇവിടെ നടക്കുന്നത്. അതുകൊണ്ട് ഞാൻ ഈ ഡിമാൻറിനെ എതിർക്കുന്നു, ഈ ഗവൺമെൻറിന് അധികകാലം തുടരാൻ സാധിക്കുകയില്ലെന്ന് ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. കെ. കരുണാകരൻ: സർ, പോലീസിനും ജയിലിനും വേണ്ടിയുള്ള ധനാഭ്യർത്ഥനകളെക്കുറിച്ചുള്ള ചർച്ചകളിൽ ഇന്നെന്നല്ല എന്നും ശക്തിയായ വിമർശനങ്ങൾ ഉണ്ടാകാറുണ്ട്. ഏതു പാർട്ടി ഭരിക്കുന്നു എന്നുള്ളതല്ല. ഏതു പാർട്ടി ഭരിക്കുമ്പോഴും കേരളത്തിലെന്നല്ല, ഇൻഡ്യയിലെ മററു പല സംസ്ഥാനങ്ങളിലും വിമർശനങ്ങൾ നടക്കുന്ന രണ്ടു വകുപ്പുകളാണ് പോലീസും ജയിലും. ഈ രണ്ടു വകുപ്പുകളുടെ പ്രവർത്തനവും വിമർശനത്തിനു വിധേയമാകുന്നതിൻെറ സാഹചര്യവുംകൂടി കണക്കിലെടുക്കേണ്ടതുണ്ട്. വിശേഷിച്ച് പോലീസ് വകുപ്പ്. നിയമസമാധാനപാലനത്തിൽ തങ്ങളുടെ പങ്കു വഹിക്കുകയാണ് പോലീസിൻെറ ചുമതല. അവർ തങ്ങളുടെ കൃത്യനിർവ്വഹണത്തിലേർപ്പെടുമ്പോൾ പലപ്പോഴും ആളുകളെ വേദനിപ്പിക്കേണ്ടതായ സന്ദർഭങ്ങളും വരും. വേദന ആർക്കും സുഖകരമായ കാര്യമല്ല. ആ കാരണത്താൽ വേദനിപ്പിക്കുന്ന ആളുകളോടുള്ള വിരോധം സ്വാഭാവികമായി ഉണ്ടാകാറുണ്ട്. എന്നാൽ ചില കാലങ്ങളിൽ ഈ വകുപ്പ് കൈകാര്യം ചെയ്യുന്നതിൽ ഉണ്ടാകാവുന്ന മാററങ്ങൾമൂലം ആ വകുപ്പിൻെറ പ്രവർത്തനത്തിനും മാററങ്ങൾ സംഭവിക്കാറുണ്ട്. നമ്മുടെ സംസ്ഥാനത്തുതന്നെ 1960—64 വരെയുള്ള കാലത്ത് പോലീസ് വകുപ്പിൻെറ പ്രവർത്തനത്തിന് വളരെയധികം

LIBRARY ARCHIVES Kerala Legislative Assembly

പ്പൂച്ചെണ്ടുകൾ കിട്ടിയിട്ടുണ്ട്. ഭരണകക്ഷിയും പ്രതിപക്ഷവും ഒരുപോലെ ആ കാലഘട്ടത്തെ അനുകൂലിച്ചു സംസാരിച്ചിട്ടുണ്ട്. ഇന്നുള്ള പോലീസുകാർതന്നെയാണ് അന്നുമുള്ളത്. എന്താണ് ഈ വ്യത്യാസത്തിനു കാരണം? പോലീസ് വകുപ്പിന്റെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അതു കൈകാര്യം ചെയ്യുന്നതിൽ വളരെയധികം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. അതേ അവസരത്തിൽത്തന്നെ ഒരു വശംകൂടിയുണ്ട്. പോലീസ് വകുപ്പ് കാര്യക്ഷമമായി നടത്തുന്നതിന്, പോലീസ്‌വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നത് തങ്ങളുടെ പ്രവർത്തനത്തിന് തടസ്സമായി കരുതുന്ന ചില ശക്തികളുണ്ട്. ഒരുകാലത്ത് സാമൂഹ്യവിരുദ്ധൻമാർമാത്രമായിരുന്നു അതിനെ എതിർത്തിരുന്ന ആളുകൾ. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ നമ്മുടെ രാഷ്ട്രീയപാർട്ടികളും അതിനെ ഇഷ്ടപ്പെടാതായിത്തീർന്നിട്ടുണ്ട്. സാമൂഹ്യവിരുദ്ധൻമാർ സ്വീകരിച്ചിരുന്ന സമരമുറകളും മാർഗ്ഗങ്ങളും സ്വീകരിക്കുന്ന രാഷ്ട്രീയപാർട്ടികൾ സ്വാഭാവികമായി അങ്ങനെ നീങ്ങുന്നതിൽ തെററുണ്ടെന്നു പറയാൻനിവൃത്തിയില്ല. അങ്ങനെവരുമ്പോൾ, പോലീസ്‌വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാകുകയാണെങ്കിൽ തങ്ങളുടെ രാഷ്ട്രീയപ്രവർത്തനത്തിന് അതു വിഘാതമാകുമെന്നു കരുതുന്ന ആളുകൾക്ക് അവരുടെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നതിന് ഒരൊററ മാർഗ്ഗമേയുള്ളു: പോലീസിനെ നഖശിഖാന്തം എതിർക്കുക; സ്ഥാനത്തും അസ്ഥാനത്തും. പോലീസ് എക്സസിനെസംബന്ധിച്ചുള്ള മുദ്രാവാക്യം കഴിഞ്ഞ മൂന്നുനാലുമാസമായി തുടർച്ചയായി നടക്കുകയാണ്. സർ, ഈ വിമർശനങ്ങളൊക്കെ കേട്ടാൽത്തോന്നും ഇതിനുമുമ്പുള്ള കാലഘട്ടത്തിൽ ഇവിടെ എല്ലാം ഭംഗിയായി നടന്നിരുന്നു എന്ന്. എന്റെ വലത്തുവശത്തിരിക്കുന്ന മാർക്സിസ്ററു സ്നേഹിതൻമാരുടെ വിമർശനങ്ങൾ കേൾക്കുമ്പോൾ കേരളത്തിൽ നാലുമാസംമുമ്പ് ആരും ജീവിച്ചിരുന്നില്ലെന്നു തോന്നും. പോലീസിന്റെ മർദ്ദനങ്ങളെസംബന്ധിച്ച്, പോലീസിന്റെ വിവേചനാപരമായ പ്രവർത്തനങ്ങളെ സംബന്ധിച്ച്, മാർക്സിസ്ററുകാരെക്കൊണ്ട് ജീവിക്കാൻ സാധ്യമല്ലാത്ത സാഹചര്യങ്ങളെസംബന്ധിച്ച് നിരവധിനിരവധി അടിയന്തിരപ്രമേയങ്ങളും ശ്രദ്ധക്ഷണിക്കൽ പ്രമേയങ്ങളും ഞാൻ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്........

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: എന്നിട്ടും ബാക്കിയായി വന്നല്ലോ?

ശ്രീ. കെ. കരുണാകരൻ: ബാക്കിയായി വരും. ബാക്കിയാകുകയും ചെയ്യും, ബാക്കിയാക്കുകയും ചെയ്യും.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ആര്യാടൻ മുഹമ്മദ് സഖാവ് കുഞ്ഞാലിയെ വെടിവച്ച സംഭവവും മാർക്സിസ്ററുകാരുടെതായിരിക്കും.

ശ്രീ. കെ. കരുണാകരൻ: കോടതിയുടെ മുമ്പാകെ ഇരിക്കുന്ന പ്രശ്നമാകുന്നതുകൊണ്ട് ഞാൻ അതെപ്പററി പറയാൻ ഇപ്പോൾ മുതിരുന്നില്ല. സർ, ആരാണ് ഈ പോലീസ് മർദ്ദനത്തെക്കുറിച്ചു പറയുന്നത്...............

ശ്രീ. എ. വി. കുഞ്ഞമ്പു: സർ, ഒരു ചോദ്യം..........................

ശ്രീ. കെ. കരുണാകരൻ: സമയമില്ല. നിരവധിനിരപരാധികളെ പൊതുനിരത്തിലിട്ട് കഠാരയ്ക്കു വിധേയമാക്കി അവരുടെ രക്തം കൈയിൽ മുക്കി ആഹ്ലാദംകൊണ്ട പാർട്ടിയാണ് ഈ പോലീസ്‌മർദ്ദനത്തെപ്പററി പറയുന്നത്.

ശ്രീ. എ. വി. ആര്യൻ: ശ്രീമാൻ കെ. കെ. ബാലകൃഷ്ണൻ...........

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: സർ, ഞാൻ വഴങ്ങുന്നില്ല. ഈ വകുപ്പിന്റെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ ഒരുകാര്യംകൂടി പറയാനുണ്ട്. കൈയേറ്റം നടത്തിയാൽ പോലീസുകാർ ആദ്യമായി ശ്രദ്ധിക്കേണ്ടത് ആരാണ് കൈയേറ്റം ചെയ്തത് ആരാണ് കൈയേറ്റം ചെയ്യപ്പെട്ടത് എന്നാണ്. കൈയേറ്റം ചെയ്തത് മാർക്സിസ്റ്റുകാരാണെങ്കിൽ വിളിച്ചു വീശിക്കൊടുക്കുകയല്ലാതെ മറ്റൊന്നും മുൻഗവൺമെന്റിന്റെ കാലത്തുചെയ്തിരുന്നില്ല. സർ, രാഷ്ട്രീയപാർട്ടികളുടെ ചട്ടുകങ്ങളായി പ്രവർത്തിക്കുന്നതിനുള്ള നിരവധി ഉദാഹരണങ്ങളും ജഡ്ജ്മെന്റുകളുമുണ്ട്. അങ്ങനെയുള്ളവർ ഇന്നു പോലീസിന്റെ നടപടിയെക്കുറിച്ചു വിമർശിക്കാൻ മുതിരുകയാണ്. തങ്ങൾക്കു തൊഴിൽവേണമെന്നുപറഞ്ഞു നിവേദനംനടത്താൻ ചെന്ന യുവാക്കളെ മർദ്ദിച്ചതിനെക്കുറിച്ച് ഞാൻ ആ ഭാഗത്തിരുന്നുകൊണ്ട് ഒരു അടിയന്തിരപ്രമേയം അവതരിപ്പിച്ചുകൊണ്ടു സംസാരിച്ചപ്പോൾ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീമാൻ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു പറഞ്ഞു പോലീസ് അത്യാവശ്യമായി വരുമ്പോൾ ഇങ്ങനെയെല്ലാം ചെയ്യും, ചെയ്യുമ്പോൾ അളന്നു മുറിച്ചൊന്നും ചെയ്യാനൊക്കുകയില്ല എന്ന്. ചിലപ്പോൾ മർദ്ദിക്കും. പിഞ്ചു വിദ്യാർത്ഥികൾ സമരം നടത്തിയപ്പോൾ സമരം നടത്താൻ ആഹ്വാനംനടത്തിയത് കെ. എസ്.യു. ആണെന്നു പറഞ്ഞുകൊണ്ടു അവന്റെ നെറുകയിൽ തല്ലുകയാണ് മാർക്സിസ്റ്റുകാരുടെ ഭരണകാലത്തു ചെയ്തത്. എന്നിട്ട് ഇപ്പോൾ പ്രതിപക്ഷത്തിരുന്നുകൊണ്ടു പറയുകയാണ് പോലീസ്മർദ്ദനം പോലീസ്മർദ്ദനം. ഇങ്ങനെയുള്ള മുദ്രാവാക്യം തുടർച്ചയായി കേൾക്കുമ്പോൾ ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയോട് ഒരു കാര്യം പറയാനുണ്ട്. ബഹുമാനപ്പെട്ട സി. എച്ച്. മുഹമ്മദുകോയ നിയമ പരിപാലനത്തിന്റെ കാര്യത്തിൽ ആത്മാർത്ഥമായ ശ്രമം നടത്തുന്നുണ്ട്. അതേ അവസരത്തിൽത്തന്നെ ആ ശ്രമത്തെ പിന്തിരിപ്പിക്കാൻ ഉള്ള തുടർച്ചയായി മുറവിളി കേൾക്കുമ്പോൾ പരിഭ്രാന്തരായി, ഭയവിഹ്വലരായിമാറിനിൽക്കാൻ അദ്ദേഹം മുതിരുകയില്ലെന്നു ഞാൻ വിശ്വസിക്കുകയാണ്. പോലീസിന്റെ എക്സസ് ഉണ്ടാകുന്ന അവസരത്തിൽ യാതൊരു മുൻഗണനയും നോക്കാതെ അന്വേഷിക്കണം. എക്സസ് ആണെന്നു പറഞ്ഞു കുറെ മുറവിളി കൂട്ടിയതുകൊണ്ടുമാത്രം എക്സസ് ആകുകയില്ല. എക്സസ് ഉള്ള സ്ഥലങ്ങളുമുണ്ട്. ആവക കാര്യങ്ങളെക്കുറിച്ചന്വേഷിക്കുകയുംവേണം. സമയക്കുറവുകൊണ്ട് ഞാൻ അതിനെപ്പറ്റി ദീർഘമായി സംസാരിക്കുന്നില്ല. അങ്ങനെയുള്ള ആവലാതികളെസംബന്ധിച്ചിടത്തോളം ശരിയായ അന്വേഷണം നടത്തണം. നിരപരാധികളായ ആളുകൾ മർദ്ദിക്കപ്പെടാൻ പാടില്ല. ഏതു ഭാഗത്തുനിന്നു ലോക്കപ്പുമർദ്ദനത്തെപ്പറ്റി ആവലാതിയുണ്ടായാലും അതിന് കർശനമായ നടപടികൾ സ്വീകരിക്കണം. മനുഷ്യത്വപരമായ പുരോഗമനപരമായ ഒരു സർക്കാരിന് നിഷിദ്ധമായിട്ടുള്ള ലോക്കപ്പുമർദ്ദനം എന്തു കാരണത്താലുണ്ടായാലും ശരി അത് എതിർക്കേണ്ടതാണ്. സർ, ഈ അവസരത്തിൽ ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. നമ്മുടെ പോലീസ് വകുപ്പിന്റെ കാര്യത്തിൽ അതിന്റെ മേലധികാരികൾ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുണ്ട്. മേലധികാരിയെക്കുറിച്ച് എനിക്ക് വ്യക്തിപരമായി ഒന്നും പറയാനില്ല. അദ്ദേഹം നല്ലയാളാണ്. പക്ഷേ അദ്ദേഹം ഐ. ജി. എന്നുള്ളനിലയിൽ ചെയ്യുന്ന പ്രവർത്തികൾ പക്ഷപാതപരമായിട്ടാണു ചെയ്യുന്നത് എന്നുള്ള പരാതിയുണ്ട്. സി. ആർ. പി. യുടെ കാര്യമാണ്, ഒന്ന്. സമയക്കുറവുകൊണ്ടു ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. ഇന്നുതന്നെ എനിക്കു കിട്ടിയിട്ടുള്ള വിവരമനുസരിച്ച് വിവേചനാപരമായി പ്രവർത്തിക്കുന്നതിനുള്ള ഒരു ഉദാഹരണം പറയാം. അദ്ദേഹത്തിന്റെകീഴിലുള്ള ഒരു ഉദ്യോഗസ്ഥന് അർഹതയുള്ള സ്ഥാനം കിട്ടിയില്ലെന്നുപറഞ്ഞ് (അർഹതയൊക്കെ നിശ്ചയിക്കുന്നത് ഉത്തരവാദ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ടവരാണ്, അതൊക്കെ അവർ തീരുമാനിക്കും) കോടതിയിൽപോയി വാദിച്ച് അയാൾക്ക് അർഹതപ്പെട്ട സ്ഥാനം കൊടുക്കാൻ കോടതി കൽപന പുറപ്പെടുവിച്ചശേഷവും കോടതിയെ സമീപിച്ചു എന്നുള്ള കാരണവുംപറഞ്ഞു ഐ. ജി. അയാളുടെ അവകാശം നിഷേധിച്ചിരിക്കുകയാണ്. ഇതുവരെയും നിയമനം നടത്താതിരിക്കുകയാണ്. 5-ാം തീയതി ഇവിടെനിന്ന് ഓർഡർ കൊടുത്തതാണ്. കോടതിയിൽ പോയത് തെറ്റാണെന്നുപറയുന്ന ഇദ്ദേഹം ഇദ്ദേഹത്തിന്റെ കാര്യം വന്നപ്പോൾ കോടതിയിൽ പോയിട്ടുണ്ട്. ഈ കോടതിയിൽപോയി വാദിച്ച ഉദ്യോഗസ്ഥനാണെങ്കിൽ ഒരു ന്യൂനപക്ഷ സമുദായത്തിലെ അംഗവുമാണ്. ഇങ്ങനെയുള്ള കാര്യങ്ങളിൽ മേലധികാരികൾ നിഷ്പക്ഷമായി പ്രവർത്തിച്ചെങ്കിൽമാത്രമേ പോലീസുകാരും ന്യായമായി പ്രവർത്തിക്കുകയുള്ളു. സർ, ഇന്നു പോലീസിന്റെ സൈന്യം പോരാ എന്നുള്ള കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. എനിക്കൊരു നിർദ്ദേശം വയ്ക്കാനുണ്ട്. അതായത് സാധാരണഗതിയിലുള്ള സേവനം നടത്തുന്നതിന് ഹോംഗാർഡ്സിനെ ഉപയോഗപ്പെടുത്താവുന്നതാണ്. അവരെ പരിശീലിപ്പിക്കാം. അതുപോലെതന്നെ ആ വിഭാഗത്തെ പുനഃസംഘടിപ്പിക്കുകയുംചെയ്യാം. അതുകൊണ്ട് ഇക്കാര്യം പ്രത്യേകമായി പരിഗണിക്കണം. സർ, ഒരു കാര്യംകൂടി ചൂണ്ടിക്കാണിച്ചുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളാം. കുറ്റം ചെയ്തതിനുശേഷം കുറ്റത്തെ തടയാനുള്ള ഒരു ശ്രമമാണ് ഇവിടെ നടക്കുന്നത്. അതല്ല വേണ്ടത്. കുറ്റംചെയ്യാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. സർ, ജയിലിലെ ജീവനക്കാർക്ക് സൗകര്യങ്ങൾ ചെയ്യുന്നതോടൊപ്പംതന്നെ ജയിലിനകത്തു വച്ച് അട്ടിമറിപ്രവർത്തനങ്ങൾ നടത്തുന്നതിനു നക്സലൈറ്റ് പ്രവർത്തനം നടക്കുന്നുണ്ടെന്നും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ഇവയൊന്നും അട്ടിമറിപ്രവർത്തനം നടത്തുന്നതിനുള്ള സ്റ്റഡിക്ലാസുകൾ നടത്തുന്ന കലാലയങ്ങളായി മാറരുതെന്നഭ്യർത്ഥിച്ചുകൊണ്ടു ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. എം. മാണി: സർ, ഞാൻ ഈ പോലീസ് ഡിമാൻറിനെ പിന്താങ്ങുകയാണ്. ഈ ഗവൺമെൻറിന്റെ പോലീസ് നയം പരാജയപ്പെട്ടു എന്നും അത് പിശകാണെന്നും ഈ ഭരണത്തിന്റെ കീഴിൽ മുമ്പെങ്ങും കാണാത്തതായിട്ടുള്ള മർദ്ദനങ്ങൾ നടന്നുവെന്നും ഒരു പോലീസ് രാജിന്റെ അനുഭവമാണ് ഇവിടെയെല്ലാം കാണുന്നതെന്നുമുള്ള പ്രചരണങ്ങൾ വളരെയധികം പ്രതിപക്ഷ ബഞ്ചുകളിൽ നിന്നും ഉയർന്നു കേൾക്കുകയുയുണ്ടായി. ഞാൻ ഇതു സംബന്ധിച്ച് വിശ്വസിക്കുന്നത് ഈ ഗവൺമെൻറിനെയും ഇവിടത്തെ പോലീസ് നയത്തെയും താറടിച്ചു കാണിക്കുന്നതിനുള്ള സുസംഘടിതമായ ഒരു പരിശ്രമത്തിന്റെ ഭാഗം മാത്രമായിട്ടാണ്. പ്രതിപക്ഷ ഉപനേതാവായ ശ്രീമതി ഗൗരി പോലീസ് വകുപ്പിനെ ആക്ഷേപിച്ചു സംസാരിച്ച അവസരത്തിൽ അവരുടെ ഭാവനയിൽ ഈ രാജ്യത്തെ പെണ്ണുങ്ങൾക്ക് മനസ്സമാധാനമായിട്ടു കിടന്നുറങ്ങുവാൻ സാധിക്കുകയില്ലെന്നു പറഞ്ഞു. ഈ രാജ്യത്തെ സ്ത്രീകൾക്കു മനസ്സമാധാനമായിട്ട് കിടന്നുറങ്ങുവാൻ നിർവ്വാഹമില്ലെങ്കിൽ അതിന്റെ ഉത്തരവാദിത്വം സി. എച്ച്. മുഹമ്മദുകോയ ഏറ്റെടുക്കണമെന്നു പറഞ്ഞാൽ അതു ബാലിശമാണ്. ഇന്നു രാവിലെ ശ്രീമാൻ രാമുണ്ണി പറഞ്ഞു മൂവാറ്റുപുഴയിൽ ഡി. വൈ. എസ്. പി. യുടെ ആഫീസും ഭവനവും ശ്രീ. കെ. എം. ജോർജിന്റെ വീടിന് അടുത്ത് ആണ് അത് ശ്രീ. കെ. എം. ജോർജിന്റെ ദേഹരക്ഷയ്ക്കായിട്ടാണ് എന്ന്. പല ഡി. വൈ. എസ്. പി. മാർക്കും ക്വാർട്ടേഴ്സ് ഇല്ലാത്തതുകൊണ്ട് വീടും ആഫീസും ഒറ്റക്കെട്ടിടത്തിൽത്തന്നെയുണ്ട്. പാലായിൽ അങ്ങനെയാണ്. ഇരിങ്ങാലക്കുടയിൽ അങ്ങനെയാണ് ശ്രീമതി ഗൗരിയും മറ്റും പോലീസിനെപ്പറ്റി പല വിമർശനങ്ങളും നടത്തിയിട്ടുണ്ട്. വളരെ

ബാലിശമാണ്. പോലീസ്നയം പരാജയപ്പെട്ടുവെന്നുള്ള പ്രചരണംതന്നെ മിക്ക
വാറും ആ ഒരു ധാരണ ഈ രാജ്യത്തെ ജനങ്ങൾക്ക് നൽകുന്നതിനുവേണ്ടി മാത്ര
മാണ്. പക്ഷെ അത് അമ്പേ പരാജയപ്പെട്ടുവെന്നാണ് എനിക്കു പറയുവാനു
ള്ളത്. ബഹുമാനപ്പെട്ട ദക്ഷിണാമൂർത്തി ഇവിടെ പറയുകയുണ്ടായി കഴിഞ്ഞ
ഗവൺമെൻറിൻെറ തുടർച്ചയാണ് ഈ ഗവൺമെൻറ് പഴയ നയങ്ങളുടെ തുടർച്ച
യാണ്, പക്ഷെ പോലീസ് നയത്തിൽ മാററം വരുത്തിയിരിക്കുന്നുവെന്ന്.
പോലീസ് നയത്തിൽ മാററം സംഭവിച്ചുവെങ്കിൽ അതു പഴയ പോലീസ് നയം
പരാജയപ്പെട്ടതുകൊണ്ടാണ്. പോലീസ് നയത്തെസംബന്ധിച്ച് പറയു
മ്പോൾ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിൻെറ പ്രഖ്യാപനത്തെക്കുറിച്ച്
ഓർക്കുകയാണ്. തൊഴിൽ സമരങ്ങളിൽ ഇടപെടുകയില്ലെന്ന് പ്രഖ്യാപനം
അദ്ദേഹം ചെയ്യുകയുണ്ടായി. വളരെ നല്ല പ്രഖ്യാപനമാണ്. പോലീസ്
തൊഴിൽസമരങ്ങളിൽ ഇടപെടണമെന്നു ഞങ്ങളാരും പറയുന്നില്ല. അത് ഈ
ഗവൺമെൻറിൻെറ നയമല്ല. ശ്രീ. മുഹമ്മദുകോയ തന്നെ ഇവിടുത്തെ
പോലീസുനയം വ്യക്തമാക്കുന്ന സർക്കുലർ ഇവിടെ വായിക്കുകയുയുണ്ടായി.
കടലാസിൽ എഴുതിയിരിക്കുന്ന ഒരു വസ്തുത വച്ചുകൊണ്ട് അല്ല ഒരു
ഗവൺമെൻറിൻെറ നയം അളക്കേണ്ടത്. ശ്രീമാൻ ഇ. എം. എസ്. നമ്പൂതിരി
പ്പാട് തൊഴിൽസമരങ്ങളിൽ പോലീസ് ഇട്ടടപെടുകയില്ലെന്ന് സർക്കുലർ ഇട്ടു.
അതിൻെറ മറുവശം എന്താണ്? കഴിഞ്ഞ 32 മാസക്കാലം ശ്രീ. ഇ. എം. എസ്.
സിൻെറ ഭരണകാലത്തു ഈ രാജ്യത്ത് നടന്ന എല്ലാ കുടിയേററങ്ങളെയും കവർച്ച
കളെയും കൊലപാതങ്ങളെയും തൊഴിൽ സമരമായി ചിത്രീകരിച്ചുകൊണ്ട്
പോലീസിനെ നിർവ്വീര്യമാക്കിയ സാഹചര്യമാണ് ഉണ്ടായിരുന്നത്. പക്ഷെ
32 മാസക്കാലത്തെ ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടിൻെറ ഭരണകാലത്ത് ഈ
രാജ്യത്തെ പൗരൻമാരെ രണ്ടായിത്തിരിച്ചിരുന്നു. മാർക്സിസ്ററുകാരെന്നും,
മാർക്സിസ്ററിതരരെന്നും. മാർക്സിസ്ററുകാർക്ക് ഒരു നിയമവും മാർക്സി
സ്ററിതരർക്ക് വേറൊരുനിയമവും ആ ബഞ്ചിൽ ഇരുന്നു വിമർശിച്ചതാണ്.
മാർക്സിസ്ററുകാർ എന്തു ചെയ്താലും അവരുടെ പാർട്ടിപ്രവർത്തകൻമാർ
എന്തുചെയ്താലും പോലീസ് ശ്രദ്ധിക്കുകയില്ല. മാർക്സിസ്ററുകാരല്ലാത്ത
വരുടെപേരിൽ കള്ളക്കേസുകൾ എടുക്കുകയായി. മാർക്സിസ്ററുപാർട്ടിയിൽ
പ്പെട്ടവരുടെ മേൽ എടുക്കുന്ന കേസ് പിൻവലിപ്പിക്കും. നീതിനിർവ്വഹണം
നടത്തുവാൻ ആഗ്രഹിക്കുന്ന പോലീസ് ഉദ്യോഗസ്ഥൻ ഒരു കേസ് ചാർജു
ചെയ്താൽ അതു ഉടനെ പിൻവലിപ്പിക്കും. പിൻവലിക്കുവാൻ സാധി
ക്കാതെ കോടതി ശിക്ഷിക്കുകയാണെങ്കിൽ കോടതിശിക്ഷ ഇളവു ചെയ്യും.
പോലീസിനെ ട്രാൻസ്ഫർ ചെയ്യുന്നതിനെ സംബന്ധിച്ച് ദക്ഷിണാ
മൂർത്തി പറയുകയുണ്ടായി. കേസ് പിൻവലിക്കുവാൻ വിസമ്മതിച്ച ആഫീ
സറെ സസ്പെൻഡു ചെയ്യണമെന്നു കാണിച്ചു കണ്ണൂർ ജില്ലാ മാർക്സിസ്
ററുപാർട്ടി സെക്രട്ടറിയും, മാർക്സിസ്ററുപാർട്ടി സെക്രട്ടേറിയററും അയച്ച
ലെററർ ഇന്നും ഈ നിയമസഭയുടെ ലററർ ഫയലിൽ കാണും. സർ അന്നു
ഞങ്ങൾ കേട്ടത് മാർക്സിസ്ററുപാർട്ടിയുടെ ഇംഗിതമനുസരിച്ച് പ്രവർത്തി
ക്കാത്തതിന് എത്രയെത്ര പോലീസുകാരെയാണു ടെലഫോൺ സന്ദേശം
വഴി ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്? ആ അനുഭവമല്ലേയുള്ളത്. പിന്നെ
ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിൻെറ പോലീസ് നയം വിലയിരുത്തേണ്ടത്
ഈ രീതിയിലാണോ? ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടിൻെറ പോലീസ്
നയത്തിൻ കീഴിൽ 32 മാസത്തെ കിരാത ഭരണമായിരുന്നു. മാർക്സിസ്ററു
കാർക്കുവേണ്ടിയുള്ള ഭരണമായിരുന്നു. നിയമമസമാധാനം ഇല്ലായിരുന്നു.
നിഷ്പക്ഷമായ നീതിനിർവ്വഹണം നടന്നില്ല. നിയമങ്ങൾ തകർന്നു. ഈ
രാജ്യത്തെ ജനങ്ങൾ കണ്ടത് 32 മാസക്കാലത്തിനുശേഷം നിഷ്പക്ഷമായ
ഒരു പോലീസ് നയമായിരുന്നു. ഈ രാജ്യത്തെ ജനങ്ങൾക്കു തുല്യമായ
സംരക്ഷണം അവകാശപ്പെട്ടാം. തുല്യമായ കടമകളും ഉണ്ടെന്നു നിങ്ങളെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

ഓർക്കണമെന്നേ എനിക്കു പറയുവാനുള്ളൂ. ഈ ഗവൺമെൻറ് അധികാരത്തിൽ വന്ന നിമിഷംമുതൽ ഈ ഗവൺമെൻറിനെ അട്ടിമറിക്കുന്നതിനുവേണ്ടി എതു പിന്തിരിപ്പൻശക്തികളെയും കൂട്ടുപിടിക്കും തെരുവിൽവച്ചു കണ്ടുകൊള്ളാമെന്നു പറയുന്നത്, ശ്രീ ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് ഇത്തരം പ്രസ്താവനകൾ വച്ചപ്പോൾ ഈ ഗവൺമെൻറിനെതിരായി ആയുധമെടുത്തു സമരം ചെയ്യും ഒരു പരിതഃസ്ഥിതിയെക്കുറിച്ച് ഞാൻ പറയുകയാണ്. കേരളത്തിൽ ഒരു കാലഘട്ടത്തിലും ഈ മാതിരി ഭീതിജനകമായ ഒരു അന്തരീക്ഷം ഉണ്ടായിട്ടില്ല. ഇത്ര ഭീതിജനകമായ അന്തരീക്ഷം ഇതിനു മുമ്പ് ഉണ്ടായിരുന്നോ എന്നു ചോദിക്കുകയാണ്. ഈ രാജ്യത്തു മാർക്സിസ്റ്റുപാർട്ടിയുടെ നേതൃത്വത്തിൽ അഴിച്ചുവിട്ട അക്രമങ്ങളും അതിൻെറ ഫലമായി ഈ രാജ്യത്തു നടമാടുന്ന കുഴപ്പങ്ങളെയും സംബന്ധിച്ചാണ് പറയുന്നത്. എന്താണ് ചെയ്തത്? കുററിയാടിപോലീസ് സ്റേറഷൻ ആക്രമിച്ചു, ഉറങ്ങിക്കിടന്ന പോലീസുകാരൻെറ നേർക്കു കൈബോംബ് എറിഞ്ഞു. സി. ആർ. പി. യെ ചെമ്പുക്കാവിൽ വന്നു ഗ്രാനേഡ് എറിഞ്ഞു, ഉറങ്ങിക്കിടന്നവരെ വിളിച്ചെഴുന്നേൽപ്പിച്ച് ഭവനത്തിൻെറ മുററത്തുകൊണ്ടുവന്ന് തിരുനെല്ലിയിലും മാനന്തവാടിയിലും കൈ പൊക്കുവാൻ പറഞ്ഞിട്ട് വെടിവച്ചു കൊല്ലുകയാണ്.

ശ്രീ. പി. കുഞ്ഞൻ: സർ, പോയിൻറ് ആഫ് ഓർഡർ. സർ, ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് പല പത്രങ്ങളിലും ഈ സഭയിലും അതിനുത്തരവാദി മാർക്സിസ്റ്റുകാരല്ല, മററു ചില പാർട്ടിക്കാരാണെന്നു വീണ്ടും വീണ്ടും പ്രസ്താവിച്ചിരിക്കെ ഇനിയും മാർക്സിസ്റ്റുപാർട്ടിയാണ് നേതൃത്വം കൊടുത്തത് എന്നു പറയുന്നത് ഓർഡറിലാണോ?

ചെയർമാൻ : മെമ്പറുടെ അഭിപ്രായം പറഞ്ഞുവെന്നേയുള്ളു.

ശ്രീ. കെ. എം. മാണി: ഓടുന്ന ബസ്സുകളിൽ കല്ലെറിയുക, ആസിഡ് ബൾബെറിയുക, പെട്രോൾ ഒഴിച്ചു തീകത്തിച്ച് മനുഷ്യരെ ചുട്ടുകരിക്കുക, റെയിൽവേ പാളം ഇളക്കി ആയിരക്കണക്കിന് ആളുകൾ സഞ്ചരിക്കുന്ന തീവണ്ടി മറിച്ചിടുക, ടെലഫോൺ കണക്ഷൻ ഭേദിക്കുക, പാലങ്ങൾ തകർക്കുക, ഇത്തരം പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. നിഷ്പക്ഷമായി ഈ രാജ്യത്ത് നിയമസമാധാനം പാലിക്കണമെന്നുണ്ടെങ്കിൽ അതിരുകവിഞ്ഞ ചില ബലപ്രയോഗങ്ങൾ ചെയ്യേണ്ടിവരും. പക്ഷെ പോലീസിസിൻെറ ബലപ്രയോഗം അതിരു കവിഞ്ഞതാകുകയില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. സി. എച്ച്. മുഹമ്മദുകോയ ഇവിടെ പ്രഖ്യാപിക്കുകയുണ്ടായി.

ഈ നാട്ടിലെ ജനങ്ങൾക്കു സുരക്ഷിതത്വം നൽകുവാൻ ഈ ഗവൺമെൻറിന് ഉത്തരവാദിത്വമുണ്ട്. അതിൻെറ അടിസ്ഥാനത്തിൽ ഈ ഗവൺമെൻറു ധീരമായി മുന്നോട്ടുപോകുകയാണ്. കാവനാട്ടിലെ കൃഷ്ണൻകുട്ടി, ചെറിനാട്ടിലെ മണിയൻപിള്ള, പാണ്ടനാട്ടിലെ കൃഷ്ണൻനായർ, മേപ്പാടത്തെ യോഹന്നാൻ, പാണ്ടനാട്ടിലെ പടപ്പാൻ തുടങ്ങിയവരെ മാർക്സിസ്റ്റുപാർട്ടിനേതാക്കൾ അവിടെ പോയി ക്യാമ്പ് ചെയ്തു സ്ററഡീക്ലാസ് കൊടുത്തു ആളുകളുടെ ഭവനങ്ങൾതോറും വിട്ടു ആളുകളെ കശാപ്പുചെയ്തിട്ടു ഇപ്പോൾ പോലീസ് മർദ്ദനത്തെക്കുറിച്ചു പറയുകയാണ്. ഒരുകാര്യം ശ്രീ. സി. എച്ച്. മുഹമ്മദ്കോയയുടെ ദൃഷ്ടിയിൽ കൊണ്ടുവരുവാൻ ഞാനാഗ്രഹിക്കുകയാണ്. സ്റേററുകളുടെ ഉത്ഭവത്തെപ്പററി റൂസോയുടെയോ, ഹോബ്സിൻേറയോ ലോക്കിൻേറയോ തിയറികളിലേക്കു ഞാൻ കടക്കുന്നില്ല. സ്റേററുകൾ സ്ഥാപിച്ചത് മനുഷ്യൻെറ സുരക്ഷിതത്വത്തിനുവേണ്ടിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ നവംബർ 18-ാം തീയതി അതിരംകുഴിയിലും നവംബർ 25-ാം തീയതി പെരുങ്ങോട്ടുകുറിശിയിലും നവംബർ 28-ാംതീയതി കോടഞ്ചേരിയിലും തൊട്ടിൽപാലത്തും താമരശേരിയിലും എല്ലാം ആയുധങ്ങൾ കണ്ടെത്തിയിരിക്കുകയാണ്. ആസിഡ്ബൾബുകളും കൈബോംബുകളും മററു മാരകായുധങ്ങളും കണ്ടെടുത്തു. സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ആഹ്വാനം കൊടുത്തു, ആയുധം ശേഖരിക്കുവാനും അതു പ്രയോഗിക്കുവാനും. അതിന്റെ ഫലമാണ് കോഴിക്കോട്ടു നടന്നത്. സർ, ഇതിനെപ്പററി അന്വേഷണം നടത്തണം. ഐ. ജി. ക്കു കർശനമായ നിർദ്ദേശം കൊടുക്കണം. പോലീസിന് നിർദ്ദേശം കൊടുക്കണം. മാർക്സിസ്ററുപാർട്ടി ഒളിച്ചുവച്ചിരിക്കുന്ന ആയുധങ്ങൾ കണ്ടെടുക്കണം. പ്രിവൻറീവ് ആക്ഷൻ ഏർപ്പെടുത്തണം. അങ്ങനെ ജനങ്ങൾക്കു സംരക്ഷണം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനി അവസാനിപ്പിക്കുന്നു.

ശ്രീ. ഹക്കിംജി സാഹിബ്: സർ, ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണ്. പോലീസിനെ സംബന്ധിച്ച് ബഡ്ജററ് ചർച്ചാവേളയിലും മററു പല രംഗങ്ങളിലും ഈ നിയമസഭയിൽ വളരെ വികാരപരമായ പല ചർച്ചകളും നടന്നിട്ടുണ്ട്. പോലീസിന്റെ മർദ്ദനമുറയെ സംബന്ധിച്ച് ലാത്തിച്ചാർജുകളെ സംബന്ധിച്ച് വെടിവയ്പ്പിനെസംബന്ധിച്ച് ഒക്കെ അതിനിശിതമായ വിമർശനങ്ങൾ നടന്നിട്ടുണ്ട്. സത്യമായും ഇങ്ങനെയൊക്കെ സംഭവിച്ചിട്ടുണ്ടെങ്കിൽ പ്രതിപക്ഷ മെമ്പർമാരെക്കാൾ ഈ കാര്യത്തിൽ ഞാൻ ശക്തിയായി അധിക്ഷേപിക്കുമായിരുന്നു. എന്നാൽ അടിസ്ഥാനപരമായി നോക്കുമ്പോൾ ശ്രീമാൻ അച്യുതമേനോൻ ഗവൺമെൻറിന്റെ ഈ ചുരുങ്ങിയ കാലഘട്ടത്തിൽ ഇവിടെ നടന്നിട്ടുള്ള സംഭവവികാസങ്ങളെക്കുറിച്ച് പരിശോധിച്ചാൽ, നേരത്തെ ഈ സഭയിലും പുറത്തും പറഞ്ഞുകേട്ടിട്ടുള്ളത് എന്താണെന്നും ഈ മന്ത്രിസഭയെ മറിച്ചിടുന്നതിന് ഏതു ചെകുത്താനെയും കൂട്ടുപിടിക്കുക മാത്രമല്ല, ഏതു ആയുധവും എടുത്തു സമരംചെയ്യുമെന്ന് ഒരു പാർട്ടി ഈ രാജ്യത്തുടനീളം നടന്നു പ്രചരണം നടത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുമ്പോൾ—ഇതും ഇതിനപ്പുറവും നടത്തുവാൻ ഈ രാജ്യത്തെജനങ്ങൾ മടിക്കുകയില്ലെന്നും മനസ്സിലാക്കണം. സഖാവ് ശങ്കരൻ നമ്പൂതിരിപ്പാടിന്റെ ഭരണകാലത്ത്, അദ്ദേഹത്തിന് സ്ഥാനഭ്രംശം ഉണ്ടാകുന്നതിന് മുമ്പ് ഈ രാജ്യത്ത് കേന്ദ്രത്തിൽ നിന്നും പട്ടാളത്തെ കൊണ്ടുവരുന്നതിന് അപേക്ഷിച്ചിരുന്നു. കേരളത്തിലേക്കയയ്ക്കുവാൻ കേന്ദ്രത്തിൽ പട്ടാളത്തെ ഒരുക്കിനിർത്തിയിരുന്നതായി കേന്ദ്ര ഡിഫൻസ് വകുപ്പുമന്ത്രിയുടെ പ്രസ്താവന ഞാൻ പത്രത്തിൽ വായിച്ചിട്ടുണ്ട്. അവരെ ഇവിടെ കൊണ്ടുവരുന്നതിനു മുമ്പ് സ്ഥാനഭ്രംശം വന്നുപോയി. ഇന്നത്തെ ഗവൺമെൻറ് പട്ടാളത്തെയൊന്നും വിളിച്ചിട്ടില്ലല്ലോ. അതുപോലെതന്നെ ഇവിടെ ഈ മാർക്സിസ്ററുപാർട്ടിയുടെ ഭൂരിപക്ഷം മെമ്പർമാർ പോലീസ് വകുപ്പിനെക്കുറിച്ച് ഇത്രയേറെ ആക്രോശിക്കുമ്പോൾ ബംഗാളിൽ സഖാവ് ജ്യോതിബാസുവിന്റെ പോലീസിനെക്കുറിച്ച് സ്വാഭാവികമായും, പ്രതിപക്ഷക്കാരായ നിങ്ങൾ എന്തു പറയും. അവിടത്തെ കാര്യങ്ങൾ വച്ചു നോക്കുമ്പോൾ കേരളത്തിലെ ക്രമസമാധാനനിലയെക്കുറിച്ച് അന്വേഷിക്കാൻ ബംഗാളിലെ എം. എൽ. എ. മാരും എം. പി. മാരും ഇവിടെ വന്നുവെന്നു പറഞ്ഞാൽ മനസ്സാക്ഷി മാർക്സിസ്ററുപാർട്ടി ആഫീസിൽ പണയം വച്ചിട്ടില്ലാത്തവർക്ക് ഇതൊരു അപഹാസ്യമായ അസംബന്ധമായ അന്വേഷണമാണെന്നു പറയുവാൻ ഇടയാകുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഇതൊക്കെയായിരുന്നാലും ഒരു വെടിവയ്പ് ഉണ്ടായാൽ, ലാത്തിച്ചാർജ് ഉണ്ടായാൽ അതിനെക്കുറിച്ച് അന്വേഷണം നടത്തിക്കുമെന്ന് പോലീസ് മന്ത്രി ഈ

LIBRARY ARCHIVES Kerala Legislative Assembly

സഭയിൽ ഉറപ്പു പറഞ്ഞിട്ടുണ്ട്. അതുസംബന്ധിച്ച് അന്വേഷണങ്ങൾ നടത്തികൊണ്ടിരിക്കുകയാണ്. എങ്കിലും അതൊന്നും വകവയ്ക്കാതെ വീണ്ടും ദുഷ്പ്രചരണം തുടരുകയാണ്. പൂവാർ മുതൽ കാസർകോടുവരെ വെടിവയ്പ്പും ലാത്തിച്ചാർജ്ജും നടത്തിയവർ ഇന്ന് ഇതു പറയുന്നത് വേശ്യാസ്ത്രീ ചാരിത്ര്യത്തെക്കുറിച്ചു പറയുന്നതുപോലെയും സഖാവ് ഇമ്പിച്ചിബാവ വിശുദ്ധഖുറാൻ ഉദ്ധരിക്കുന്നതുപോലെയും ആണ്. നമ്മുടെ രാജ്യത്ത് നക്സൽബാരി എന്നു പറയുന്ന ഒരു മഹാവ്യാധി ഉള്ളതിനെ ഇല്ലായ്മചെയ്യുന്നതിന് ഈ രാജ്യത്തെ ജനലക്ഷങ്ങൾ ഒന്നിച്ചു മുന്നോട്ടു വരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. എന്നുമാത്രമേ എനിക്കു പ്രസ്താവിക്കാനുള്ളു.

ഈ രാജ്യത്ത് നിയമസമാധാനം കാംക്ഷിക്കുന്ന രാഷ്ട്രീയമൊന്നും ഇല്ലാത്ത അനേകലക്ഷം ആളുകൾ ജീവിക്കുന്നുണ്ട്. ഈ രാജ്യത്ത് ആരു ഭരിച്ചാലും മാനമായി ജീവിക്കണമെന്നും സൈ്വരമായി കിടന്നുറങ്ങണമെന്നും വിചാരിക്കുന്ന ജനവിഭാഗം ആണ് അവർ. ആ ജനവിഭാഗം ഉൾക്കൊള്ളുന്ന ഈ രാജ്യത്തെ ബഹുഭൂരിപക്ഷം, മാർക്സിസ്ററു പാർട്ടിയിയും, അവരുടെ ശിങ്കിടി പാർട്ടികളും ഒഴിച്ച് കാർസർകോടുമുതൽ പാറശാലവരെയുള്ള ജനലക്ഷങ്ങൾ ഈ ഗവൺമെൻറിന് നിർലോഭമായ പിൻതുണ നൽകുകയാണ്. മാർക്സിസ്ററു ഗുണ്ടകൾ നടത്തുന്ന കുഴപ്പങ്ങൾ ഒഴിവാക്കാനും ഈ രാജ്യത്തെ ജനലക്ഷങ്ങൾ ഈ ഗവൺമെൻറിൻെറ പിന്നിൽ അണിനിരക്കുകയാണ്. മാർക്സിസ്ററുപാർട്ടിയുടെ വൻപാർട്ടി മേധാവിത്വം ഈ രാജ്യത്തെ കുട്ടിച്ചോറാക്കുകയാണ് സർ. ഈ കമ്മ്യൂണിസ്ററു ഗുണ്ടാകൾക്കു കിട്ടുന്ന അടിയുടെ ആക്കം കുറഞ്ഞുപോയി എന്നു പറയുവാനാണ് ഈ സന്ദർഭത്തിൽ ഞാൻ ആഗ്രഹിക്കുന്നത്.

ശ്രീ. ഇ. പി. കൃഷ്ണൻ നമ്പ്യാർ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. സാധാരണ സി. പി. ഐ. എന്നു പറയുന്നത് അപ്പുറത്തിരിക്കുന്ന കമ്മ്യൂണിസ്ററു പാർട്ടിയാണ്. ഇപ്പുറത്തിരിക്കുന്നത് സി. പി. ഐ. (എം). ആ നിലയ്ക്ക് കമ്മ്യൂണിസ്ററുഗുണ്ടകൾ എന്നു പറഞ്ഞത് അച്യുതമേനോൻെറ പാർട്ടിയെപ്പററിയാണോ?

മി. ചെയർമാൻ (ശ്രീ. അലക്സാണ്ടർ പറമ്പിത്തറ): അതിൽ പോയിൻറ് ഓഫ് ഓർഡർ ഒന്നുമില്ല.

ശ്രീ. ഇ. പി. കൃഷ്ണൻ നമ്പ്യാർ: ആണോ എന്ന് അന്വേഷിച്ച് അറിയിക്കാനാണ്.

ശ്രീ. ഹക്കിംജി സാഹിബ്: ഈ രാജ്യത്തെ നിയമസമാധാനപാലനം ററ് ഏതൊരു ഭരണകാലത്തെക്കാളും പ്രായോഗികമാക്കാൻ നടപടി എടുത്തു വരുന്നുവെന്നതിന് പ്രധാനമായ തെളിവുകളുണ്ട്. വിവേചനമോ, രാഷ്ട്രീയപരിഗണനയോ കൂടാതെ, ഏതു രാഷ്ട്രീയകക്ഷി എന്നു നോക്കാതെ നടപടികൾ എടുക്കുന്നുണ്ട്. അക്കൂട്ടത്തിൽ മുസ്ലീം ലീഗിൻെറ അണികളിൽപ്പോലും പരാതിയുള്ളവർ ഉണ്ടാകാം. അമർഷമുള്ളവർ മുസ്ലീംലീഗായാലും സി. പി. ഐ. യായാലും ഏതു പാർട്ടിയായാലും അക്രമത്തിനു പ്രചോദനംകൊടുത്താൽ അവർ ശിക്ഷാർഹരാകും.

പോലീസിനെസംബന്ധിച്ച് പല കാര്യങ്ങളും ഇവിടെ നിർദ്ദേശരൂപത്തിൽ പല മെംബർമാരും വച്ചു. ഇവിടത്തെ ജനസംഖ്യ വച്ചുനോക്കുമ്പോൾ, നിയമപരമായ പ്രശ്നങ്ങൾ വച്ചുനോക്കുമ്പോൾ, പോലീസിൻെറ എണ്ണം അപര്യാപ്തമാണ്. അതുപോലെതന്നെ ഒരു പോലീസ് സ്റേറഷൻെറ പരിധിക്കകത്തുള്ള പ്രദേശത്തെ കാര്യങ്ങൾ കൈയാളാൻ– കുററ

LIBRARY ARCHIVES Kerala Legislative Assembly

ക്കാരെ കണ്ടുപിടിക്കാനും സ്ഥലത്തു പോയി അന്വേഷണം നടത്താനും—വാഹനങ്ങളുടെ അപര്യാപ്തതയുണ്ട്. മലയോരപ്രദേശങ്ങളിൽ ജീപ്പും മററു പ്രദേശങ്ങളിൽ വാനും ആദ്യംതന്നെ കൊടുക്കണം. അതുപോലെ എപ്പോഴും സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഒരു പോലീസ് വിഭാഗം ഉണ്ടായിരിക്കേണ്ടതും ആവശ്യമാണ്.

പോലീസുകാർക്ക് സംഘടിക്കാനോ യൂണിയനുകളുണ്ടാക്കി അവരുടെ അവകാശങ്ങളെക്കുറിച്ചു വാദിക്കാനോ സൗകര്യമില്ല. അവർ അക്കാര്യത്തിൽ മിണ്ടാപ്രാണികളാണ്. കരയുന്ന കുഞ്ഞിനേ പാലുള്ളു എന്ന തത്വമനുസരിച്ച് ഈ കാലത്ത് കാര്യങ്ങൾ മുന്നോട്ടു നീങ്ങുമ്പോൾ ഈ വിഭാഗത്തിൻെറ പ്രശ്നങ്ങൾ നേരത്തേ മനസ്സിലാക്കി അവരുടെ അവശതകൾ പരിഹരിക്കാൻ നടപടികളെടുക്കേണ്ടതാണ്.

നേരത്തെതന്നെ സൂചിപ്പിച്ചപോലെ, ഈ രാജ്യത്ത് ഇന്ന് ഐക്യകക്ഷിയുടെ ഭരണമാണ്—ഐക്യകക്ഷിയുടെ ഭരണമെന്നുപറഞ്ഞാൽ ഒരു കക്ഷിയുടെ ഭരണമല്ല; അപ്പുറത്തിരിക്കുന്ന സ്നേഹിതൻമാർ പറയുന്നതുപോലെയല്ല ജനങ്ങളുടെ മുമ്പിൽ വച്ചിട്ടുള്ള പ്രകടന പത്രികയനുസരിച്ച്, ഒരു കക്ഷിയുടെ ആധിപത്യമില്ലാതെ, ശേഷിച്ചിട്ടുള്ള രണ്ടുവർഷക്കാലം പോലീസിലായാലും ഏതുവകുപ്പിലായാലും ഐക്യകക്ഷിയുടെ മിനിമംപരിപാടിയനുസരിച്ച് ബഡ്ജററിലുംക്കൊള്ളിച്ചിട്ടുള്ള കാര്യങ്ങൾ നടപ്പാക്കാൻ ഈ സന്ദർഭത്തിൽ മന്ത്രിസഭയും മന്ത്രിമാരും ശ്രമിച്ചിട്ടുണ്ടെന്നുള്ളത് ആശ്വാസകരമായ കാര്യമാണ്.

ജയിൽപ്പുള്ളികളെ ആധുനികകാലഘട്ടത്തിൻെറ സന്ദേശത്തിനനുസരണമായി, കൂടുതൽ കുററംചെയ്യാനുള്ള വാസന ഇല്ലാതാക്കി നല്ല രീതിയിൽ തിരിച്ചുകൊണ്ടുവരാൻ ആധുനികങ്ങളായ സംപ്രദായങ്ങൾ ആധുനികരാഷ്ട്രങ്ങളിലുണ്ട്. ഈ ഗവൺമെൻറും അവ നടപ്പിലാക്കാൻ നടപടികളെടുക്കണമെന്ന് എനിക്ക് അഭ്യർത്ഥനയുണ്ട്. എന്തെല്ലാം വന്നാലും മാർക്സിസ്ററു ഭാഗത്തുനിന്ന് എന്തെല്ലാം പ്രകോപനങ്ങളും പ്രലോഭനങ്ങളും മാരകായുധങ്ങളുടെ പ്രയോഗങ്ങളും ഒക്കെ വന്നാലും ധീരതയോടുകൂടി, ജനലക്ഷങ്ങൾ ഈ സൽഭരണത്തിൻെറ പിന്നിലുണ്ടെന്നു മനസ്സിലാക്കി ആഭ്യന്തരമന്ത്രി ധീരമായി മുമ്പോട്ടു പോകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ടും എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊളളുന്നു.

ശ്രീ. ഇ. കെ. ഇമ്പിച്ചി ബാവ: ഇമ്പിച്ചി ബാവ ഖുറാൻ ഉദ്ധരിക്കുന്നതുപോലെ എന്നു പറയുകയുണ്ടായി. പള്ളിയുടെ നേരെ ആക്രമണം നടത്തിയതിൽ പ്രതിഷേധിക്കാതിരിക്കുന്നത് ഇസ്ലാമികധൈര്യമാണോ?

മി. ചെയർമാൻ: മതപരമായ കാര്യങ്ങൾ ഇവിടെ ചർച്ച ചെയ്യണമോ?

ശ്രീ. പി. പി. കൃഷ്ണൻ: സർ, ഞാൻ ഈ ഡിമാൻറിനെ എതിർക്കുകയാണ്, കഴിഞ്ഞ 151 ദിവസമായി ഈ രാജ്യത്തു നടന്നുവരുന്ന പോലീസ്ഭരണത്തെക്കുറിച്ച് ആലോചിക്കുമ്പോൾ ബഡ്ജററ് നിർദ്ദേശങ്ങളെ പ്രത്യേകിച്ചും പോലീസ് ഡിമാൻറിനെ, എതിർക്കാതിരിക്കാൻ നിവൃത്തിയില്ല. ഞാൻ ഇതു പറയുമ്പോൾ കഴിഞ്ഞ ഈ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട ഇരുപതുപേർ കൊല്ലപ്പെട്ടിട്ടുള്ള കാര്യം അനുസ്മരിക്കുകയാണ്. ഡിസംബർ 13-ാം തീയതി 4 പേരെ പാലക്കാട്ട് കൊന്നതിനെപ്പററി കൂടുതൽ പറയുന്നില്ല. 1919 ഏപ്രിൽ 14-ാം തീയതി അമൃതസരസ്സിൽ ജാലിയൻവാലാബാഗിൽവച്ച് ജനറൽ ഡയർ നടത്തിയ വെടിവയ്പിനോടു മാത്രമേ പാലക്കാട്ടെ സംഭവത്തെ ഉപമിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയു എന്ന് ഈ ഘട്ടത്തിൽ ഞാൻ ഓർമ്മപ്പെടുത്താനാഗ്രഹിക്കുകയാണ്. കാരണം അന്നും ഒരു പ്രതിഷേധയോഗം നടക്കുകയായിരുന്നു. ആ പ്രതിഷേധയോഗത്തിൽ പങ്കെടുത്ത ആയിരക്കണക്കിനു നിരായുധരായ ജനങ്ങളെ വഞ്ചനാപരമായി. ഗവർണ്ണർ വെടിവയ്ക്കാൻ നിർദ്ദേശിച്ചു. ആയിരക്കണക്കിനാളുകൾ മരിച്ചു. അതുപോലെ നിരായുധരായ ആളുകളെ പാലക്കാട്ടു കോട്ടമൈതാനിയിൽവച്ച് വെടിവച്ചുകൊന്നതിന് യാതൊരു ന്യായീകരണവുമില്ലേ?

ഭരണകക്ഷിയിൽപ്പെട്ട എം. എൽ. ഏ. മാരും മന്ത്രിമാരും അപ്പുറത്തിരുന്ന്, സഖാവ് ഇ. എം. എസിന്റെ ഒക്ടോബർ 24-ാം തീയതിയിലെ പ്രഖ്യാപനത്തെപ്പറ്റി പറഞ്ഞു. ഈ നിയമസഭയിൽ, കഴിഞ്ഞ മന്ത്രിസഭയിലെ വ്യവസായമന്ത്രിയായിരുന്ന ടി. വി. തോമസ് രാജിവച്ചുകൊണ്ട് ഒരു പ്രസ്താവന നടത്തി. ആ പ്രസ്താവനയിൽ ഒരുകാര്യം ഊന്നിപ്പറഞ്ഞിരുന്നു. ''കഴിഞ്ഞ ഇരുപതുകൊല്ലക്കാലം കോൺഗ്രസ്സിനെ പരാജയപ്പെടുത്താൻ സമരം ചെയ്തു; ഇനി അഞ്ചുകൊല്ലക്കാലം മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റു പാർട്ടിയെ തകർക്കാൻ സമരം ചെയ്യേണ്ടിവന്നാൽ അത് അധികമാകുകയില്ല'' എന്നുപറഞ്ഞിട്ട് അദ്ദേഹം ആ വാക്കുകൾ അവസാനിപ്പിച്ചത് കുരുക്ഷേത്രത്തിൽവച്ചു കാണാം എന്നു പറഞ്ഞുകൊണ്ടാണ്. അതിന്റെ അർത്ഥം എന്താണെന്ന് ഇവിടെ കൂടിയിരിക്കുന്ന അംഗങ്ങൾക്ക് അറിയാം. ഭാരതയുദ്ധത്തെപ്പറ്റിയാണ് അതു സൂചിപ്പിക്കുന്നത്. ഇന്നത്തെ ഭരണകക്ഷി ഞങ്ങളുടെ നേരെ കഴിഞ്ഞ 13-ാം തീയതി മുതൽ ഭാരതയുദ്ധമാണ് അഴിച്ചുവിട്ടിട്ടുള്ളത്. ഇ. എം. എസിന്റെയും ഏ. കെ. ഗോപാലന്റെയും പേരിൽ ആരോപണങ്ങൾ വച്ചുകെടുത്ത് രക്ഷപ്പെടാൻവേണ്ടിയുള്ള കപടതന്ത്രമാണ്. മാർക്സിസ്റ്റുപാർട്ടിയെ അടിച്ചമർത്തുന്നതിനുവേണ്ടി വലതുകമ്മ്യൂണിസ്റ്റ്--മുസ്ലീംലീഗ്--കേരളകോൺഗ്രസ് പാർട്ടികൾ ചേർന്ന് ഗൂഢാലോചന നടത്തി. ആ ഗൂഢാലോചനയുടെ വക്താവ് എന്ന നിലയിലാണ് ടി. വി. തോമസ് ആ പ്രഖ്യാപനം നടത്തിയിട്ടുള്ളത്. അതിന്റെ ഭാഗമായാണ് കേരളത്തിൽ ഒരറ്റംമുതൽ മറ്റേ അറ്റംവരെ പോലീസാക്രമണം അഴിച്ചുവിട്ടിട്ടുള്ളത്. അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഞങ്ങളുടെ ആയിരക്കണക്കിനു പ്രവർത്തകരെ മർദ്ദിച്ചു ക്ഷയരോഗികളാക്കിയിട്ടുണ്ട്. 1959-ൽ കോൺഗ്രസ്സും പി. എസ്. പി. യും ലീഗും മറ്റുംചേർന്ന് അന്നത്തെ കമ്മ്യൂണിസ്റ്റുമന്ത്രിസഭയ്ക്കെതിരായി വിമോചനസമരം നടത്തി. അന്ന് ഇതുപോലെ എത്ര എം. എൽ. എ. മാരെ അടിച്ച് എല്ലൊടിച്ചു? വിമോചനസമരത്തിൽ പങ്കെടുത്തയാൾ എന്ന നിലയിൽ ആഭ്യന്തരകാര്യമന്ത്രിയോടു ഞാൻ ചോദിക്കട്ടെ, ആഭ്യന്തരകാര്യമന്ത്രി സി. എച്ച്. മുഹമ്മദുകോയയുടെ എല്ല് അന്ന് ഒടിഞ്ഞില്ലല്ലൊ. ഒരൊറ്റ എം. എൽ. ഏ. യുടെ എല്ലൊടിഞ്ഞില്ല. ഹക്കിംജി പറഞ്ഞു കമ്മ്യൂണിസ്റ്റുഗുണ്ടകൾ എന്ന്. എ. എസ്. എൻ. നമ്പീശനെ പിടിച്ച് അടിച്ചവശനാക്കിയത് കമ്മ്യൂണിസ്റ്റ് ഗുണ്ടകളാണോ? ഈ നിയമസഭയിലെ അരഡസനോളം എം. എൽ. ഏ. മാരെ അടിച്ച അവശരാക്കിയത് കമ്മ്യൂണിസ്റ്റുഗുണ്ടകളാണോ? ന്യായമായ പൗരാവകാശങ്ങൾക്കുവേണ്ടി വാദിക്കുകയെന്നുള്ളത് ഈ സഭയിലെ ഓരോ മെംബറുടെയും അവകാശമാണ്, കടമയാണ്. അതാണ് ഞങ്ങൾ പ്രവർത്തിച്ചിട്ടുള്ളത്. പക്ഷേ ശ്രീമാൻ മുഹമ്മദുകോയ പൗരാവകാശങ്ങളെസംബന്ധിച്ചിടത്തോളം ഒന്നും ചെയ്തിട്ടില്ല. കോൺഗ്രസ് പാർട്ടിയും മറ്റെല്ലാ പാർട്ടികളും പൗരാവകാശത്തിനുവേണ്ടി സമരംചെയ്തിട്ടുണ്ട്.

ജനറൽ ഡയർ, സർ സി. പി., മുഹമ്മദുകോയ, അച്യുതമേനോൻ ഇവരെപ്പോലുള്ളവർ എത്ര മർദ്ദനം നടത്തിയാലും അഭിമാനമുള്ളവർ ആ മർദ്ദനങ്ങൾക്കുമുൻപിൽ ചൂളുകയില്ല. അതാണ് ഇ. എം. എസ്. പറഞ്ഞത്

LIBRARY ARCHIVES Kerala Legislative Assembly

ഏതു മർദ്ദനം അഴിച്ചുവിട്ടാലും ചൂളുന്ന പാരമ്പര്യമുള്ള പാർട്ടിയല്ല ഞങ്ങളുടെപാർട്ടി. ഈ മർദ്ദനങ്ങൾ നേരിട്ട് അങ്ങേയററംവരെ പോകാൻ കഴിയുന്ന പാർട്ടിയാണ്. പതിനായിരക്കണക്കിനു പാർട്ടിപ്രവർത്തകരുടെ പേരിൽ കേസുകൾനടന്നുകൊണ്ടിരിക്കുകയാണ്. ആയിരക്കണക്കിനാളുകൾ ക്ഷയരോഗബാധിതരായിക്കഴിഞ്ഞിരിക്കുകയാണ്. ഇരുപതാളുകൾ മരിച്ചുകഴിഞ്ഞു. ഞാൻ ഒന്നുചോദിക്കട്ടെ 131 ദിവസമേ ആയിട്ടുള്ളു. ഇത്തരത്തിലുള്ള 131 ദിവസം ഈ രാജ്യത്തെസംബന്ധിച്ചിടത്തോളം ഇതിനുമുമ്പ്, കഴിഞ്ഞ 22 കൊല്ലക്കാലത്തിനിടയ്ക്ക്, ഉണ്ടായിട്ടുണ്ടോ? ഉണ്ടായിട്ടില്ല സർ.

പാലക്കാട്ട് ഉണ്ടായ ഒരു പോലീസ് നയത്തിന്റെ മറെറാരു ഉദാഹരണം പറയാം. പോലീസ് സ്റേറഷനിൽ ഇപ്പോൾ സാധാരണക്കാർക്ക് നിവേദനം സമർപ്പിക്കുന്നതിന് സാധിക്കുകയില്ല. ഫോണിൽക്കൂടി ബന്ധം പുലർത്തുന്നവർക്കു മാത്രമേ ഇന്ന് പോലീസ് സ്റേറഷനിൽ കാര്യങ്ങൾ നടത്താൻ സാധിക്കുകയുള്ളു. അല്ലാതെയുള്ളവർ പോയാൽ പോലീസുകാർ അവരെ തടഞ്ഞു ബയണററു കൊണ്ടിടിക്കും. പാലക്കാട്ടു ജില്ലയിൽ ഒരു പോലീസുകാരൻ മറെറാരു പോലീസുകാരനെ ബയണററു കൊണ്ടിടിച്ചു കൊന്ന സംഭവം ഉണ്ടായിരിക്കുകയാണ്. അതിനുള്ള ഉത്തരവാദി ആരാണ് സർ? ഇന്നത്തെ പോലീസ് നയം എന്താണ്? പാലക്കാട്ടു പോലീസു സ്റേറഷനിൽ ഒരു യൂണിഫോറമിടാത്ത പോലീസുകാരൻ എന്തോ പരാതി പറയുന്നതിനുവേണ്ടി പോയി. വൈകുന്നേരമായിരുന്നു. അവിടെ ഡ്യൂട്ടിക്ക് നിന്ന പോലീസുകാരൻ ആളറിയാതെ അയാളെ ബയണററുകൊണ്ടിടിച്ചു കൊന്നു. ഞാൻ ചോദിക്കട്ടെ സർ, ഇന്നു പോലീസു സ്റേറഷനിൽ സാധാരണക്കാർക്ക് നിവേദനം സമർപ്പിക്കാൻ സാധിക്കുമോ? ആർക്കു സാധിക്കും? ഈ രാജ്യത്തിലെ പ്രമാണിമാർക്ക് ഫോണിൽക്കൂടി സമ്പർക്കം പുലർത്തുന്നവർക്കുമാത്രം സാധിക്കുകയുള്ളു. പാണ്ടനാട്ടു നടന്നത് എന്താണ്? അവിടെയും പോലീസുകാർ വെടിവയ്ക്കുകയല്ലേ ചെയ്തത്? ഈ കഴിഞ്ഞ 3-ാം തീയതി പാലക്കാട്ട് ഒരു ലാസ്ററ് ഗ്രേഡ് ജീവനക്കാരനെ വൈകുന്നേരം ഏഴു മണി സമയത്ത് കുത്തികൊല്ലുകയുണ്ടായി. അതിനെപ്പററി അന്വേഷിച്ചിട്ട് ഇതുവരെ ഒരു തുമ്പും കിട്ടിയിട്ടില്ലെന്നാണ് അറിയുന്നത്. മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയിലെ ആളുകൾ എന്തു ചെയ്യുന്നുവെന്നു നോക്കുന്നതിന് കരുത്തും കഴിവും ഉള്ള സി. ആർ. പി. യും ആഭ്യന്തരമന്ത്രിയും ഉണ്ട്. സാധാരണക്കാർക്ക് എന്തെങ്കിലും ആപത്ത് ഉണ്ടായാൽ അതിനെപ്പററി അന്വേഷിക്കാനും കുററവാളിയെ കണ്ടുപിടിക്കാനും കഴിവുണ്ടോയെന്ന് ചോദിച്ചാൽ, അതിനുള്ള കഴിവില്ല. എന്തുകൊണ്ട് അങ്ങനെ സംഭവിക്കുന്നു? ഈ രാജ്യത്ത് കാസർകോടു മുതൽ പാറശ്ശാലവരെയുള്ള പ്രദേശങ്ങളിൽ കഴിഞ്ഞ 131 ദിവസത്തിനകം എത്ര സ്ഥലത്താണ് വെടിവയ്പ്പു നടത്തിയിട്ടുള്ളത്. ജനസംഘക്കാരും, കേരളകോൺഗ്രസുകാരും, കോൺഗ്രസുകാരുമെല്ലാം വെടിവച്ചതിൽ പങ്കുണ്ടായിരുന്നു. എന്നാൽ അതിനെപ്പററിയൊന്നും പറയാതെ ആയുധം ശേഖരിക്കുന്നതിനെപ്പററിയെല്ലാം ശ്രീ. മാണി ഉച്ചത്തിൽ പ്രസംഗിക്കുന്നതു കേട്ടു. ഒരൊററ സ്ഥലത്തെങ്കിലും വെടിവയ്പ്പ് നടത്താതിരുന്നിട്ടുണ്ടോ? പാലക്കാട്ടു ഞങ്ങളുടെ ആളുകളെ വെടിവച്ചില്ലേ? കാസർകോട്ടു ഞങ്ങളുടെ ആൾക്കാരെ വെടിവച്ചില്ലേ? ഇത്തരം ആളുകളുടെ കയ്യിൽനിന്നും രക്ഷപ്പെടുന്നതിനുവേണ്ടി ആയുധം ശേഖരിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഇവിടെ നടക്കുന്ന എല്ലാ ആക്രമണങ്ങളും—സ്വകാര്യമേഖലയിലും പൊതുമേഖലയിലും—ഞങ്ങൾക്കെതിരായിട്ടാണ്. അത്രയ്ക്കുവേണ്ടി എന്തു സംഭവിച്ചു സർ. ശ്രീ. ടി. വി. തോമസ് എന്താണ് പ്രഖ്യാപിച്ചത്? ആ പ്രഖ്യാപനം ഇപ്പോൾ ഇവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഞങ്ങളുടെ പാർട്ടിയെ എത്ര അടിച്ചമർത്തിയാലും അത് അമരുകയില്ല. ഞങ്ങളുടെ പാർട്ടിയെ നശിപ്പിച്ചു കളയാമെന്ന് ശ്രീ. സി. എച്ച്.

LIBRARY ARCHIVES Kerala Legislative Assembly

മുഹമ്മദുകോയയും, ശ്രീ. സി. അച്യുതമേനോനും സ്വപ്നത്തിലും വിചാരിക്കേണ്ട. ഞങ്ങളുടെ പാർട്ടിയെ അടിച്ചമർത്തുന്നതിനു പണ്ട് കോഴിപ്പുറത്തു മാധവമേനോൻ ശ്രമിക്കുകയുണ്ടായി. 1950 ഫെബ്രുവരി 13-ാം തീയതി 22 പേരെ വെടിവച്ചുകൊന്നു. 22 പേരെ വെടിവച്ചുകൊന്നിട്ട് പിന്നീട് ഒരു പ്രാവശ്യം പോലും ജനങ്ങളുടെ പ്രതിനിധിയായി അസംബ്ലിയിൽ വരാനുള്ള ഭാഗ്യം കോഴിപ്പുറത്തു മാധവമേനോനുണ്ടായിട്ടില്ല. ഞാൻ പറയുകയാണ് അപ്പുറത്തിരിക്കുന്നവരും രാജിവച്ചിട്ട് ഒരു തെരഞ്ഞെടുപ്പിന് തയ്യാറാകാം എന്ന്. അവിടെവച്ച് നമുക്കു കാണാം. അവിടെ വച്ചു ശ്രീ. സി. എച്ച്. മുഹമ്മദുകോയയ്ക്കും പി. പി. കൃഷ്ണനും മത്സരിച്ചുനോക്കാം. സമയമില്ലാത്തതുകൊണ്ട് ഇത്രയും കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിച്ചു കൊള്ളുന്നു.

ശ്രീ. കെ. ശേഖരൻനായർ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു. കഴിഞ്ഞ കുറെ ദിവസങ്ങളായി വളരെയധികം ആക്ഷേപത്തിനു വിധേയമായ ഒരു വകുപ്പിനെസംബന്ധിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. നമ്മുടെ സംസ്ഥാനത്തു നടന്ന പോലീസു മർദ്ദനത്തിന്റെ എത്രയോ കഥകൾ ഇവിടെ പലരും അവരുടെ ഭാവനാവിലാസം അനുസരിച്ച് നിരത്തിവച്ചു കഴിഞ്ഞു. കഴിഞ്ഞ ഐക്യമുന്നണി ഗവൺമെന്റിലെ കക്ഷിക്കാരായിരുന്ന ഒരു ഗവൺമെന്റിൽ നിന്നും ഇത്ര പെട്ടെന്ന് ഇങ്ങനെയൊരു മാററം വരാൻ കാരണമെന്താണെന്ന് ജനങ്ങൾ ആലോചിച്ചുപോകുകയാണ്. അന്നത്തെ ഐക്യമുന്നണിയിൽ ഇല്ലാതിരുന്നതും ഇന്നത്തെ ഭരണകക്ഷിയിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ഒരു പാർട്ടി കേരള കാൺഗ്രസുകാരാണ്. മററുള്ളവരെല്ലാം തന്നെ കഴിഞ്ഞ ഐക്യമുന്നണിയിൽ മാർക്സിസ്ററുകാർ ഒഴിച്ച്—ഉണ്ടായിരുന്നതാണ്. അതുകൊണ്ട് ഇവിടെ പറഞ്ഞതെല്ലാം ശരിയാണോയെന്ന് പലരും സംശയിക്കുന്നുണ്ട്. പോലീസ് മർദ്ദനത്തിന്റെ കഥകൾ ഇത്ര ഭീകരമാംവണ്ണം ചിത്രീകരിക്കാൻ പ്രതിപക്ഷപാർട്ടി പ്രത്യേകിച്ച് മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി തയ്യാറായത് രാഷ്ട്രീയമായ ഉദ്ദേശത്തോടുകൂടിയാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അതിനെസംബന്ധിച്ചുള്ള കാരണങ്ങൾ ഞാൻ വഴിയേ പറയാം. പോലീസു വകുപ്പിലേക്ക് ഉള്ള ധനാഭ്യർത്ഥന പാസാക്കണമെന്ന് പോലീസ് മന്ത്രി ആവശ്യപ്പെടുമ്പോൾ പോലീസ് ഡിപ്പാർട്ടുമെന്റിൽത്തന്നെയുള്ള പല പരാതികളും, അവർക്ക് ഇന്നുള്ള അവശതകളും കണക്കിലെടുക്കുമെന്ന് വിശ്വസിക്കുമെന്ന് ചില ബഹുമാനപ്പെട്ട മെമ്പർമാർ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഞാൻ അതിനോടെല്ലാം യോജിക്കുകയാണ്. പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കേണ്ടതാവശ്യമാണ്. അതുപോലെതന്നെ എവിടെയെങ്കിലും കുഴപ്പങ്ങൾ ഉണ്ടാകാനുള്ള സാദ്ധ്യതകൾ ഉണ്ടെന്നറിയുമ്പോൾത്തന്നെ വളരെ വേഗം അവിടെ ഓടിയെത്തുന്നതിനാവശ്യമായ വാഹനസൗകര്യം, വയർലസ് സൗകര്യം മുതലായ കാര്യങ്ങൾ അവർക്കു അനുവദിച്ചുകൊടുക്കേണ്ടതാണ്. ഇവയെല്ലാം കാര്യക്ഷമമായി അവരുടെ കൃത്യങ്ങൾ നിർവ്വഹിക്കുന്നതിന് ആവശ്യമാണ്. ആ വക കാര്യങ്ങളെസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണ്.

പോലീസ് മർദ്ദനത്തിന്റെ ധൂമപടലം മാർക്സിസ്ററു പാർട്ടി ബോധപൂർവ്വം പരത്തിവിടാൻ ശ്രമിച്ചതിന്റെ ഉദ്ദേശം, ഈ ഐക്യമുന്നണി ഗവൺമെന്റിൽ ഏതെങ്കിലും തരത്തിലുള്ള പിളർപ്പുണ്ടാക്കാൻ സാധിക്കുമോയെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. ശ്രീ. സി. എച്ച്. മുഹമ്മദുകോയ കൈകാര്യം ചെയ്യുന്ന ഈ വകുപ്പ് ഈ രാജ്യത്തിന് ആപൽക്കരമാണെന്നുള്ള സ്ഥിതി മററുള്ള കക്ഷികളെക്കൊണ്ടു പറയിപ്പിക്കാൻ കഴിയുമോയെന്ന് നോക്കുകയാണ്. ചെറിയ ചെറിയ സംഭവങ്ങൾ വലുതാക്കി കാണിച്ച് പോലീസിന്റെ

LIBRARY ARCHIVES Kerala Legislative Assembly

മനോവീര്യം തകർക്കാൻ കഴിയുമോയെന്നും അവർ ബോധപൂർവ്വം പരിശ്രമിക്കുന്നുണ്ട്. ചുരുക്കത്തിൽ ഇപ്പോൾ നടത്തുന്ന പ്രചാരവേലയുടെ ഉദ്ദേശം കഴിഞ്ഞ നാലഞ്ചുമാസമായി ഇവിടെ ഭരിച്ചുകൊണ്ടിരിക്കുന്ന ഗവൺമെൻറിനെതിരായി അവർ നടത്തിക്കൊണ്ടിരിക്കുന്ന പ്രചരണത്തിൻെറ ഒരു ഘട്ടത്തിൻെറ പര്യവസാനമാണ്. ഈ ചുററുപാടിൽ ഈ ഗവൺമെൻറിനെ മറിച്ചിടാൻ ശ്രമിക്കുമെന്നും അതിൽ മാർക്സിസ്ററുകാർ വിജയിക്കുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. പല ആളുകളേയും നേരിട്ടുകണ്ടു സംസാരിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ പലരും സംശയാലുക്കളാണ്. ഉദ്യോഗസ്ഥൻമാരുടെ ഇടയിലും പോലീസുദ്യോഗസ്ഥൻമാരുടെ ഇടയിലും ഇങ്ങനെയുള്ള സംശയങ്ങൾ ഉണ്ട്. വീണ്ടും മാർക്സിസ്ററു പാർട്ടി മററുള്ള പാർട്ടികളുമായി കൂട്ടുചേർന്ന് അധികാരത്തിൽ വരികയാണെങ്കിൽ എന്തു സംഭവിക്കുമെന്നുള്ളതിനെ സംബന്ധിച്ച് അവർക്കെല്ലാം ആശങ്കയുണ്ട്. പക്ഷെ അതെല്ലാം നടപ്പിലാകാൻപോകുന്നുവോയെന്നുള്ള വഴിയെ കണ്ടു അറിയണം. എന്തായാലും ഈ രാജ്യത്തെ വലിയ സ്വാധീനശക്തിയുള്ള ഒരു രാഷ്ട്രീയ പാർട്ടി, തങ്ങൾക്ക് പററിയ അമളിയുടെ ഫലമായി എന്തെല്ലാം ആക്രമണങ്ങൾ ചെയ്യാമോ അതെല്ലാം ചെയ്യുന്നതിന് രംഗപ്രവേശം ചെയ്തിരിക്കുകയാണ്. അവർ ഏത് ചെകുത്താനെയും കൂട്ടുപിടിച്ചുകൊണ്ട് എന്തു സമരമാർഗ്ഗം വേണമെങ്കിലും സ്വീകരിച്ചുകൊണ്ട് ഈ ഗവൺമെൻറിനെ തള്ളിയിടുമെന്ന് പറഞ്ഞിരിക്കുകയാണ്. ചെകുത്താനെകൂട്ടുപിടിക്കുമെന്നു പറഞ്ഞാൽ അതിലാർക്കും പരാതിയില്ല. എന്നാൽ ഏത് സമരമാർഗ്ഗവും സ്വീകരിക്കുമെന്നു പറഞ്ഞാൽ അത് ഏതെങ്കിലും ഗവൺമെൻറിനു വകവെച്ചു കൊടുക്കാൻ പററുമോ? അതിന് ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിനുപോലും സാധിക്കുമെന്ന് തോന്നുന്നില്ല. ഈ കഴിഞ്ഞ നാലഞ്ചുമാസമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇവിടെ അവർ നടത്തിയിരിക്കുന്നത്. അവരുടെ യോഗങ്ങളിലും പ്രകടനങ്ങളിലും എല്ലാം വിളിച്ചു പറഞ്ഞിട്ടുള്ള മുദ്രാവാക്യം പലതും, പോലീസ് ജാഗ്രത പാലിച്ചിരുന്നില്ലെങ്കിൽ ഉണ്ടാകുമായിരുന്നു. ശ്രീ. അച്യുതമേനോനെ കുത്തിമലർത്തുമെന്നും, ശ്രീ. സി. എച്ച്. മുഹമ്മദുകോയയെ മയ്യത്താക്കുമെന്നുള്ള മുദ്രാവാക്യം അവർ രാജ്യത്തുടനീളംവിളിച്ചിട്ടുണ്ട്. അവരുടെ മുദ്രാവാക്യങ്ങളും, സമര പരിപാടികളും, വേലിവളച്ചുകെട്ടാനുള്ള ആഹ്വാനവും, തേങ്ങാക്കൊലവിപ്ലവവും എല്ലാം ഈ രാജ്യത്തെ എല്ലാവർക്കും അറിയാവുന്നതാണ്. മാത്രമല്ല ഈ ഗവൺമെൻറിനെ മുട്ടുകുത്തിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ട്രാൻസ്പോർട്ടു സമരം നടത്തുകയുണ്ടായി. ട്രാൻസ്പോർട്ടു സമരം വമ്പിച്ച വിജയമായിരുന്നുവെന്ന് അവർ അവകാശപ്പെടുന്നുണ്ടെങ്കിലും പരാജയമായിരുന്നുവെന്നുള്ളത് നാട്ടുകാർക്കെല്ലാം അറിയാവുന്നതാണ്. അതിൽ തൊഴിലാളി സമരത്തിൽ ഇന്നുവരെ കേട്ടുകേൾവിപോലും ഇല്ലാത്ത പുതിയ മുദ്രാവാക്യമാണ് വെച്ചിട്ടുള്ളത്. 90 ശതമാനം ഷെഡ്യൂൾ വണ്ടികൾ ഓടിക്കുകയും, 90 ശതമാനം തൊഴിലാളികളും ജോലി ചെയ്യുകയും ചെയ്തപ്പോൾ അതെല്ലാം കരിങ്കാലി വണ്ടികളാണെന്നും, കരിങ്കാലികളാണെന്നും ആണ് അവർ പറഞ്ഞതും അവരുടെ പത്രങ്ങളിൽ വന്നതും. നിസ്സാരമായ ഒരു ന്യൂനപക്ഷം ഒരു രാഷ്ട്രീയപാർട്ടിയുടെ പിൻബലത്തോടുകൂടി കാട്ടികൂട്ടിയ ഒരു സമരമായിരുന്നു അത്. അതിൽനിന്നും തലയൂരി പോകുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടു മന്ത്രിയുടേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും പടിക്കൽ പാട് കിടന്നിരുന്നത് എല്ലാവർക്കും അറിയാം. അവരുടെ സംഘടിതമായ പ്രവർത്തനത്തിനെതിരായി ഈ ഗവൺമെൻറു ഒരു നിലപാട് സ്വീകരിക്കേണ്ടതാണ്. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്തെ ജനങ്ങൾ വളരെ ആശ്വാസത്തോടുകൂടിയാണ് കാണുന്നത്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നിട്ടുള്ളതിനുശേഷം ഈ രാജ്യത്തു നടപ്പിലാക്കിയിട്ടുള്ള പുരോഗമനപരമായ കാര്യങ്ങളും ഭാവിയിൽ നടപ്പിലാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പോകുന്ന കാര്യങ്ങളും കണക്കിലെടുത്തുകൊണ്ട് ഈ രാജ്യത്തെ ജനങ്ങൾ ഈ ഗവൺമെന്റിന് പിൻതുണ നൽകാൻ ആഗ്രഹിക്കുകയാണ്. മാർക്സിസ്ററുകാരും അവരോട് കൂട്ടുചേർന്നിട്ടുള്ള ചുരുക്കം ചിലയാളുകളും മാത്രമേ ഈ ഗവൺമെന്റിനോട് സഹകരിക്കാതിരിക്കുകയുള്ളു. മാർക്സിസ്ററുപാർട്ടി സ്വീകരിച്ചിട്ടുള്ള ഇത്രയധികം നെറികെട്ട, വൃത്തികെട്ട ഈ സാഹചര്യത്തിൽ പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണമെങ്കിൽ എന്തുമാത്രം ബുദ്ധിമുട്ടാണ് അനുഭവിക്കേണ്ടതെന്നുള്ള കാര്യം പ്രതിപക്ഷത്തുള്ള മെമ്പറൻമാർ ആലോചിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. പോലീസുദ്യോഗസ്ഥൻമാരും മന്ത്രിമാരും എത്രതന്നെ വിലപ്പെട്ട നിർദ്ദേശം കൊടുത്താലും ഭരണകക്ഷി എത്രതന്നെ ആത്മാർത്ഥമായി ശ്രമിച്ചാലും കാര്യങ്ങൾ ശരിയായി നടപ്പിലാകാൻ പോകുന്നില്ല. പോലീസു ഡിപ്പാർട്ടുമെന്റ് മാത്രമല്ല ഭരണകൂടത്തിലെ പ്രധാനപ്പെട്ട ഘടകങ്ങൾ എല്ലാംതന്നെ ബ്രിട്ടീഷ് സാമ്രാജ്യത്വ പാരമ്പര്യത്തിൽനിന്നും മാറാതെ ആ നിലയിൽ തന്നെ പ്രവർത്തിച്ചു വരികയാണ്. നമ്മുടേതുപോലെയുള്ള ഒരു രാജ്യത്ത് പോലീസ് വകുപ്പിനേയും ഭരണകൂടത്തിലെ മററു ഘടകങ്ങളേയും മെരുക്കിയെടുക്കുക എന്നുള്ളത് വളരെ ബുദ്ധിമുട്ടും പ്രയാസവുമുള്ള ഒരു പ്രവർത്തിയാണ്. പ്രതിപക്ഷമെന്നോ ഭരണകക്ഷിയെന്നോ ഉള്ള ധാരണ മാററിവച്ചു പ്രവർത്തിച്ചാൽ മാത്രമേ രാജ്യത്തിന്റെ പൊതുപ്രവർത്തനവും പൊലീസിന്റെ പ്രവർത്തനവും കാര്യക്ഷമമാക്കാൻ കഴിയുകയുള്ളൂ. എന്നാൽ അതിന് തയാറാകാതെ മററുള്ള പാർട്ടികളെ കുററം പറയുന്നതിനുള്ള അവസരംനോക്കിയിരിക്കുകയും, അവസരം കിട്ടിയാൽ അൽപ്പം അപാകതകൾ ഉണ്ടെങ്കിൽപോലും അതു വലുതാക്കി കാണിക്കാനാണ് പല പാർട്ടികളും ശ്രമിക്കുന്നത്. പോലീസ് വകുപ്പിന്റെ പ്രവർത്തനത്തിൽ അപാകതകൾ ഉണ്ടാക്കുന്നതിനുള്ള പ്രവർത്തിയാണ് പല പാർട്ടികളും പല അവസരങ്ങളിലുംചെയ്യുന്നത്. എന്റെ ഓർമ്മയിൽ തലശ്ശേരി പുൽപ്പള്ളി, കുററിയാടി, മാനന്തവാടി, കോട്ടയം തുടങ്ങിയ സ്ഥലങ്ങളിൽ ഇത്തരത്തിലുള്ള സംഭവങ്ങളാണ് ഉണ്ടായിട്ടുള്ളത്. ഇതിനെയൊന്നും തന്നെ ജനങ്ങൾ അംഗീകരിക്കുകയില്ല. ഇത് ഏത് തരത്തിലുള്ള സമരമാർഗ്ഗമാണെങ്കിലും ആ മാർഗ്ഗം ജനങ്ങൾ അംഗീകരിക്കുകയില്ല. ഈ അവസരത്തിൽ പോലീസിന് ബലപ്രയോഗം നടത്തേണ്ടതായി വരും. അതിനു പരിയായി എന്തു മാർഗ്ഗം വേണമെങ്കിലും സ്വീകരിച്ചും ഏത് ചെകുത്താനെയും കൂട്ടുപിടിച്ചു കൊണ്ടും ഈ രാജ്യത്തെ കുട്ടിച്ചോറാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി രംഗപ്രവേശം ചെയ്തിരിക്കുകയാണ്. ഈ പരിതഃസ്ഥിതിയിൽ ഈ രാജ്യത്ത് ക്രമസമാധാനം തൃപ്തികരമാക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണെന്ന് ഈ സഭയുടെ ശ്രദ്ധയിൽ പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. ഇത്രയും കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഈ ഡിമാന്റുകളെ അനുകൂലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എം. സദാശിവൻ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഡിമാന്റിനെ ഞാൻ എതിർക്കുകയാണ്. പോലീസുഭരണം എത്രകണ്ട് കാര്യക്ഷമമായിരിക്കും അതനുസരിച്ചാണ് പൊതുജനാഭിപ്രായത്തിന് രൂപം കൊടുക്കുന്നത്. കേരളത്തിലെ പോലീസ് ഐ. ജി. കേരളത്തിലെ പോലീസുകാർക്കു കൊടുത്തിട്ടുള്ള സന്ദേശത്തിൽ പറഞ്ഞിട്ടുള്ള ഒരു ഭാഗം ഞാൻ ഇവിടെ വായിക്കാം.

“നമ്മുടെ ഭരണഘടന പ്രഥമസ്ഥാനം നൽകിയിട്ടുള്ളത് നീതിക്കാണ്. നീതിയുടെ സാരാംശം നിഷേധിയ്ക്കപ്പെടുമ്പോഴാണ് ഗുരുതരമായ അസ്വാസ്ഥ്യങ്ങളും പ്രക്ഷുബ്ധാവസ്ഥയുമുളവാകുന്നത്. പാവപ്പെട്ടവരും അജ്ഞരുമായവരുടെ കാര്യത്തിൽ ഈ ചുമതല പ്രത്യേകം

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. നീതി നിഷേധിക്കപ്പെടുന്നവരുടെ പ്രതികരണമാണ് പലപ്പോഴും നിയമവ്യവസ്ഥിതിയോടു തന്നെയുള്ള അവിശ്വാസവും അക്രമപ്രവർത്തനങ്ങളും. യഥാർത്ഥ നീതിയുടെ മാർഗ്ഗം സത്യസന്ധതയോടും, സ്ഥിരനിശ്ചയത്തോടും, ദൃഢതയോടും പിൻതുടരുക എന്നതാണ് നാട്ടിൽ സമാധാനം പുലർത്തുവാൻ പോലീസിന് ചെയ്യാവുന്ന ഏററവും വലിയ സംഭാവന''

ഇതാണ് അതിൽ പറയുന്നത്. ഈ നിർദ്ദേശം ശ്രീ. സി. എച്ച് മുഹമ്മദു കോയയോ ഭരണകക്ഷിയോ വായിച്ചോ? അതനുസരിച്ചാണോ ഇവിടെ ഭരണം നടക്കുന്നതെന്നു ഗൗരവമായി പരിശോധിക്കണം. സർ, തൊഴിലില്ലായ്മയും പട്ടിണിയും കഷ്ടപ്പാടും കൊണ്ടു പ്രയാസം അനുഭവിക്കുന്ന ജനങ്ങളുടെ സമരങ്ങളെ അടിച്ചമർത്തുന്നതിന് അതുപോലെതന്നെ ഈ ഗവൺമെൻറിനെതിരായി തിളച്ചു മറിഞ്ഞുവരുന്ന ശക്തികളുടെ അപ്രതിരോധ്യമായ ജനമുന്നേററത്തെ അടിച്ചമർത്തുന്നതിനും വേണ്ടിയല്ലേ ഈ നാലുമാസമായി ഈ ഗവൺമെൻറു പോലീസിനെ ഉപയോഗിച്ചത്.

മാർക്സിസ്ററു കമ്മ്യൂണിസ്ററുകാരുടെ അക്രമംകൊണ്ടാണ് അവരെ അടിച്ചമർത്തേണ്ടിവന്നതെന്നു ഭരണകക്ഷിയിൽനിന്ന് ശ്രീ. കെ. എം. മാണിയും അതുപോലെതന്നെ മററു ചില അംഗങ്ങളും ശക്തിയായി സംസാരിക്കുകയുണ്ടായി. ഈ രാജ്യത്ത് കഴിഞ്ഞ നാലുമാസമായി നടന്ന ചില സംഭവങ്ങൾമാത്രം ഞാൻ അവരുടെ മുൻപിൽ വയ്ക്കുകയാണ്. പ്രത്യേകമായി ഈ കഴിഞ്ഞ നാലുമാസത്തിനിടക്ക് 18 പേരെ കുരുതി കൊടുത്തിട്ടുണ്ട്. 75 ലാത്തിച്ചാർജുകൾ ചെയ്തിട്ടുണ്ട്. 7 എം. എൽ. എ.മാർ ലാക്കപ്പിൽവച്ചും പൊതുനിരത്തിൽവച്ചും മർദ്ദിക്കപ്പെട്ടിട്ടുണ്ട്. ലോക്കപ്പുകൾ ഇന്ന് നാസികാൺസൻട്രേഷൻ ക്യാമ്പിൻെറ പ്രതീതി ജനിപ്പിക്കുമാറ് മാറിയിട്ടുണ്ട്. ആയിരത്തോളം കുടിലുകൾ നശിപ്പിക്കപ്പെട്ടിട്ടുണ്ട്. പതിനായിരക്കണക്കിന് ആളുകളുടെ പേരിൽ കള്ളക്കേസുകളെടുത്തിട്ടുണ്ട്. കള്ളക്കേസുകളുണ്ടെന്നുള്ളത് തെളിയിക്കാൻ ഞാൻ തയ്യാറാണ്. അതുപോലെതന്നെ മുഴുവൻ സംഭവങ്ങളും ഇത്രയും പറഞ്ഞ പായിൻറുകൾ തെററാണെന്നു പറയാൻ കോയസാഹിബ് തയ്യാറായാൽ അത് പരിശോധിക്കാം. 18 പേരെ കൊന്നിട്ടില്ലെന്നു പറയുകയാണെങ്കിൽ അതു പരിശോധിക്കാം. പണ്ട് ഇവിടെ സർ സി. പി. യുടെ കാലത്ത് ഭയങ്കരമായ പോലീസ് മർദ്ദനമുണ്ടായിരുന്നു. അക്കാലത്തുള്ള പോലീസ് ഇന്നത്തെ അച്യുതമേനോൻെറയും കോയയുടെയും പോലീസിൻെറ മുൻപിൽ അടിയറവയ്ക്കേണ്ടിവരും. 1948–51 കാലത്ത് കമ്മ്യൂണിസ്ററു പാർട്ടിയെ നിരോധിച്ചിരുന്നപ്പോൾ, അച്യുതമേനോൻ ഉൾക്കൊള്ളുന്ന അന്നത്തെ പാർട്ടിപ്രവർത്തകരെ കാണിച്ചുകൊടുക്കുന്ന പ്രവർത്തിയാണ് അന്നു കാൺഗ്രസുകാർ ചെയ്തുകൊണ്ടിരുന്നത്. ആ കാര്യം ഇന്നു വലതുകമ്മ്യൂണിസ്ററുകാർ ചെയ്യുകയാണ്. തൊഴിലാളികളെപിടിക്കുന്നതിനും ലാക്കപ്പിനകത്തിട്ട് മർദ്ദിക്കുന്നതിനും വലതു കമ്മ്യൂണിസ്ററുകാർ ഇന്നു കൂട്ടുനിന്നു പ്രവർത്തിക്കുകയാണ്. കേരളത്തിൽ നടക്കുന്ന മർദ്ദനങ്ങളെക്കുറിച്ചുള്ള കഥകൾ ഇവിടെ സംസാരിച്ചു കഴിഞ്ഞു. ഞാൻ അതിൻെറ വിശദാംശങ്ങളിലേക്കു കടക്കുന്നില്ല. പക്ഷേ തിരുവനന്തപുരം ഡിസ്ട്രിക്ടിൽ നടന്ന സംഭവങ്ങൾമാത്രം പരിശോധിച്ചാൽ വ്യക്തമാകും. ഈ കഴിഞ്ഞ നാലു മാസത്തിനിടയ്ക്കു നടന്ന ലാത്തിച്ചാർജുകൾ 9 എണ്ണമാണ്. ഓവർബ്രിഡ്ജ്, സെക്രട്ടറിയേററു നട, ഭരതന്നൂർ, വർക്കല, വലിയവിള, (തിരുമല) നെയ്യാററിൻകര, നെടുമങ്ങാട്, പാറശ്ശാല, കഴക്കൂട്ടം എന്നീ സ്ഥലങ്ങളിൽ തിരുവനന്തപുരം ഡിസ്ട്രിക്ടിൽ ലാത്തിചാർജ് നടന്നിട്ടുണ്ട്. യാതൊരു കുഴപ്പവുമില്ലാതെ, യാതൊരു പ്രകോപനവുമില്ലാതെ സെക്രട്ടറിയേററ് നടയിൽ നടന്ന ഡിസംബർ ഒന്നാതീയതിയിലെ ലാത്തിചാർജിൻെറ കഥ എല്ലാവർക്കും അറിയാം. അന്ന

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീകൾ പിക്കററ് ചെയ്തു. സ്ത്രീകളുടെ ചുററുമായി ഒരു ഇരുമ്പു വലയം പോലീസ് സൃഷ്ടിച്ചു. അങ്ങനെ കുഴപ്പം സൃഷ്ടിച്ചുകൊണ്ട് ആവശ്യമില്ലാതെ മർദ്ദനം നടത്തി അഞ്ചെട്ടുപേരെ ജനറൽ ആശുപത്രിയിൽ അഡ്മിററ്ചെയ്തു. ആഭ്യന്തരമന്ത്രിക്കോ ഐ. ജി. ക്കോ ഉത്തരവാദപ്പെട്ട മററാർക്കെങ്കിലുമോ ഇതു നിഷേധിക്കാമോ? അതുപോലെതന്നെ ഈ. എം. എസ്. പ്രസംഗിച്ച യോഗത്തിൽ പങ്കെടുക്കാനായി വന്ന യോഹന്നാനെ മൃഗമെന്നു പറയുന്ന, മൃഗമെന്നു പറഞ്ഞാൽ മൃഗത്തിനുപോലും ആക്ഷേപമാകും, ഒരു സർക്കിൾ ഇൻസ്പെക്ടർ ലക്ഷ്മണപ്പണിക്കർ തല്ലിച്ചതച്ച കഥ നമ്മുക്കെല്ലാവർക്കും അറിയാം. അതിന് ആഭ്യന്തരമന്ത്രി പറഞ്ഞത് ഷട്ടറിട്ടപ്പോൾ ഷട്ടറിന്റെ കീഴെ യോഹന്നാൻ പോയി തലവെച്ചതുകൊണ്ട് തല കീറിയെന്നാണ്. എന്തൊരു പരിഹാസ്യമാണ്. പതിനായിരക്കണക്കിന് ആളുകൾ നോക്കിനിൽക്കുമ്പോൾ, അതും തിരുവനന്തപുരത്തെ വിവരമുള്ള ആളുകൾ നോക്കിനിൽക്കുമ്പോൾ, ആ സർക്കിൾ ഇൻസ്പെക്ടർ യോഹന്നാനെ അടിച്ചു തല കീറിയ സംഭവത്തെ സംബന്ധിച്ച് ഷട്ടറിട്ടപ്പോൾ തല കീഴെ വച്ചു പരിക്കു പററിയതാണെന്നുപറയാൻ ആഭ്യന്തരമന്ത്രിക്ക് ലജ്ജയില്ലേ? തിരുവനന്തപുരത്തു ലാക്കപ്പു മർദ്ദനങ്ങൾ നടന്നിട്ടില്ലേ? ഇക്കഴിഞ്ഞ ട്രാൻസ്പോർട്ട് സമരകാലമായിരുന്നു ഭരണകക്ഷികൾക്ക് ഞങ്ങളെ അടിച്ചമർത്താൻ കിട്ടിയ പററിയ സന്ദർഭം. പക്ഷേ ഇവിടെ ലാക്കപ്പു മർദ്ദനങ്ങൾ നടന്നിട്ടുണ്ടെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം നെയ്യാററിൻകര, പാറശ്ശാല കാട്ടാക്കട തുടങ്ങിയ പോലീസ് സ്റേറഷനുകളിൽ നടന്ന സംഭവത്തെ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അവിടെവച്ചു നടന്നിട്ടുള്ള മർദ്ദനങ്ങളെ അറിയിക്കുന്നതിനുവേണ്ടിയിട്ട് മൂന്നുനാലുതവണ ഞാൻ ആഭ്യന്തരമന്ത്രിയെ കാണാൻ ശ്രമിച്ചു. സാധിച്ചില്ല. ചിലപ്പോൾ അദ്ദേഹം ഉറങ്ങിയെന്നു പറയും. അല്ലെങ്കിൽ കാൺഫറൻസിൽ പങ്കെടുക്കുകയാണെന്നുള്ള എന്തെങ്കിലും കാര്യം പറയും. എനിക്കു പിന്നീട് കാണാൻ സാധിച്ചത് ഐ.ജി.യെയാണ്. അദ്ദേഹത്തിന്റെ മുൻപിൽ നെയ്യാററിൻകര ലാക്കപ്പിൽവച്ചും പാറശ്ശാല ലാക്കപ്പിൽ വെച്ചും നടന്ന സംഭവങ്ങളെല്ലാം നിരത്തിവെച്ചു. മർദ്ദനമേററ ആറേഴുപേരെ കാണിച്ചുകൊടുത്തു. അദ്ദേഹം നെഞ്ചിൽ കൈവച്ച് അതിശയിച്ചുപോയി. നെയ്യാററിൻകരയിലും പാറശ്ശാലയിലും വച്ചുനടന്ന ലാക്കപ്പു മർദ്ദനങ്ങളെ സംബന്ധിച്ചിടത്തോളം ഐ. ജി. യെങ്കിലും സാക്ഷ്യം വഹിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണ്. അതിൻമേൽ എന്തു നടപടി നടത്തിയെന്ന് എനിക്കറിഞ്ഞുകൂടാ. എന്റെ വീട്ടിന്റെ നടയിൽ ഈ കഴിഞ്ഞ 13-ാം തീയതി രാവിലെ എട്ടു മണിക്ക് രണ്ടുവാൻ പോലീസിനെ കൊണ്ടുവന്നു ഭീകരമായ ലാത്തിച്ചാർജു നടത്തി. എന്തിനുവേണ്ടി അടിച്ചു എന്നു ആർക്കും ഇതുവരെ അറിഞ്ഞുകൂട. പത്തുമണിയോടുകൂടി വീണ്ടും പോലീസിനെ കൊണ്ടുവന്നു. ആ സമയത്ത് അനാവശ്യമായി കടകളിലിരുന്ന ആളുകളെ തല്ലിച്ചതച്ചതിന്റെ ജനരോഷം ആളിക്കത്തിയ വസ്തുതയും ഭരണകക്ഷിയേയും ഗവൺമെൻറിനേയും അറിയിക്കാൻ ഞാനാഗ്രഹിക്കുകയാണ്. പത്തുമണിക്ക് അവിടെ പോലീസ് വീണ്ടും വന്നപ്പോൾ എന്തും സംഭവിക്കാമായിരുന്നു. അളമുട്ടിയാൽ ചേരയും കടിക്കുമെന്നു പറഞ്ഞതുപോലെ നിവൃത്തിയില്ലാതെവന്നാൽ വെറുതേ വീട്ടിൽക്കയറി അടിച്ചാൽ ജനങ്ങൾ ആത്മരക്ഷയ്ക്കുവേണ്ടി എന്തും ചെയ്യും. അതിനെ കുററം പറഞ്ഞിട്ടുകാര്യമില്ല. അങ്ങനെ ആത്മരക്ഷയ്ക്കുവേണ്ടി ജനങ്ങൾ മുന്നോട്ടുവന്ന ഭീകരമായ ഒരു അവസ്ഥയും പോലീസ് അവിടെ ഉണ്ടാക്കി എന്നാണ് എനിക്കു പറയാനുള്ളത്. മനഃപൂർവ്വമായി നടന്ന ഈ ലാത്തിച്ചാർജിനെപ്പററി അന്വേഷിക്കണം. ഏതെങ്കിലും ഒരു പോലീസുകാരനു പോറൽ സംഭവിച്ചിട്ടുണ്ടോ? അവിടെകല്ലേറ് നടന്നിട്ടില്ല. പോലീസുകാരെ അടിച്ചില്ല. മര്യാദയായി സമരം നടത്തിയ, മര്യാദയായി പിക്കററു നടത്തിയ ജന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളുടെ മേലാണ് ഈ മർദ്ദനം മുഴുവൻ നടത്തിയിട്ടുള്ളതെന്ന വസ്തുതയെ പരിഗണിച്ച് ഈ കാര്യത്തെക്കുറിച്ച് പരിശോധിക്കാൻ ഗവൺമെൻറ് തയ്യാറാകണമെന്നാണു എനിക്ക് അപേക്ഷിക്കാനുള്ളത്. ലാക്കപ്പു മർദ്ദനങ്ങൾ നടക്കുന്നില്ല ഭരണകക്ഷിയുടെ ഭാഗത്തുനിന്നു വളരെയേറെ പറയുന്നതുകേട്ടു. കഴക്കൂട്ടം മെമ്പറും അതേക്കുറിച്ച് സംസാരിക്കുന്നതുകേട്ടു. കഴക്കൂട്ടം മെമ്പറുടെ വീട്ടിൻെറ നടയിൽ വെച്ചാണു ഏററവും ഗംഭീരമായ ലാത്തിച്ചാർജ് നടന്നത്. രണ്ടാഴ്ചയ്ക്കകം പാവപ്പെട്ട ഒരു മുസ്ലിമിൻെറ വീട് പൊളിക്കുന്നതിനു പോലീസുകാർ ഗുണ്ടകളെ സഹായിക്കുകയാണ് അവിടെ ചെയ്തത്. ലാക്കപ്പുമർദ്ദനങ്ങൾ നടന്നിട്ടില്ല, നടക്കുന്നില്ല, അതെല്ലാം പുകയാണെന്നു ഇവിടെ പറഞ്ഞു. ലാക്കപ്പുമർദ്ദനങ്ങളുടെ അനവധി കഥകൾ ഞാൻ പറയാം. ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി വിഴിഞ്ഞത്ത് ഒന്നു പോകണം. ഇന്നലെ രാത്രി നടന്ന മർദ്ദനത്തിൻെറ കഥയാണ് ഞാൻ പറയുന്നത്. സദാശിവൻ എന്നു പറയുന്ന ഒരാൾ ലാറി ഓടിച്ചുകൊണ്ടുപോയപ്പോൾ ഒരു പോലീസുകാരൻെറ സൈക്കിളിൽത്തട്ടി അയാളെ ആശുപത്രിയിൽ അയച്ചു. ആ പാവപ്പെട്ട സദാശിവൻ എന്ന ഡ്രൈവറെ ലാക്കപ്പിലിട്ട് തല്ലിച്ചതച്ചിട്ട് കോടതിയുടെ മുമ്പിൽ ഇതുവരെ ഹാജരാക്കിയിട്ടില്ല. അതു പരിശോധിക്കണം. പിന്നെ ഇവിടെ സെക്രട്ടേറിയററ് നടയിൽ ഒരു കൊല നടന്നു. പട്ടാപ്പകൽ നടന്ന ആ കൊലയുടെ ഉത്തരവാദിയായ ആളെ കണ്ടുപിടിച്ചോ? ആളെ അറിഞ്ഞുകൂടെന്നാണ് പോലീസ് പറയുന്നത്. ഞാൻ പറയാം. ഷാജഹാൻ അല്ലെങ്കിൽ ഷാഹുൽ എന്നു പറയുന്ന ഒരാളാണ് ഈ കൊല നടത്തിയത്. കഴിഞ്ഞ എൻ. ജി. ഓ. സമരകാലത്ത് എ. ജീസ് ആഫീസിലെ എ. ജി. യുടെ ബാഡിഗാഡാണ്, എ. ജി. യുടെ രക്ഷക്കുവേണ്ടി നിയോഗിച്ച ആളാണ്, ഈ ഷാജഹാൻ അല്ലെങ്കിൽ ഷാഹുൽ. ഇയാളൊരു ഗുണ്ടാത്തലവനാണ്. പേട്ടക്കാരനായ ഒരു യുവാവിനെ സെക്രട്ടേറിയററ് നടയിൽവച്ച് കുത്തിക്കൊലപ്പെടുത്തിയിട്ട് ആ കൊലപാതകിയെ കണ്ടുപിടിക്കാൻ ഇതുവരെ പോലീസിന് കഴിഞ്ഞില്ലെന്നാണ് പറയുന്നത്. ഞാൻ പറഞ്ഞുതരാം, ഈ ഷാജഹാൻ അല്ലെങ്കിൽ ഷാഹുൽ എന്നുപറയുന്ന ആളിനെ അറസ്ററു ചെയ്യാൻ തയ്യാറുണ്ടോ ഈ രണ്ടുസംഭവങ്ങളും ഞാൻ ഗവൺമെൻറിൻെറ മുൻപിൽ വയ്ക്കുകയാണ്. ഈയ്യിടെ ഞാൻ ബാലരാമപുരത്തു ചെന്നപ്പോൾ മർദ്ദനമേററ ഒരാളെ എൻെറ മുൻപിൽക്കൊണ്ടുവന്നു. നിങ്ങളെ ഉപദ്രവിച്ചത് ആരാണ് എന്നു ചോദിച്ചപ്പോൾ ആർക്ക് ഉപദ്രവിച്ചുകൂടാ, എന്തുകൊണ്ട് ഉപദ്രവിച്ചു, എന്തിനുവേണ്ടി ഉപദ്രവിച്ചുകൂടാ, എന്തിനു അടിച്ചുകൂടാ, എവിടെവച്ച് അടിച്ചു, എവിടെവച്ച് അടിച്ചുകൂടാ, ആരാ അടിച്ചത്, ആർക്കടിച്ചുകൂടാ എന്നാണ് അയാൾ മറുപടി പറഞ്ഞത്. അങ്ങനെ നാട്ടിലുടനീളം അനാഥമായസ്ഥിതിയിൽ ഇന്നു മർദ്ദനങ്ങൾ നടക്കുകയാണ്. ഈ രാജ്യത്തെ ഭരണം ഇന്നു കൊലയാളി ഭരണമായി മാറിയിരിക്കുകയാണ്. സി. പി. യേയും അതിനുമുമ്പുള്ള മർദ്ദകവീരൻമാരേയും നാണിപ്പിക്കത്തക്കരീതിയിലുള്ള മർദ്ദനമാണ് ഇന്നു നടക്കുന്നത്. നിങ്ങളുടെ നേതാവ് ഇന്ദിരാഗാന്ധി പറഞ്ഞതുപോലെ നാട്ടിൻപുറത്തു കിടക്കുന്ന അദ്ധ്വാനിക്കുന്ന വർഗ്ഗങ്ങളുടെ ജീവിതം നിലനിറുത്തുവാനുള്ള സമരം പൊട്ടിപ്പുറപ്പെടാൻ പോവുകയാണ്. അവരെ അടിച്ചമർത്താൻ പോലീസിനേയും പട്ടാളത്തെയും ഗുണ്ടാകളേയും കൊണ്ടു സാദ്ധ്യമല്ലയെന്നു അവർ അസന്നിഗ്ദ്ധമായി പ്രസ്താവിച്ചുകഴിഞ്ഞിരിക്കുന്ന ഈ സന്ദർഭത്തിൽ ഇവിടെ അദ്ധ്വാനിക്കുന്നവർഗ്ഗത്തിൻെറ ജീവിതാവശ്യങ്ങൾക്കുവേണ്ടിയുള്ള സമരങ്ങളെ അടിച്ചമർത്തിനിറുത്തണമെന്നുള്ള സർവ്വശ്രീ അച്ചുതമേനോൻെറയും കോയാസാഹിബിൻെറയും വെറും വ്യാമോഹം മാത്രമാണ്. ചരിത്രം നിങ്ങൾക്കു മാപ്പു തരികയില്ലെന്നു പറഞ്ഞുകൊണ്ട് ഞാൻ നിറുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങുകയാണ്. പോലീസു ധനാഭ്യർത്ഥനയെ പിൻതാങ്ങുന്ന അവസരത്തിൽ

12 NOON വളരെയേറെ വിമർശനങ്ങൾക്ക് വിധേയമായ ഒരു ഡിപ്പാർട്ടുമെൻറാണ് പോലീസെന്ന് നമുക്ക് അറിയാം. സർ, ഞെട്ടിപ്പിക്കുന്ന പല കഥകളും പ്രതിപക്ഷത്തുനിന്നും ബഹുമാനപ്പെട്ട മെമ്പറൻമാർ ഈ സഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. അതു ശരിയോ തെററോ എന്നുള്ളതിൻെറ ഉള്ളടക്കത്തിലേയ്ക്കു ഞാൻ കടക്കുന്നില്ല. ഒരു വസ്തുത അംഗീകരിക്കാൻ നാം തയ്യാറാകണം. ലാത്തിച്ചാർജുകൾ നടക്കുന്നുണ്ട്, വെടിവയ്പ്പുകൾ നടക്കുന്നുണ്ട്, ചില സ്ഥലങ്ങളിൽ ഒരു പക്ഷേ ഗവൺമെൻറിന് അംഗീകരിക്കാൻ സാധിക്കുന്നില്ലെങ്കിലും അതിരുകവിഞ്ഞ മർദ്ദനങ്ങൾ ഉണ്ടാകുന്നുണ്ട്. അങ്ങനെയുണ്ടാകുന്ന സന്ദർഭത്തിൽ തീർച്ചയായും അതിനെ കർശനമായി നേരിടുന്നതിന് ഗവൺമെൻറു തയ്യാറാകേണ്ടതാണ്. സർ, ലോക്കപ്പുമർദ്ദനങ്ങളുടെ കാര്യം ഇവിടെ പറഞ്ഞു. ലോക്കപ്പുമർദ്ദനങ്ങൾ ഒരുകാലത്തും അനുവദിച്ചുകൊടുക്കാൻ സാധിക്കാത്ത ഒരു കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയും വളരെ അസന്നിഗ്ദ്ധമായ ഭാഷയിൽ പറഞ്ഞു കഴിഞ്ഞു അത് ഒരിക്കലും അനുവദിക്കുകയില്ലെന്ന്. പരാതി കിട്ടുന്ന അവസരത്തിൽ അതിനാവശ്യമായ നടപടി ബോധ്യമായ രീതിയിൽ ഗവൺമെൻറ് സ്വീകരിക്കണമെന്നാണ് എൻെറ അഭിപ്രായം. ഈ അവസരത്തിൽ മററു ചില വസ്തുതകൾ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്നു പത്രം വായിച്ചപ്പോഴാണ് എനിക്ക് കൂടുതൽ ബോധ്യമായത്. ഒരു ഭാഗത്ത് ഭയങ്കരമായ പോലീസുമർദ്ദനം നാട്ടിൽ ജീവിക്കാൻ സാധിക്കാത്ത രീതിയിലുള്ള പോലീസുമർദ്ദനം പോലീസുവാനിൽ കയററി ജയിലിലടയ്ക്കുക എന്നീ പ്രചരണങ്ങളാണ്. മറുഭാഗത്ത് ഇന്നത്തെ പത്രം വായിച്ചപ്പോൾ എൻെറ സ്നേഹിതൻ ഡാക്ടർ ജോർജുതോമസിൻെറ കക്ഷിയുടെ ഒരു വക്താവ് ഒരു പ്രസ്സു കോൺഫറൻസിൽ പറഞ്ഞിരിക്കുന്നു അച്യുതമേനോൻ ഗവൺമെൻറിന് ക്രമസമാധാനം പാലിക്കാൻ സാധിക്കുകയില്ലയെന്ന്. ഒരു ഭാഗത്ത് ഭയങ്കരമായ പോലീസുമർദ്ദനത്തിൻെറ കഥകളും ഇപ്പുറത്ത് അച്യുതമേനോൻ ഗവൺമെൻറിന് ക്രമസമാധാനം പാലിക്കാൻ സാധിക്കുകയില്ലെന്ന പ്രസ്താവനയും. അതുകൊണ്ട് സി. എച്ച്. മുഹമ്മദുകോയ എത്രകണ്ട് ആഗ്രഹിച്ചാലും ഇന്ന് ഈ രാജ്യത്ത് ക്രമസമാധാനം പാലിക്കാൻ സാധിക്കുകയില്ല അതുകൊണ്ട് ഇതിനെ തകർക്കാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുന്നു; ഇതാണ്. സർ, ഒരു ഭാഗത്ത് ഭയങ്കരമായ പോലീസുമർദ്ദനത്തിൻെറ പേരിൽ ഗവൺമെൻറിനെ തകർക്കുമെന്ന് പറയുക മറുഭാഗത്ത് ക്രമസമാധാനം പാലിക്കാൻ സാധിക്കുകയില്ലെന്നുള്ളതിൻെറ പേരിൽ തകർക്കാൻ തീരുമാനിച്ചിരിക്കുകയാണ്; എന്ന് പ്രസ്താവന ചെയ്യുക. ഇങ്ങനെ രണ്ടു കൂട്ടരും കൂടി ഒരുമിച്ചു ചേർന്നിരിക്കുന്നു തകർക്കുക എന്ന കാര്യത്തിൽ. ഡാക്ടർ ജോർജ്ജുതോമസിൻെറ സിൻഡിക്കേററും സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടിൻെറ കമ്മ്യൂണിസ്ററുപാർട്ടിയും ഈ ഗവൺമെൻറിനെ തകർക്കാനുള്ള മാർഗ്ഗങ്ങൾ പലതായി കാണുന്നുണ്ടെങ്കിലും തകർക്കുകയെന്നുള്ള കാര്യത്തിൽ യോജിച്ചിരിക്കുന്നു എന്നുള്ളതിൻെറ തെളിവാണ് ഇന്നു കാലത്തു പത്രത്തിൽ വന്നിട്ടുള്ള പ്രസ്താവന എന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് പല സന്ദർഭത്തിലും പറഞ്ഞു സർ, ചെകുത്താൻെറ കൂടെ ചേർന്നായാലും ഈ ഗവൺമെൻറിനെ മറിക്കുമെന്ന്. അദ്ദേഹം ആരൊക്കെയാണ് ചെകുത്താൻ എന്ന് ഉദ്ദേശിക്കുന്നതെന്നു എനിക്ക് അറിയില്ല. ഞാൻ അത് പറയാൻ ഉദ്ദേശിക്കുന്നില്ല. അദ്ദേഹം കൂടെ നടക്കുന്നവരെ ഉദ്ദേശിച്ചാണ് പറഞ്ഞതെങ്കിൽ അങ്ങനെ തന്നെ ആയിക്കൊള്ളട്ടെ. ബഹുമാനപ്പെട്ട ഡാ: ജോർജ്ജ്തോമസ് ഈ ഗവൺമെൻറിനെ മറിച്ചിടാൻ തീരുമാനിച്ചിരിക്കുന്നു എന്നുള്ള നിലയിൽ മുന്നോട്ടു

LIBRARY ARCHIVES Kerala Legislative Assembly

നീങ്ങിയിട്ടുണ്ട്. അടുത്തടുത്ത മുറികളിലാണ് ഞങ്ങൾ താമസിക്കുന്നത്. കുറച്ചു ദിവസങ്ങളായി ചില സുഹൃത്തുക്കൾ ഡാ: ജോർജ്ജ്തോമസിന്റെ മുറിയിൽ നിരന്തരമായി രാത്രിയിൽ വരുന്നുണ്ട്.

ഡോ. ജോർജ്ജ്ജുതോമസ്: അങ്ങയുടെ മുറിയിൽ കയറിയിട്ടാണ് എന്റെ അടുത്തു വരുന്നുത്.

ശ്രീമതി. കെ. ആർ. ഗൗരി: സാധാരണഗതിയിൽ ബേബിജോൺ മാത്രം പോകേണ്ട മുറിയിൽ മററുള്ളവർ പോയാൽ സ്വാഭാവികമായും പ്രതിഷേധം ഉണ്ടാകും.

ശ്രീ. ബേബിജോൺ: സർ, ഗൗരിയമ്മ പറഞ്ഞത് എനിക്ക് മനസ്സിലാകുന്നില്ല. ഏതായാലും ഞാൻ മുറിയിൽ വന്നിട്ടില്ല. ഡോ: ജോർജ്ജ്ജു തോമസിന്റെ മുറിയിൽ ചില ആളുകൾ രാത്രികാലങ്ങളിൽ ചെല്ലുന്നു എന്നു പറഞ്ഞതിന് എന്തിന് ഇത്ര ചൊടിക്കുന്നുയെന്നു ഞാൻ ചോദിക്കുകയാണ്. ഇത് ഒരു രാഷ്ട്രീയമായ ആലോചനയുടെ ഭാഗമായിതന്നെയാണ് ഞാൻ കാണുന്നത്. എന്റെ സ്നേഹിതൻ അബു പോയിട്ടുണ്ട്. എന്റെ സ്നേഹിതൻ അഴിക്കോടൻ രാഘവൻ രണ്ടുമൂന്നുദിവസം പോയിട്ടുണ്ട്. ഇങ്ങനെ തുടർച്ചയായി ആലോചന നടക്കുന്നുണ്ട്.

ശ്രീ. കെ. കെ. അബു: അച്യുതമേനോൻ ഗവൺമെൻറിനെ തകർക്കണമെന്നു പറയുന്നത് അത്ര വലിയ അപരാധമാണോ? നിങ്ങൾക്കതു പറയാൻ തോന്നുന്നുവല്ലോ?

ശ്രീ. ബേബിജോൺ: അച്യുതമേനോൻ ഗവൺമെൻറിനെ തകർക്കുകയെന്നുള്ളത് ഒരു അപരാധമായിട്ട് ഞാൻ കാണുന്നില്ല. നിങ്ങൾക്കത് പറയാം. നിങ്ങൾ പോയകാര്യം പറഞ്ഞപ്പോൾ എന്തിന് ശുണ്ഠിപിടിക്കുന്നു? അറുപിൻതിരിപ്പൻമാരായ ജനസംഘവുമായി കൂട്ടുപിടിച്ചു നിൽക്കുന്ന സിൻഡിക്കേററുമായി മാർക്സിസ്ററുകാർ കൂട്ടുചേരുന്നതിൽ എനിക്ക് അൽഭുതമില്ല.

ശ്രീ. കെ. കെ. അബു: മാർക്സിസ്ററുകാരുമായി കൂട്ടുപിടിച്ചല്ലേ ബംഗാളിൽ ഈ കൊലയെല്ലാം നടത്തുന്നത്?

ശ്രീ. ബേബിജോൺ: ഇനിയും ഞങ്ങൾ കൂട്ടുചേരും അതറിയാമോ?

ശ്രീമതി. കെ. ആർ. ഗൗരി: അതങ്ങ് മാററി വയ്ക്കുകയാണ് നല്ലത്

ശ്രീ. ബേബിജോൺ: സർ, ഈ ഒരു ഗൂഡാലോചന ഇവിടെ നടക്കുന്നുണ്ട്. ആ ഗൂഡാലോചനയുടെ ഫലമായിട്ടാണ് ശ്രീമാൻ രാമുണ്ണി ഇവിടെ പറഞ്ഞത്, രണ്ടുമൂന്നു ദിവസത്തിനകം വീഴുമെന്ന്. ആടിയാടിയാണ് നിൽക്കുന്നതെന്നാണ് പറയുന്നത്. ഇതു വീഴാറായി. രണ്ടുമൂന്നു ദിവസത്തിനകം വീഴും എന്നുള്ള ഒരു പ്രചരണം നടക്കുകയാണ്. അപ്പുറത്ത് എന്റെ സ്നേഹിതൻ ജോർജ് തോമസുപറയുകയാണ് ഈ ഗവൺമെൻറു ഉറപ്പുള്ളതല്ലെന്ന്. ഈ ഗവൺമെൻറു ഉറപ്പുള്ളതല്ല, അതുകൊണ്ട് ഈ ഗവൺമെൻറിനെ തകർക്കണമെന്ന് പറയുക അങ്ങനെ ഒരു കുഴപ്പമുണ്ടാകുക. ജോർജ്ജ്ജു തോമസിന്റെ രാഷ്ട്രീയം എനിക്കു മനസ്സിലാക്കാൻ കഴിയും. പക്ഷേ ഈ ഗവൺമെൻറിനെ തകർത്തിട്ട് മറെറാരു ഗവൺമെൻറ് ഉണ്ടാകുമെന്ന് ചിലരെല്ലാം ധരിക്കുന്നുണ്ട്. ഇതു വളരെ ബോധപൂർവ്വം ആളുകളെ തെററിദ്ധരിപ്പിക്കുന്നതിനുവേണ്ടി മന:പൂർവ്വം നടത്തുന്ന ഒരു പ്രചരണം

LIBRARY ARCHIVES Kerala Legislative Assembly

ആണ്. ഇതിനുമുൻപ് സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാട് രാജി വയ്ക്കുന്നതിന്...............................

ശ്രീമതി. കെ. ആർ. ഗൗരി: ഇൻഡ്യൻ പ്രസിഡൻറിൽ ചില അധികാരങ്ങൾ നിക്ഷിപ്തമായിട്ടുണ്ട്. ആ പ്രസിഡൻറിൻെറ അധികാരം ചില ആളുകൾ അസർട്ട് ചെയ്തു നിയമസഭയിൽ പ്രസംഗിക്കുന്നത് ശരിയാണോ?

ചെയർ: അതു മനസ്സിലായില്ല.

ശ്രീ. ബേബിജോൺ: ബഹുമാനപ്പെട്ട ഇ. എം. എസ്. രാജിവയ്ക്കുന്നതിനു മുൻപും ഇതുപോലെയുള്ള ചില ആലോചനകളും ധൃതിയായ ചാക്കിട്ടു പിടുത്തവും ഉണ്ടായിട്ടുണ്ട്.

ശ്രീ. ഇ. എം. ജോർജ്: സർ, ഞാൻ മനസ്സിലാക്കിയിട്ടുള്ളത് പോലീസിനെപ്പററിയാണ് ഇവിടെ ചർച്ചനടക്കുന്നതെന്നാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പോലീസിനെപ്പററിയൊന്നും പറയുന്നില്ല. അദ്ദേഹത്തിൻെറ പാർട്ടിക്ക് പോലീസിൻെറ കാര്യങ്ങളിലുള്ള അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

ശ്രീ. ബേബിജോൺ: ഞാൻ പോലീസിനെസംബന്ധിച്ചാണ് പറയുന്നത്. പോലീസിനെസംബന്ധിച്ച് പറയുമ്പോൾ ഇതെല്ലാം സ്വാഭാവികമായും പറയേണ്ടിവരും. അതുപോലെ തന്നെയാണ് ചില ആളുകളെ പ്രലോഭിപ്പിക്കാൻ വേണ്ടിനടത്തിയ ശ്രമങ്ങൾ പരാജയപ്പെട്ടുവെങ്കിലും ആ പ്രലോഭിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ ഇന്നും സ്വീകരിച്ചു വരുന്നുണ്ട്. എൻെറ സ്നേഹിതൻ ഇ. എം. എസ്. നമ്പൂതിരിപ്പാട് സംശയത്തിന് ഇടനൽകാത്ത രീതിയിൽ പറഞ്ഞിട്ടുണ്ട് ഒരു തെരഞ്ഞെടുപ്പാണ് ഇവിടെ ആവശ്യമെന്ന്. ഈ ഗവൺമെൻറു തുടരുന്നതു ശരിയല്ല, അതുകൊണ്ട് ഇതിൻെറ സ്ഥാനത്ത് മറെറാരു ഗവൺമെൻറുവേണമെന്ന് ഇ. എം. എസ്. ഒരിക്കലും പറഞ്ഞിട്ടില്ല. മറിച്ച് ഒരു തെരഞ്ഞെടുപ്പു വേണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇവിടെ ആളുകളെ പിടിക്കാൻ ശ്രമിക്കുന്നത് വേറെ ഒരു മന്ത്രിസഭയുണ്ടാകാം മന്ത്രിമാരാകാം ഈ നിലയിലാണ്. ഒരുപക്ഷേ മാർക്സിസ്ററുകമ്മ്യൂണിസ്ററുപാർട്ടിയുടെ അഭിപ്രായം മാറിയിട്ടുണ്ടോയെന്ന് എനിക്ക് അറിഞ്ഞുകൂടാ. കാരണം ബംഗാളിൽ ....

ശ്രീ. കെ. പി. ആർ. ഗോപാലൻ: സർ, പോയിൻറ് ഓഫ് ഓർഡർ. എം.എൽ.എ. മാരെ പിടിക്കാതെ ഭൂരിപക്ഷവും ന്യൂനപക്ഷവും ഉണ്ടാകുകയില്ല. ആളെ പിടിക്കുക ആളെ പിടിക്കുക എന്നു പറഞ്ഞാൽ എം.എൽ.എ. മാരെ പിടിക്കുന്നു എന്നാണോ അർത്ഥം? ജനങ്ങളുടെ പ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ടു വന്നിട്ടുള്ള മാന്യ മെമ്പറൻമാരെ അങ്ങനെ പിടിക്കുക എന്നു പറയാൻ ബഹുമാനപ്പെട്ട മെമ്പർക്ക് അധികാരമില്ല.

ശ്രീ. ബേബിജോൺ: പിടിക്കാൻ ശ്രമിക്കുന്നുയെന്നു മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളു. എൻെറ സ്നേഹിതൻ ഇ.എം.എസ്. നമ്പൂതിരിപ്പാട് പറഞ്ഞിരുന്ന അഭിപ്രായത്തിന് ഇന്നു മാററമുണ്ടോയെന്ന് എനിക്ക് അറിഞ്ഞുകൂടാ. കാരണം ബംഗാളിൽ അദ്ദേഹത്തിൻെറ പാർട്ടിയാണ് ഇന്ന് പറയുന്നത് ഐക്യമുന്നണിയിലെ ചില ഘടകങ്ങൾ മാറിപോയാലും ബാക്കി ശേഷിക്കുന്നവർ ഒരു ഗവൺമെൻറു രൂപീകരിക്കുന്നതിൽ തെററില്ല എന്നാണ്. ബംഗാളിൽ മാർക്സിസ്ററുപാർട്ടി ഇങ്ങനെ പറയുന്നതുകൊണ്ട് ഒരു പക്ഷേ ഇവിടത്തെയും കാര്യത്തിൽ ബഹുമാന്യനായ ഇ. എം. എസിൻെറ മാററം വന്നിട്ടുണ്ടോയെന്ന് അറിഞ്ഞുകൂടാ. അതു അറിയണം. ആ രീതിയിൽ ഒരു ഭാഗത്ത് ചിന്തി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയും അപ്പുറത്ത് പോലീസിന്റെ ഭയങ്കരമായ മർദ്ദനത്തെസംബന്ധിച്ച് പറയുകയും ആണ്. മർദ്ദനം കുറെയെല്ലാം ഉണ്ട്. ഞങ്ങൾ സമ്മതിക്കുന്നുണ്ട്. അതിൽ തർക്കിച്ചിട്ടു കാര്യമില്ല. ഉള്ളകാര്യം ഉള്ളതുപോലെ നമുക്കു കാണാം. പോലീസിനെ നീതീകരിക്കാൻ ഞാൻ ശ്രമിക്കുന്നില്ല. എന്റെ ബഹുമാന്യ സുഹൃത്ത് കൃഷ്ണൻ പ്രസംഗിച്ച അവസരത്തിൽ 131 ദിവസത്തെ ഭരണത്തിന്റെ ഭയങ്കരതയെ സംബന്ധിച്ച് പ്രതിപാദിച്ചു. മററുചിലർ പോലീസു മർദ്ദനങ്ങളെ ചിത്രീകരിച്ചുകൊണ്ട് ഈ ഗവൺമെൻറിന്റെ വർഗ്ഗസ്വഭാവത്തെ വിലയിരുത്താൻ ശ്രമിച്ചു. സർ, ശരിയാണ്. ഇൻഡ്യയുടെ ചരിത്രത്തിൽ ഒരു സംസ്ഥാനഗവൺമെൻറിനും ഇത്രയേറെ ദുർഘടം നിറഞ്ഞ ഒരു കാലഘട്ടം ഇതിനുമുൻപ് ഉണ്ടായിട്ടില്ല: ഈ 131 ദിവസം ഉണ്ടായിട്ടുള്ളതുപോലെ ഞാൻ സമ്മതിക്കുന്നു സർ. ഈ ദുർഘടം ആരു വരുത്തിയെന്നുള്ളതിനെസംബന്ധിച്ച് ബഹളം കൂട്ടേണ്ടകാര്യമില്ല. ഈ 131 ദിവസവും ദുർഘടം നിറഞ്ഞ ദിവസങ്ങളായിരുന്നു. ഈ അവസരത്തിൽ ഭരണത്തിന്റെ ഉത്തരവാദിത്വം വഹിക്കുന്ന അച്യുതമേനോനും ശ്രീ. സി. എച്ച്. മുഹമ്മദുകോയയ്ക്കും അതുപോലെയുള്ള മററ് ആളുകൾക്കും വളരെ പ്രയാസകരമായ ദിവസങ്ങളായിരുന്നുവെന്നു ഞാൻ സമ്മതിക്കുന്നുണ്ട്. പോലീസുമർദ്ദനങ്ങൾ ഉണ്ടായിട്ടുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. മാർക്സിസ്ററ് കമ്മ്യൂണിസ്ററുപാർട്ടി ഈ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രമുഖമായ ഒരു രാഷ്ട്രീയപാർട്ടിയാണ്. ഒരു ഇടതുപക്ഷ പാർട്ടിയാണ്. വളരെയേറെ സ്വാധീനശക്തിയുണ്ട്. ചിട്ടയുള്ള അച്ചടക്കബോധമുള്ള പാർട്ടി തീരുമാനങ്ങൾ നടപ്പിലാക്കാൻ സന്നദ്ധതയുള്ള നിരവധി പ്രവർത്തകരുള്ള ഒരു പാർട്ടി ഈ ഗവൺമെൻറിനെ ഞങ്ങൾ സ്വൈരം കൊടുക്കുകയില്ല, ഒരൊററ ദിവസംപോലും വെടിവയ്ക്കാതെയും ലാത്തിച്ചാർജ്ജ് നടത്താതെയും ഭരണം നടത്താൻ ഞങ്ങൾ അനുവദിക്കുകയില്ല. എന്ന് ഒരു പ്രഖ്യാപനം നടത്തിയിട്ട് സർ, ബഹുമാനപ്പെട്ട എ. കെ. ഗോപാലൻ പ്രസ്താവിക്കുകയുണ്ടായി വെടിവയ്ക്കാതെയും ലാത്തിച്ചാർജ്ജു നടത്താതെയും അച്യുതമേനോൻ ഗവൺമെൻറിന് മുന്നോട്ടു പോകാൻ സാധിക്കുകയില്ലെന്ന്. ലാക്കപ്പിലുള്ള മർദ്ദനം ഞാൻ സ്വീകരിക്കുന്നില്ല. അതിനെ എതിർക്കണം; ശിക്ഷിക്കണം തടയണം. ഇത്രയേറെ സ്വാധീനശക്തിയുള്ള ഒരു പാർട്ടി ഒരു ഗവൺമെൻറിന് യാതൊരു വിധത്തിലും സ്വൈരംകൊടുക്കുകയില്ലെന്ന ദൃഢനിശ്ചയത്തോടുകൂടി പ്രവർത്തിക്കുന്നുണ്ട്. ഈ കേരളത്തിൽ 131 ദിവസത്തിനുള്ളിൽ നടന്നിട്ടുള്ളതുപോലെ ഇൻഡ്യയിലെ വേറെ ഏത് സംസ്ഥാനത്തിലുണ്ടായിട്ടുണ്ട്? സമരങ്ങൾ ഉണ്ടായിട്ടുണ്ട്, വെടിവയ്പ്പുകൾ നടന്നിട്ടുണ്ട്, ലാത്തിച്ചാർജ്ജുകൾ നടന്നിട്ടുണ്ട്; മററു സംസ്ഥാനങ്ങളിലെല്ലാം എന്നു ഞാൻ സമ്മതിക്കുന്നു—പക്ഷേ ഇവിടെ സമരങ്ങൾ ഏതെല്ലാം രീതിയിലാണ്? സ്വാധീനശക്തിയുള്ള ഒരു പാർട്ടി, ആ പാർട്ടിയുടെ ആഹ്വാനം നടപ്പിലാക്കാൻ ധീരമായി പ്രവർത്തിക്കാൻ കഴിവുള്ള കുറെയാളുകൾ— ചിലപ്പോൾ നേതാക്കൻമാർ അവരെ തള്ളി പറഞ്ഞാലും ധീരതയോടുകൂടി പ്രവർത്തിക്കാൻ കഴിവുള്ള അനുയായികളാണ്— ഇവരാണ് ഭരണം നടത്തുന്നത്. റോഡായ റോഡുമുഴുവൻ സമരം റോഡിലെ സമരംകൊണ്ടു മാത്രം നിൽക്കുന്നുണ്ടോ? അവരുടെ ഒരു പത്രത്തിൽ പറയുന്നു 13-ാം തീയതി 10 ലക്ഷം ആളുകൾ പണിമുടക്കിയെന്നു. ഞാനതിലേയ്ക്കു കടക്കുന്നില്ല. റോഡായ റോഡുമുഴുവൻ സമരമാണ്. അത് അതുകൊണ്ടുതീരുന്നോ. പാടങ്ങൾ മുഴുവൻ സമരം. തീർന്നോ? പുരയിടങ്ങൾ തോറും സമരമാണ്. ഈ സംസ്ഥാനത്ത് പുരയിടങ്ങൾ തോറും............

ശ്രീ. ആർ. എസ്. ഉണ്ണി: സർ, പോയിൻറ് ഓഫ് ഓർഡർ. ഒരു ബഹുമാനപ്പെട്ട മെമ്പർ സംസാരിച്ചുകൊണ്ട് നിൽക്കുമ്പോൾ മറെറാരു ബഹുമാനപ്പെട്ട മെമ്പർക്കു ചോദ്യം ചോദിക്കാനുണ്ടെങ്കിൽ സംസാരിച്ചുകൊണ്ട് നിൽ

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന മെമ്പർ വഴങ്ങുകയാണെങ്കിൽ ചോദിക്കാം. മറുപടി പറയാം. അതല്ലാതെ സീററിലിരുന്നുകൊണ്ട് എന്തെങ്കിലും പറഞ്ഞ് പ്രസംഗം തടസ്സപ്പെടുത്തുന്നത് ഓർഡറിലാണോ?

<u>ചെയർമാൻ:</u> ഒട്ടും ഓർഡറിലല്ല.

<u>ശ്രീ. ബേബിജോൺ:</u> പുരയിടങ്ങൾതോറും സമരം ആണ്. ഇങ്ങനെയുള്ള എല്ലാ രൂപത്തിലുള്ള സമരങ്ങളും ഒരുമിച്ച് 131 ദിവസത്തിനകം ഇൻഡ്യാ രാജ്യത്ത് മറെറതെങ്കിലും ഒരു ഗവൺമെൻറിന് നേരിടേണ്ടി വന്നിട്ടുണ്ടോയെന്ന് നാം ആലോചിക്കണം. ഇതു കണക്കിലെടുത്തുകൊണ്ടുവേണം ഇതിനെക്കുറിച്ച് നാം അഭിപ്രായം പറയേണ്ടത്. സർ, സമരം ചെയ്യാൻ നമുക്കെല്ലാം അറിയാം. ഇ. എം. എസിൻെറ കാലത്തു നടന്ന പോലീസു നയത്തിൽനിന്നും വ്യത്യസ്തമാണ് ഇപ്പോഴത്തെ നയമെന്നു പറഞ്ഞു. ഇ. എം. എസിൻെറ കാലത്തു മർദ്ദനങ്ങൾ ഇല്ലായിരുന്നുവെന്ന് പറഞ്ഞു. നമുക്കറിഞ്ഞുകൂടേ ഉണ്ടായിരുന്നോ ഇല്ലായിരുന്നോയെന്ന്. ലാക്കപ്പുമർദ്ദനങ്ങൾ ഇല്ലായിരുന്നു. ഇന്നു നടക്കുന്ന ലാക്കപ്പുമർദ്ദനങ്ങൾ തടയപ്പെടേണ്ടതാണ്. പക്ഷേ ഒരു സമരം ചെയ്യുമ്പോൾ എങ്ങനെ സമരം ചെയ്യണമെന്ന് നമുക്ക് എല്ലാം അറിഞ്ഞുകൂടേ സർ. ലാത്തിച്ചാർജ്ജു ചെയ്യത്തക്ക രീതിയിൽ സമരം ചെയ്യാൻ നമുക്ക് അറിഞ്ഞുകൂടേ? ഇ. എം. എസിൻെറ കാലത്ത് സമരം ചെയ്യുന്ന ആളുകൾ ഭരണകക്ഷിയിലെ ആളുകൾ ആയിരുന്നു. നേരത്തെ പോലീസിനെ വിവരം അറിയിച്ചിട്ട് ഞങ്ങൾ ഇത്ര ആളുകൾ ഇന്ന സമയത്ത് വരുവിൻ റെഡിയാക്കിക്കോ എന്നു പറഞ്ഞിട്ട് ആളുകൾ വരുകയും, വാനിൽ കയററി കൊണ്ടുപോയിട്ടു വൈകുന്നേരം വിടുകയും ചെയ്യും. എന്നിട്ട് ഇത് അഭിമാനകരമായ ഒരു കാര്യമാണെന്ന് പറയുന്നതിൽ എന്താണ് അർത്ഥം? അതേസമയം നമുക്കു അറിഞ്ഞുകൂടേ പത്തുപേർ മതിയാകും പോലീസിനെകൊണ്ട് മർദ്ദനം നടത്തിക്കാനെന്ന്. വെറും പത്തുപേർ മാത്രം മതി. പിക്കററിംഗ് നടത്തുന്ന സമയത്ത് പോലീസിൻെറ കാലുവാരിയാൽ മതി മർദ്ദനം നടത്താൻ. പലപ്പോഴും പല രാഷ്ട്രീയ പാർട്ടികളും ആ രീതിയിൽ സമരമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടില്ലേ?

<u>ശ്രീ. എ. വി. കുഞ്ഞമ്പു:</u> ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാതെ ബഹുമാനപ്പെട്ട സമാജികൻമാരെപോലും കേവലം മുദ്രാവാക്യം വിളിച്ചതിൻെറ അടിസ്ഥാനത്തിൽ തല്ലിച്ചതച്ചതിൻെറ പാടുകൾ ഇവിടെ കാണിച്ചില്ലേ ? ഇതൊക്കെ വാസ്തവത്തിൽ കാലുവലിച്ചതിൽനിന്നു ഉണ്ടായതാണോ ?

<u>ശ്രീ. ബേബിജോൺ:</u> അങ്ങനെ ഞാൻ പറഞ്ഞിട്ടില്ല. മർദ്ദനം നടക്കുന്നുവെന്നാണ് ഞാൻ പറഞ്ഞത്. അതു തടയണമെന്നാണ് ഞാൻ പറഞ്ഞിട്ടുള്ളത്. പക്ഷേ ആ രാഷ്ട്രീയ സമരങ്ങൾ നാം കണക്കിലെടുക്കണം.

<u>ശ്രീ. ഇ. എം. ജോർജ്:</u> ഈ ലോക്കപ്പു മർദ്ദനങ്ങൾ തടയപ്പെടേണ്ടതാണ്; എം. എൽ. എ. മാരെ തല്ലിയത് തടയപ്പെടേണ്ടതാണ് എന്ന് ബേബി പറഞ്ഞു. ആരു തടയണമെന്നാണ്? ഞങ്ങൾ തടയണമെന്നാണോ മന്ത്രിമാർ തടയണമെന്നാണോ ആരു തടയണമെന്നാണ് പറയുന്നത്.

<u>ശ്രീ. ബേബിജോൺ:</u> ഗവൺമെൻറ് കർശനമായി തടയണം. അതുപോലെതന്നെ ഈ രാഷ്ട്രീയ സാഹചര്യം ഒഴിവാക്കാൻ വേണ്ടി നമുക്ക് ഒരുമിച്ച് ആലോചിക്കുകയും വേണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. ആർ. ഗോപാലൻ: ഒരു പോയിൻറ് ഓഫ് ഓർഡർ നാട്ടുകാരെ മുഴുവൻ തല്ലിക്കൊല്ലുമ്പോഠം നാട്ടുകാരുടെ പ്രതിനിധിയായ എം. എൽ. ഏ. ക്ക് കൂടുതൽ കൊണ്ടാൽ അതിലെന്താണ് അസാംഗത്യം ഉള്ളത്. (ചിരി)

ശ്രീ. ബേബിജോൺ: അപ്പോഠം ഞാൻ പറഞ്ഞു വന്നത് ഇത്ര ഏറെ പ്രയാസമേറിയ രാഷ്ട്രീയ സാഹചര്യത്തിൽ അധികാരത്തിൽ വന്ന ഒരു ഗവൺമെൻറു അച്യുതമേനോൻ ഗവൺമെൻറിനെപ്പോലെ മറ്റൊരു ഗവൺമെൻറ് ഇൻഡ്യയിൽ ഒരു സംസ്ഥാനത്തും ഉണ്ടായിട്ടില്ല.

ശ്രീ. എം. സദാശിവൻ: ഒരു പോയിൻറു ഓഫ് ഓർഡർ. എം. എൽ. ഏ. മാർക്ക് കൂടുതൽ കൊള്ളണമെങ്കിൽ മന്ത്രിമാർക്ക് വളരെക്കൂടുതൽ കൊള്ളേണ്ടതില്ലേ?

ചെയർ: അതൊരു പോയിൻറ് ഓഫ് ഓർഡറല്ല.

ശ്രീ. ബേബിജോൺ: അതുപോലെതന്നെ ഇ. എം. എസിൻെറ കാലത്ത് വെടിവയ്പ്പു നടന്നു, അന്നും ഞങ്ങളൊരുമിച്ചു ഭരിച്ചവരാണ്. അന്നു ലാത്തിച്ചാർജ് നടന്നതിന് ഐ. ജി. യും കേന്ദ്രഗവൺമെൻറും ഭൂ ഉടമകളും തമ്മിലുള്ള ഗൂഢാലോചനയുടെ ഫലമായിട്ടാണ് ലാത്തിച്ചാർജ്ജും വെടിവയ്പ്പും ഉണ്ടായതെന്നു പറയുകയും അച്യുതമേനോൻെറ കാലത്ത് സി. എച്ച്. മുഹമ്മദുകോയ ആഭ്യന്തരമന്ത്രിയായിരുന്ന കാലത്ത് വെടിവയ്പ്പും ലാത്തിച്ചാർജും നടന്നത് അച്യുതമേനോനും സി. എച്ച്. മുഹമ്മദുകോയയും നിർദ്ദേശങ്ങഠം നൽകിയിട്ടാണ് എന്നു പറയുകയും ചെയ്യുന്നതു നീതിക്കു നിരക്കാത്തതാണ്.

ശ്രീ. ഇ. എം. ജോർജ്: അങ്ങനെ അല്ലെന്ന് അവർ പറഞ്ഞാൽ മതി.

ശ്രീ. ബേബിജോൺ: ഇ. എം. എസിൻെറ കാലത്ത് വെടിവയ്പ്പു നടന്നത് ഇ. എം. എസ്. പറഞ്ഞിട്ടാണോ എന്നാണ് ഞാൻ ചോദിക്കുന്നത്.

ശ്രീ. ഇ. എം. ജോർജ്: ഇ. എം. എസിൻെറ കാലത്ത് പോലീസുകാരുടെ ലാത്തി അടിക്കനാണ് വീണ വായിക്കനല്ല. എന്നു പറഞ്ഞിട്ടുണ്ടോ?

ചെയർമാൻ: സമയം തീർന്നു.

ശ്രീ. ബേബിജോൺ: എൻെറ ബഹുമാന്യ സ്നേഹിതൻ ഇ. എം. ജോർജ് ഒരു പോയിൻറ് ചോദിച്ചിട്ടുള്ളതുകൊണ്ട് അതിനുകൂടി മറുപടി പറഞ്ഞുകൊള്ളട്ടെ. ഇ. എം. എസിൻെറ കാലത്ത് ഏതെങ്കിലും ഒരു മന്ത്രിയോ എം. എൽ. ഏ. യോ പോലീസിൻെറ ലാത്തി അടിക്കാനാണ്, വീണവായിക്കാനല്ല. എന്നു പറഞ്ഞിട്ടുണ്ടോയെന്ന് ചോദിച്ചു. അല്ല സർ. ബഹുമാന്യനായ ശേഷൻ ആ രീതിയിൽ ഇതിനെസമീപിച്ചതു ശരിയല്ലെന്നാണ് എൻെറ അഭിപ്രായം. പക്ഷേ ഒരു കാര്യം നാം മനസ്സിലാക്കണം. ഇ. എം. എസ്സിൻെറ അത്ര ശേഷനു ഭാഷയ്ക്ക് വശമില്ലാത്തതുകൊണ്ട് അദ്ദേഹത്തോടു ചോദിച്ചപ്പോഠം പിന്നെ ഓടക്കുഴൽ വായിക്കാനാണോ എന്നു ചോദിച്ചിട്ടുള്ളത് ശരിയാണെങ്കിലും ഇ. എം. എസ്. പറഞ്ഞിട്ടുള്ളത് ''പോലീസുകാർക്കും ഏറികൊണ്ടാൽ നോവും അവരും മനുഷ്യരാണ് 'എന്ന് നിയമസഭയിൽ പ്രസ്താവിച്ച കാര്യം മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റുപാർട്ടിയിലെ സ്നേഹിതൻമാർ മറന്നു പോകരുത്. പോലീസുമർദ്ദനത്തെ സംബന്ധിച്ച് പ്രതിപക്ഷത്തുനിന്നു കൊണ്ടുവന്ന അടിയന്തിരപ്രമേയത്തിനു മറുപടി

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞുകൊണ്ട് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ. എം. എസ്. പറഞ്ഞത് പോലീസുകാരും മനുഷ്യരാണ്, അവർക്കും ഏറുകൊണ്ടാൽ നോവും എന്നല്ലേ? അടിക്കുക എന്നല്ലേ ആ പറഞ്ഞതിന്റെയും അർത്ഥം എന്നു ഞാൻ ചോദിക്കുകയാണ്. അതുകൊണ്ട് ഇതിനെസംബന്ധിച്ചു എനിക്കു വയ്ക്കാനുള്ള നിർദ്ദേശം ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ മുൻകൈ എടുത്ത് ഇതിനൊരു പരിഹാരം കാണേണ്ടതാണെന്നാണ്. രാഷ്ട്രീയമായ പരിഹാരമാണ് കാണേണ്ടത്. അതുകൊണ്ട് എല്ലാ കക്ഷികളുടെയും മെമ്പറൻമാരെ വിളിച്ച് ഇതിനെ സംബന്ധിച്ച് ആലോചിക്കണം. ഈ പരിതഃസ്ഥിതിയെ ഒഴിവാക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കാനുള്ള സാഹചര്യം ഉണ്ടാക്കണം. അതിൽ സഹകരിക്കുമോ എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് സത്യസന്ധതയും ആത്മാർത്ഥതയും കാണേണ്ടത്.

Dr. George Thomas : Sir, I want to make a personal explanation since my name has been unnecessarily drawn into the discussion in a personal way.

ശ്രീ. ബേബിജോൺ: ശ്രീ. ജോർജ് തോമസ് ഒരു സംഘടനയുടെ പ്രതിനിധിയെന്നുള്ള നിലയിൽ പറഞ്ഞു എന്നുള്ളതല്ലാതെ പേഴ്സണലായി ഒന്നും പറഞ്ഞിട്ടില്ല.

ശ്രീ. ജോർജ്തോമസ്: ശ്രീ. ബേബിജോൺ പ്രസംഗിച്ചുകൊണ്ടിരുന്ന അവസരത്തിൽ ജോർജ്തോമസു ഈ സഭയിലെ മറേറതോ കക്ഷിയുമായി ഗൂഢാലോചന നടത്തി ഈ ഗവൺമെൻറിനെ മറിച്ചിടാൻ ആലോചന നടത്തുന്നതായി പറയുകയുണ്ടായി. സർ, ഈ ഗവൺമെൻറിനെ മറിച്ചിടുകയെന്നു പറഞ്ഞാൽ എന്താണെന്നു പോലും എനിക്കറിഞ്ഞുകൂടാ. ഒരു ഗവൺമെൻറു ഒരു പക്ഷേ ഭൂരിപക്ഷം ഇല്ലാതെവന്നാൽ പരാജയപ്പെട്ടു എന്നു വരും രാജി വച്ചുയെന്നു വരും. മററു വിവരങ്ങളൊന്നും എനിക്കറിഞ്ഞുകൂടാ. ഒരു ഗവൺമെൻറിനെ മറിച്ചിടുന്ന പ്രശ്നമേ അറിഞ്ഞുകൂടാ. ഇതിന്റെ ചില പാഠങ്ങൾ ഞാൻ ബേബിജോണിൽനിന്നും സ്വീകരിക്കുകയാണുവേണ്ടത്. അദ്ദേഹം ഇവിടെ പറഞ്ഞ വസ്തുത ശരിയല്ലെന്നു വളരെ ബഹുമാനപൂർവ്വം ഈ സഭയേയും അദ്ദേഹത്തേയും ഞാൻ അനുസ്മരിപ്പിക്കുകയാണ്.

ശ്രീ. ജി. ഗോപിനാഥൻപിള്ള: സർ, ഈ ഡിമാൻറിനെ ഞാൻ അനുകൂലിക്കുകയാണ്. ഈ ഡിമാൻറിനെ അനുകൂലിക്കുന്നു എന്നു പറയുമ്പോൾ ഇന്നു പോലീസു മർദ്ദനങ്ങൾ നടക്കുന്നില്ലെന്നു ഞാൻ പറയുന്നില്ല. പക്ഷേ കഴിഞ്ഞ 31 മാസക്കാലം സഖാവ് ഇ. എം. എസ്. ഭരിച്ചപ്പോൾ അതിലും പങ്കാളികളായിരുന്ന ഞങ്ങൾക്ക് ഒരു പ്രത്യേകത കാണാൻ സാധിച്ചു. കഴിഞ്ഞ കാലത്തെ പോലീസ് മർദ്ദനത്തിന്റെയും മററും കഥകൾ പ്രതിപക്ഷ സ്നേഹിതൻമാർ പറയുമ്പോൾ, ഇന്നും സി. പി. രാമസ്വാമിഅയ്യരുടെ മർദ്ദനത്തെ അതിലംഘിച്ചുകൊണ്ടുള്ള മർദ്ദനങ്ങളാണു നടക്കുന്നതെന്നു പറയുമ്പോൾ കഴിഞ്ഞ 31 മാസക്കാലം നാം ഒരുമിച്ചു ഭരിച്ചപ്പോൾ ഇവിടെ നടന്ന ചില സംഭവങ്ങളിലേക്കു ഞാൻ ശ്രദ്ധക്ഷണിക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ മാവേലിക്കരയിൽ കണ്ണമംഗലത്തു എന്താണ് നടന്നത്? അതുപോലെ ഒരു വലതന്റെ തള്ളയെ മർദ്ദിച്ചതിൽ രോഷാകുലനായ ശ്രീ. എം. കെ. ജോർജ് പരാതി പറഞ്ഞപ്പോഴും അതിനെപ്പററി ഞാൻ അന്നത്തെ മുഖ്യമന്ത്രിയോടു സംസാരിച്ചപ്പോഴുമൊന്നും ഇന്നത്തെ ഈ വേവലാതിയോ ആവേശമോ ഒന്നും ഞാൻ കണ്ടില്ല. അതുപോലെതന്നെ ഹരിപ്പാട് ഇബ്രാഹിംകുഞ്ഞിന്റെ കഥ പറഞ്ഞപ്പോഴും ആരും പ്രത്യേകിച്ചൊന്നും പറഞ്ഞിട്ടില്ല. ആ 31 മാസക്കാലത്തെ ഭരണ സമയത്താണ് 64 തൊഴിലാളികളെ വീയപുരത്തു മർദ്ദി

LIBRARY ARCHIVES Kerala Legislative Assembly

ച്ചത്. അങ്ങനെ പല വെടിവയ്പ്പുകളും ലാത്തിച്ചാർജ്ജുകളും നടന്ന വസ്തുത ഇത്തരുണത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്. സ്വലികമായും ഈ സമീപനത്തിൽ വ്യത്യാസം വരണം. സി. പി. യുടെ കാലത്തായാലും ശരി ഇന്നായാലും ശരി ഒരേ ക്രിമിനൽ പ്രൊസീഡ്യുവർ കോഡു തന്നെയാണു പോലീസിനെ നയിക്കുന്നത്. അതിന് എന്തെങ്കിലും ഭേദഗതി വരുത്താൻ കഴിയാതെ നാം മർദ്ദനത്തിന്റെ കഥകൾ പറഞ്ഞതു കൊണ്ടു യാതൊരു കാര്യവുമില്ല. ആളുകളെ അറസ്റ്റുചെയ്താൽ 24 മണിക്കൂറിനകം മജിസ്ട്രേട്ടിന്റെ മുൻപാകെ ഹാജരാക്കിയാൽ മതിയെന്നു പറഞ്ഞാൽ അതിന്റെ അർത്ഥം പ്രതിക്കു കിട്ടുന്ന സന്ദർഭം ഉപയോഗിച്ച് ഏതെല്ലാം വിധത്തിൽ രക്ഷപ്പെടാമോ അതെല്ലാം ഉപയോഗിക്കാമെന്നാണ്. അപ്പോൾ മർദ്ദനത്തിന്റെ കാര്യം മുറവിളികൂട്ടിയിട്ടൊന്നും വലിയ കാര്യമില്ല. അതു സഹിഷ്ണതയോടുകൂടി കാണുകയും അതിനെസംബന്ധിച്ചു കോടതിയിൽ ഹാജരാക്കുമ്പോൾ പറയുകയും ചെയ്യുകയാണെങ്കിൽ ഇന്നത്തെ പല അനിഷ്ട സംഭവങ്ങളും ഇല്ലാതാക്കാൻകഴിയും. ഇതു പറയുമ്പോൾ ഒരു വസ്തുത ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. നമ്മുടെ രാജ്യത്തു കുററാന്വേഷണത്തെപ്പററി വിദഗ്ധമായ അന്വേഷണം നടത്തുന്നതിനുള്ള പോലീസു വിഭാഗം ഇല്ലെന്നുള്ളതാണ്. ഇങ്ങനെയൊരു വിഭാഗം ഉണ്ടാകാതെ ഇവിടത്തെ കുററാന്വേഷണം ഫലപ്രദമായി നടത്താൻ കഴിയുമെന്നു ഞാൻ വിചാരിക്കുന്നില്ല. 1954—ൽ ആണെന്നു തോന്നുന്നു, കുറെബിരുദധാരികളെ, ലാഗ്രാഡുവേററുസിനെ സ്പെഷ്യൽട്രെയിനിംഗ് കൊടുത്ത് നി യ മി ച്ചി രു ന്നു. അവർക്ക് ഇൻസ്പെക്ടർമാരായി പ്രമോഷൻ കൊടുത്തിട്ടുണ്ട്. എന്നാൽ അവരുടെ സീനിയോറിററിയെ സംബന്ധിച്ചിടത്തോളം അവർക്ക് പരാതിയുണ്ട്. അവർക്ക് അന്നുമുതലുള്ള സീനിയോറിട്ടി കൊടുക്കണം. അതോടൊപ്പം നമ്മുടെ ഡിപ്പാർട്ടുമെൻറിൽ ഗ്രാഡുവേററ്സ് ആയ കോൺസ്ററബിൾമാരുണ്ട്. അവർക്കും പുതിയ സബ്ഇൻസ്പെക്ടർമാരെ റിക്രൂട്ടു ചെയ്യുമ്പോൾ പത്തുശതമാനമെങ്കിലും ഇങ്ങനെയുള്ള ഗ്രാഡുവേററ്സിനു നീക്കിവയ്ക്കാൻ ഗവൺമെൻറു മുൻകൈയെടുത്ത് പ്രവർത്തിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

അതോടൊപ്പംതന്നെ നമ്മുടെ പോലീസ് അതാതുകാലത്തു ഭരിക്കുന്ന പാർട്ടികളുടെ ചട്ടുകങ്ങളായിരിക്കുകയെന്നുള്ളതാണ് പണ്ടു മുതലേ ഉള്ളത്. വെള്ളത്തിന്റെ കാര്യം പറയുന്നതുപോലെ no colour, no taste അതുപോലെ തന്നെ സി. പി. യുടെ കാലത്ത് ഒരു കളറും മാർക്സിസ്ററുകാരുടെ കാലത്ത് ഒരു കളറും ഇന്നത്തെ ഭരണകാലത്ത് യാതൊരു കളറുമില്ലാതെ ഐക്യമുന്നണിയുടേതായിട്ട് മുന്നോട്ടുപോകുകയാണ്. മുഹമ്മദുകോയ മുസ്ലീംലീഗാണ്, അതുകൊണ്ട് ഭരണത്തിൽ മുസ്ലീംലീഗിനു മാത്രമേ കാര്യമുള്ളു, ആഭ്യന്തരം മുസ്ലീംലീഗിനാണ് എന്നെല്ലാം പറയുന്നതിൽ അർത്ഥമില്ല. ഇപ്പോഴത്തെ ഈ ഭരണത്തിന്റെ ഉത്തരവാദിത്വവും കഴിഞ്ഞ ഭരണത്തിന്റെ ഉത്തരവാദിത്വവും നാം എല്ലാംകൂടി ഏറെറടുക്കണം. അതേ സമയം മർദ്ദനങ്ങൾ നടക്കുന്നതിനെയും ലോക്കപ്പ് മർദ്ദനങ്ങളെയും നാം അധിക്ഷേപിക്കണം. അതിനെപ്പററി വേണ്ടത്ര അന്വേഷണം നടത്തേണ്ട ചുമതലയും നമുക്കുണ്ട്. ഇവിടെ ബഹുമാനപ്പെട്ട നമ്പീശൻ അദ്ദേഹത്തിന് അനുഭവപ്പെട്ട കഥ വളരെ ഭംഗിയായി വിശദീകരിക്കുകയുണ്ടായി. അതെന്താണെന്ന് അതീവ ശ്രദ്ധയോടുകൂടി ഞാൻ കേട്ടു. ഒരു വസ്തുത ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ബഹുമാനപ്പെട്ട നമ്പീശനു പ്രഹരമേററ വസ്തുത നമ്മുടെ മുഖ്യമന്ത്രി അറിഞ്ഞില്ലെന്നു പറയുകയാണെങ്കിൽ തീർച്ചയായും അതിൽ നമ്മുടെ ഉദ്യോഗസ്ഥൻമാരുടെ കുററകരമായ അനാസ്ഥയുണ്ടെന്നു ചൂണ്ടിക്കാണിക്കാൻ ഞാനീയവസരം ഉപയോഗിക്കുകയാണ്. നമ്മുടെ മുഖ്യമന്ത്രി രാമനിലയത്തിൽ ഉണ്ടായിരുന്നപ്പോൾ എം. എൽ. എ. ഏതു

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടിക്കാരനോ ആകട്ടെ ഈ വിവരം അദ്ദേഹത്തെ അറിയിക്കേണ്ടതായിരുന്നു. അതറിയിക്കാത്ത പോലീസുദ്യോഗസ്ഥൻമാർ ഈ രാജ്യത്തുണ്ടെങ്കിൽ അവരെ വച്ചുകൊണ്ടിരിക്കാൻ അനുവദിക്കരുത്, അവരുടെ പേരിൽ നടപടിയെടുക്കണം.

മറെറാരുകാര്യം പറയാനുണ്ട്. ഇവിടെ വളരെ പ്രഗൽഭൻമാരായ പോലീസുദ്യോഗസ്ഥൻമാരുണ്ട്. ബി. എ. പാസ്സായവരുണ്ട്, ബി. എൽ കാരുണ്ട്. ശരിയായി ജി.ഡി. യും സി.ഡി. യും എഴുതാനും കോടതിയിൽ ക്രോസ് എക്സാമിനേഷൻ ചെയ്യാനും കഴിവുള്ള ആളുകളുണ്ട്. അവർക്ക് അർഹമായ പ്രമോഷൻ കൊടുക്കുന്നതിനു പകരം ഐ. പി. എസ്. കാരെ തിരുകിക്കയററുന്നത് ശരിയല്ല. അവർക്ക് അർഹമായ പ്രമോഷൻ കിട്ടാതെ ഐ. പി. എസ്. കാരുടെ തസ്തികകൾ കൂട്ടിക്കൊണ്ട് അവരെ പ്രോത്സാഹിപ്പിക്കാതിരിക്കുന്നത് തെററാണ്. ലാ ആൻഡ് ഓർഡർ സിററുവേഷനുവേണ്ടി പ്രയത്നിക്കുന്നത് ഡി. വൈ. എസ്. പി. മുതലുള്ള ആളുകളാണ്. അവർക്ക് ഐ.പി.എസ്. ക്വോട്ടായിൽ 50 ശതമാനം കൊടുക്കത്തക്കരീതിയിൽ വേണ്ടതു ചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. അതിനു വേണ്ടി നമ്മുടെ ആഭ്യന്തരമന്ത്രിയും ഈ ഗവൺമെൻറും മുൻകൈയെടുത്തു പ്രവർത്തിക്കണമെന്നു ഞാൻ ഒന്നുകൂടി ഓർമ്മിപ്പിക്കുകയാണ്.

ഇതു പറയുമ്പോൾ എൻെറ സ്നേഹിതൻമാർ, അപ്പുറത്തിരിക്കുന്ന സ്നേഹിതൻമാർ എന്താണു ചെയ്യുന്നത്? നിങ്ങൾ നിങ്ങളുടെ കവലച്ചട്ടമ്പികളെക്കൊണ്ട് 31 മാസം ആളുകളെ തല്ലിച്ചു. എന്നാൽ ഇന്നാണെങ്കിൽ ആവുംവിധത്തിൽ നിയമസമാധാനപാലനത്തിനുവേണ്ടി ശ്രമിച്ചിട്ടുണ്ട്. അതു മുഴുവൻ ശരിയാണെന്നു ഞാൻ പറയുന്നില്ല. പാണ്ടനാട്ടായാലും ചെറിയനാട്ടായാലും ഏതുസ്ഥലത്തായാലും സംഭവങ്ങളെപ്പററി അന്വേഷണം നടത്തണം. പാണ്ടനാട് സംഭവത്തെപ്പററി ഒരു ജുഡീഷ്യൽ അന്വേഷണം ബഹുമാനപ്പെട്ട മന്ത്രി ഏർപ്പെടുത്തിക്കഴിഞ്ഞു. അതുകൊണ്ട് അതിനെപ്പററി കൂടുതൽ പറയുന്നില്ല.

അതോടൊപ്പംതന്നെ വർഗ്ഗീസിൻെറ മരണത്തെപ്പററി ഇവിടെ പ്രതിപാദിച്ചു കേട്ടു. ശ്രീ. ബേബിജോൺ പറഞ്ഞിട്ടുള്ളതുപോലെ രാഷ്ട്രീയമായ കാഴ്ചപ്പാടിൽക്കൂടിവേണം അതു കാണേണ്ടത്. എന്തോ മൗലികമായ തകരാറു നമ്മുടെ പോലീസു ഫോഴ്സിലും അതു കൈകാര്യം ചെയ്യുന്നതിലും വന്നിട്ടുണ്ട്. നമുക്ക് ഒരു മേശയ്ക്കു ചുററുമിരുന്നു പോലീസുദ്യോഗസ്ഥൻമാരെക്കൂടി വരുത്തി സ്ഥിരമായ ഒരു പരിഹാരം കണ്ടുപിടിക്കണം. അതല്ലെങ്കിൽ വലിയ തകരാറുണ്ട്. ഇതു പരിഹരിച്ചില്ലെങ്കിൽ അങ്ങേയ്ക്കും മുഖ്യമന്ത്രിക്കും ബഹുമാനപ്പെട്ട സ്പീക്കർക്കും എല്ലാം ചിലപ്പോൾ മർദ്ദനമേററു എന്നുവരും. അതു തടയാൻ സാധിക്കാത്ത സാഹചര്യമുണ്ടാകും. അതുകൊണ്ട് തീർച്ചയായും ഏററവും ഗൗരവമുള്ള കാര്യമായി പരിഗണിച്ചു കൊണ്ടു സഭയിലുള്ള എല്ലാ നേതാക്കൻമാരും പോലീസുദ്യോഗസ്ഥൻമാരെക്കൂടി വരുത്തി ഒരു സ്ഥിരമായ രാഷ്ട്രീയ നിലപാട് എടുത്തുകൊണ്ട് ഇന്നത്തെ മർദ്ദനങ്ങൾ അവസാനിപ്പിക്കണം. കഴിഞ്ഞ 31 മാസം തുടർച്ചയായി നടത്തിയ മർദ്ദനങ്ങളുടെയും ഉത്തരവാദിത്വം ഏറെറടുക്കണം. ഇതു പരിഹരിക്കുവാൻവേണ്ടിയുള്ള ശ്രമത്തിൽ എൻെറപാർട്ടി മുൻകൈയെടുക്കുമെന്നു അറിയിക്കാൻ ഞാനീയവസരം വിനിയോഗിക്കുകയാണ്. ഏതായാലും ഒരു കാര്യം വളരെ സ്പഷ്ടമാണ്. കഴിഞ്ഞ 31 മാസത്തെ ഭരണത്തിലും പോലീസു തൊഴിൽ സമരങ്ങളിൽ ഇടപെട്ടിട്ടുണ്ട്. 64 സാധുക്കളായ കൂലിവേലക്കാരെ ലാത്തികൊണ്ട് അടിച്ചതിൻെറ പാടു ഞാൻ കണ്ടിട്ടുള്ളതാണ്. അവർ തൊഴിലാളികളെല്ലന്നു പറയാൻ സാധിക്കുകയില്ല. അതു 31 മാസക്കാലത്തെ ഭരണത്തിൻെറ പരാജയമാണെന്നു സമ്മതിക്കണം. പക്ഷേ ഇതെല്ലാം രാഷ്ട്രീയമായ കാഴ്ചപ്പാടിലൂടെ കാണുകയും ഒത്തൊരുമിച്ച് പരിഹ

LIBRARY ARCHIVES Kerala Legislative Assembly

രിക്കുവാൻ ശ്രമിക്കുകയും ചെയ്താൽ ഈ നൂലാമാലകൾക്കു പരിഹാരമുണ്ടാകും. അതല്ലാതെ സി. എച്ച്. മുഹമ്മദുകോയയെ കുററം പറഞ്ഞതുകൊണ്ടോ ശ്രീ. അച്ചുതമേനോനെ കുററം പറഞ്ഞതുകൊണ്ടോ അതല്ല ഇ. എം. എസിനെ കുററം പറഞ്ഞതുകൊണ്ടോ ഒരു പ്രതിവിധിയാകുന്നില്ല. ഇതൊരു പ്രശ്നമായികാണുകയും അതനുസരിച്ച് എല്ലാ പാർട്ടിക്കാരും മാന്യമായി സഹകരിക്കുകയാണെങ്കിൽ നൂലാമാലകൾക്കു പോംവഴി കാണാൻ കഴിയും. അതിനു പ്രതിപക്ഷ സ്നേഹിതൻമാർ സഹകരിക്കണമെന്നും ശ്രീ. നമ്പീശനുൾപ്പെടെ മർദ്ദനമേററ ആളുകൾ സഹകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. പി. രാഘവപൊതുവാൾ: വർഗ്ഗീസിന്റെ കൊലപാതകത്തെ സംബന്ധിച്ച് പല പ്രസ്താവനകളും വന്നിട്ടുണ്ട്. അതിൽ അങ്ങയുടെ അഭിപ്രായമെന്താണ്, പാർട്ടിയുടെ അഭിപ്രായമെന്താണ്?

ശ്രീ. ജി. ഗോപിനാഥൻപിള്ള: എന്റെ വ്യക്തിപരമായ അഭിപ്രായം പറയുകയാണെങ്കിൽ പോലീസിന് പ്രൈവററ് ഡിഫൻസിനുള്ള അധികാരമുണ്ട്. ആ നിലയിൽ അവർ വെടിവച്ചുകൊന്നു. പ്രൈവററുഡിഫൻസിനു വേണ്ടിയുള്ള അധികാരം അവർ വിനിയോഗിച്ചു എന്നുള്ള നിലയിൽ മാത്രമേ ഞാൻ കാണുന്നുള്ളു. വർഗ്ഗീസിനെപ്പററി ഒരു കാര്യം പറയുകയാണ്. സി. പി. ഐ.യും സി. പി. ഐ. (മാർക്സിസ്ററും) ഏകദേശം ഒരേ അഭിപ്രായം പറഞ്ഞിട്ടുള്ള സ്ഥിതിക്ക് ഈ നിയമസഭയിലെ ബഹുമാനപ്പെട്ട പാർട്ടി നേതാക്കൻമാർ (ഈ രണ്ടുകൂട്ടരുമില്ലാതെ) ഇതിനെപ്പററി അന്വേഷിക്കണമെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം.

വിദ്യാഭ്യാസവും ആഭ്യന്തരവുംമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): മി. സ്പീക്കർ സർ, കഴിഞ്ഞ മൂന്നുദിവസമായി പോലീസു വകുപ്പിനെ സംബന്ധിച്ചു ഈ സഭയിൽ നടന്ന വാദപ്രതിവാദങ്ങൾക്കു മറുപടി പറയാനാണു ഞാൻ എഴുന്നേററു നിൽക്കുന്നത്. അതായതു പോലീസിന്റെ ധനാഭ്യർത്ഥന അവതരിപ്പിക്കുന്നതിനുമുമ്പുതന്നെ റവന്യൂവിന്റെ ധനാഭ്യർത്ഥനയും പൊതുഭരണത്തെക്കുറിച്ചുള്ള ധനാഭ്യർത്ഥനയും എല്ലാം അവതരിപ്പിച്ച ഘട്ടത്തിലും പോലീസിനെ വിമർശിക്കാൻ ബഹുമാനപ്പെട്ട മെമ്പറൻമാർ സമയം കാണുകയും അങ്ങനെ ഈ വകുപ്പിന്റെ പ്രാധാന്യവും ഈ വകുപ്പിൽ അവർക്കുള്ള താൽപ്പര്യവും പ്രകടമാക്കുകയും ചെയ്യുകയുണ്ടായി. എന്നാൽ ഭരണത്തിൽ നിയമസമാധാനം പാലിക്കാനുള്ള ചുമതല ഏറെറടുക്കുന്ന ഉത്തരവാദിത്വം വഹിക്കുന്ന പോലീസ് വകുപ്പിന്റെ ചുമതല വളരെ ഭാരിച്ച ഒരു ചുമതലയാണ്. എവിടെയെങ്കിലും നിയമസമാധാനനില അപകടത്തിലാകുകയും പോലീസു ഇവിടെ വേണ്ടതുപോലെ പ്രവർത്തിക്കാതിരിക്കുകയും ചെയ്താൽ പോലീസ് നിഷ്ക്രിയരാണ് ഇവിടെ അരക്ഷിതാവസ്ഥയാണ് ഇവിടെ ആർക്കും ഒരു രക്ഷയും കിട്ടുന്നില്ല എന്നുള്ള മുറവിളി കേൾക്കുന്നു. പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമായി ഉണ്ടാകുമ്പോൾ അതിൽ അപാകതയുണ്ടെന്നു ധരിച്ചോ ചിലപ്പോൾ അപാകതയുണ്ടായോ പോലീസു മർദ്ദനത്തെക്കുറിച്ചു മുറവിളി മുഴങ്ങും. അപ്പോൾ വളരെ കരുതലോടുകൂടി വളരെ സൂക്ഷ്മതയോടുകൂടി മാത്രം പ്രവർത്തിക്കേണ്ടുന്ന ഒരു ഡിപ്പാർട്ടുമെൻറാണ് പോലീസ് ഡിപ്പാർട്ടുമെൻറ്. ഈ ഉത്തരവാദിത്വം പോലീസു ഡിപ്പാർട്ടുമെൻറിനെ മനസിലാക്കാനും കാലത്തിന്റെ മാററത്തിനനുസരിച്ചും രാജ്യത്തുള്ള ജനാധിപത്യപരമായ അഭിപ്രായങ്ങളനുസരിച്ചും ഈ വകുപ്പു മുന്നോട്ടുകൊണ്ടുപോകുന്നതിന് അവർക്കു കൂടുതൽ പ്രേരണനൽകാനും ഇന്നും ഇന്നലെയും അനുകൂലമായും പ്രതികൂലമായും വന്ന വിമർശനങ്ങളെല്ലാം സഹായകമാകുമെന്നാണു ഞാൻ വിശ്വസിക്കുന്നത്. നാട്ടിലൊക്കെ പോലീസു മർദ്ദനത്തിന്റെ ചെന്നായ വരുന്നു എന്ന ഒരു മുദ്രാവാക്യം മുഴക്കി പോലീസുകാരെ തീരെ നിഷ്

LIBRARY ARCHIVES Kerala Legislative Assembly

ക്രിയരാക്കിയശേഷം തങ്ങൾ ഉദ്ദേശിച്ച ഗൂഢ പരിപാടികൾ നിർബാധമായി നിരംകുശമായി നടപ്പിലാക്കാൻ ചിലർക്കു ആഗ്രഹമുണ്ട്.

പോലീസു അൽപ്പം പ്രവർത്തിക്കുകതന്നെ വേണമെന്നു പൊതുജനങ്ങൾക്ക് അഭിപ്രായം ഉണ്ടാകുന്നതിന്റെ മറവിൽ നിന്നുകൊണ്ടു വൈരനിര്യാതനബുദ്ധിയോടുകൂടിയും സ്വകാര്യ താൽപ്പര്യത്തിന്റെ സംരക്ഷണത്തിനോ വേണ്ടിയും പ്രവർത്തിച്ചുകളയാമെന്നു പോലീസിലുള്ള ചില ആളുകൾക്കെങ്കിലും തോന്നുകയും അവർ കുഴപ്പങ്ങൾ ഉണ്ടാക്കുകയും ചെയ്യുകയാണെങ്കിൽ ആകപ്പാടെ പോലീസു ആവശ്യമുണ്ടെന്ന ഈ കാലാവസ്ഥയിൽ അതു കാണാതെ പോകുമെന്നും അതിൽനിന്നും രക്ഷപ്പെട്ടുകളയാമെന്നും അവരും വിചാരിക്കുന്നു. ഇതു രണ്ടും ശരിയല്ലെന്നും ഇതിന്റെ മദ്ധ്യത്തിലുള്ള മാർഗ്ഗമാണ് വാസ്തവത്തിൽ ശരിയെന്നും പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഞാൻ ആത്മാർത്ഥമായി പറയുകയാണ് പോലീസു വകുപ്പു ഏതാണ്ട് നീതിന്യായവകുപ്പുപോലെ നിഷ്പക്ഷമായി മർദ്ദിതരായ ആളുകൾക്ക് സഹായം നൽകാനും മർദ്ദകരായവരെ ശിക്ഷിക്കാനും അങ്ങനെ ശിക്ഷിക്കുമ്പോൾ കക്ഷിതാൽപ്പര്യം കണക്കാക്കാതിരിക്കാനും കഴിയത്തക്കവിധത്തിൽ ആക്കാൻവേണ്ടി ആവശ്യമായ മാററങ്ങൾ വരുത്താൻ കഴിഞ്ഞ ഏതാനും മാസമായി ഞാൻ കാര്യമായ ഒരു പരിശ്രമം നടത്തുകയുണ്ടായിട്ടുണ്ട്. മാർക്സിസ്ററു കമ്മ്യൂണിസ്ററുപാർട്ടിയിലെ എന്റെ സ്നേഹിതൻമാർക്കു എന്തഭിപ്രായമുണ്ടായിരുന്നാലും ഇവിടെ പോലീസിന്റെ ഭാഗത്തുനിന്നു വന്നുപോയ ചില വീഴ്ചകളെസംബന്ധിച്ചു പലർക്കും ന്യായമായ ആക്ഷേപങ്ങൾ ഉണ്ടെന്നിരിക്കിലും പൊതുവെ ഈ രാജ്യത്തു സമാധാനപരമായ ഒരന്തരീക്ഷം ഉണ്ടെന്നും നിയമത്തിൽ ഒരു വാഴ്ച ഉണ്ടെന്നുള്ള ബോധം ഈ രാജ്യത്തെ സാമാന്യജനങ്ങൾക്കു ഉണ്ടായിട്ടുണ്ടെന്നുമാണ് അവരുമായി ബന്ധമുള്ളവരിൽനിന്നും എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞത്. ഞാൻ പറഞ്ഞതിൽനിന്നും കേരളത്തിലെ പോലീസ് ഞാൻ അധികാരമേററടുത്തതിനുശേഷം ചെയ്ത എല്ലാ സംഗതികളും ശരിയാണെന്നു ന്യായീകരിക്കപ്പെടുന്നതാണെന്നു ആരും തെററിദ്ധരിക്കരുത്. എന്റെ ചില സ്നേഹിതൻമാർ പറയുന്നതുമാത്രം കേട്ടു ഇവിടത്തെ പോലീസു നിയമസമാധാന പരിപാലനത്തിൽ ഒന്നും ചെയ്തിട്ടില്ലെന്നും ഏതെങ്കിലും കക്ഷിയുടെ ആജ്ഞാനുവർത്തിയായി അല്ലെങ്കിൽ അവരുടെ യന്ത്രമായി മാത്രമേ കേരളത്തിൽ പോലീസ് ഇതുവരെ ഉപയോഗിക്കപ്പെട്ടിട്ടുള്ളൂ എന്നും വിചാരിക്കരുത്. അങ്ങനെ പറഞ്ഞാൽ അതു വളരെ ക്രൂരവും കൃതഘ്നതാപരവുമായിരിക്കും. പോലീസിനു വളരെ വിഷമകരമായ ഉത്തരവാദിത്വമാണ് നിർവഹിക്കേണ്ടതെന്നു മനസിലാക്കണം. നമ്മളെപ്പോലുള്ള മനുഷ്യരാണു പോലീസുകാരും മനുഷ്യരുടെഇടയിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ടവരാണ്. മാനുഷികമായ ചില ദൗർബല്യങ്ങൾ അവർക്കും കാണും. അതുകൊണ്ടു ചിലരുടെ ദൗർബല്യങ്ങളെ എടുത്തു കാണിച്ചു അതുകൊണ്ടു ജനറലൈസുചെയ്തു നമ്മുടെ പോലീസ് ആകെ മോശമാണെന്ന സ്ഥിതിവിശേഷം സൃഷ്ടിക്കുന്നത് പോലീസുകാരോടു ചെയ്യുന്ന അന്യായമാണ്. ഈ രാജ്യത്തെ നിയമസമാധാനപരിപാലനത്തിന്റെ കർത്തവ്യത്തിൽ ഏർപ്പെട്ടിട്ടുള്ള എല്ലാവരോടും ചെയ്യുന്ന അന്യായമാണ്. എല്ലാവർക്കും കാണും ദൗർബല്യങ്ങൾ. സന്യാസിമാർക്കുപോലും ദൗർബല്യങ്ങളുണ്ടെന്നു പുരാണങ്ങളിൽ പറഞ്ഞിട്ടുണ്ട്. അദ്ധ്യാപകർക്കില്ലേ, മററു പാർട്ടിക്കാർക്കില്ലേ? ഒന്നുരണ്ടു സംഭവങ്ങളെ പൊക്കിപ്പിടിച്ച് അതിനെ വലുതാക്കി കാണിച്ചു പർവ്വതീകരിച്ചു പോലീസുകാരാകമാനം തെററു ചെയ്യുന്നവരാണ്, മർദ്ദകരാണ് എന്നു വരുത്തിത്തീർത്ത് ഈ രാജ്യത്തെ ജനങ്ങൾ അവർ ചെയ്യുന്നതു തെററാണെന്നു വിമർശിച്ചു പോലീസുകാരെ നിഷ്ക്രിയരാക്കി, നിർവീര്യമാക്കി സഹായകരമല്ലാത്ത ഒരു പരിതസ്ഥിതി ഉണ്ടാക്കിയതിനുശേഷം അങ്ങനെ ഉപ്പാനിട്ട സംഗതികൾ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാൻ ആരും ശ്രമിക്കുരുത്. നിയമസമാധാനം ഉറപ്പു വരുത്തുവാൻ ഇടയാക്കിയ ഗവൺമെൻറിന്റെ മന്ത്രി എന്ന നിലയിൽ എനിക്ക് അതു സമ്മതിക്കാൻ നിവൃത്തിയില്ല. എന്നെതന്നെ എന്തെല്ലാം പേരുകളാണ് വിളിച്ചത്? മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയിലെ ചരിത്ര വിജ്ഞാനവും അലങ്കാരസമ്പത്തുമുള്ള ആളുകൾ എന്തെല്ലാം പേരുകളാണ് എന്നെ വിളിച്ചത്. മൈക്കൽഓഡയർ, എന്നു വിളിച്ചു, സർ സി. പി. എന്നു വിളിച്ചു., അവസരത്തിൽ ഞാൻ പേടിച്ചുപോയി എന്നെ അവർ ജ്യോതിബാസു എന്നു വിളിക്കുമോ എന്ന്. ഏതായാലും അവർ അതു ചെയ്തില്ല. അതെന്തുകൊണ്ടാണെന്ന് ഞാൻ ആലോചിച്ചുപോയി. There had been as many as 618 murders in West Bengal throughout the year 1969 of which 98 were alleged to be political murders. The figure of dacoities committed in the last 11 months of the preceding year stands at 900. എന്ന് അദ്ദേഹം ഈയിടെ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് സമാധാനത്തിനു പ്രസിദ്ധിപെററ കേരളത്തിൽ ബംഗാളിൽ ഇങ്ങനെ നടക്കുന്നതിന്റെ പേരിൽ ന്യായീകരണമുണ്ടെന്നു ഞാൻ ഊഹിച്ചിട്ടു പോലുമില്ല. വേറൊരു സ്നേഹിതൻ കോഴിപ്പുറത്തു മാധവമേനോനെപ്പോലെ ഒരിക്കലും ഇനി നിയമസഭയിൽ വരാൻ കഴിയുകയില്ലെന്നും അതുകൊണ്ട് ഇക്കാര്യത്തിലൊക്കെ വേറെ ആളുകൾ പ്രതീക്ഷിക്കുന്നതുപോലെ മാററം വരുത്തണമെന്നും പറഞ്ഞ്—വാഴ ഒരു പ്രാവശ്യമല്ലേ കുലയ്ക്കുകയുള്ളു.— ഏതായാലും ഞങ്ങൾ ഇപ്പോൾ കൈക്കൊള്ളുന്ന നീതിപൂർവ്വകമായ നയം മാററണമെന്ന് ഉദ്ദേശിക്കുന്നില്ല. നിയമസഭയിൽ വരാൻ കഴിയുന്നില്ലെങ്കിൽ അതു വേറെ പ്രശ്നമാണ്. ഇനിയൊരിക്കൽ നിയമസഭയിൽ വരാൻവേണ്ടി ഇവിടെ പോലീസിന്റെ കാര്യത്തിൽ എന്തെങ്കിലും ശക്തിക്കുറവുവരുത്തണമെന്ന് എനിക്കഭിപ്രായമില്ല. പിന്നീട് ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഇവിടെ ഉണ്ടായിട്ടുള്ള ആക്ഷേപങ്ങളുടെ പരിതഃസ്ഥിതി മനസിലാക്കണം. ഇവിടെ ഇമ്പിച്ചിബാവയെപ്പോലെ ബുദ്ധിയുള്ളവരും ഇ. എം. എസിനെപ്പോലെ ബുദ്ധിയില്ലെന്നു കരുതിക്കൂടാത്തവരും ആയ രാഷ്ട്രീയ നേതാക്കൻമാർ പല അവസരങ്ങളിലായി ചെയ്ത പ്രസ്താവനകളുടെ പ്രസ് കട്ടിംഗ് നിഷേധിക്കപ്പെടാത്ത പ്രസ് കട്ടിംഗ്സ് എന്റെ കൈയിലുണ്ട്. ആയുധം ശേഖരിച്ച് ഈ ഗവൺമെൻറിനെ എതിർക്കുമെന്ന് അവർ പ്രഖ്യാപിച്ചിട്ടുണ്ട്. അതിനു പിന്നീട് വ്യാഖ്യാനങ്ങൾ പലതും വന്നെങ്കിലും ആയുധങ്ങൾ ശേഖരിക്കുകയും ശേഖരിച്ച ആയുധങ്ങൾ കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെയൊക്കെ ചെയ്താൽ ഇതൊക്കെ എതിർക്കപ്പെടുമെന്നു വിചാരിച്ച് വിമർശിക്കപ്പെടും അല്ലെങ്കിൽ ഞാൻതന്നെ മർദ്ദനത്തിനു വിധേയനാകും വികൃതനാക്കപ്പെടും എന്നൊക്കെ വിചാരിച്ച് ഈ മാതിരി ആക്രമങ്ങൾ കണ്ടില്ലെന്നു നടിച്ചുകൂടാ. ഇതൊക്കെ രാഷ്ട്രീയമായ കക്ഷി അടിസ്ഥാനത്തിൽ മാത്രം നോക്കിയാൽ പോര. ഇങ്ങനെ ആയുധങ്ങൾ ശേഖരിച്ചു വയ്ക്കുക, എതിർക്കുക, ബസ്സുകൾ കത്തിക്കുക മുതലായ സംഭവങ്ങളൊക്കെ ഉണ്ടാവുമ്പോൾ അത് നിയമസമാധാനത്തിന്റെ അടിസ്ഥാനത്തിൽമാത്രമേ നമുക്കു കൈകാര്യം ചെയ്യാൻ നിവൃത്തിയുള്ളു. ഇന്നുവരെ നിഷേധിക്കപ്പെടാത്ത സഖാവ് നമ്പൂതിരിപ്പാടിന്റെ പ്രസംഗത്തിലെ ഒരു വാചകം ഞാൻ വായിക്കാം ''ആ നിലക്ക് നാം ഇന്നത്തെ ലോകപ്പു മർദ്ദനങ്ങൾക്ക് തല്ലേണ്ടത് സി. എച്ച്. മുഹമ്മദുകോയയെയാണ്''. അദ്ദേഹം പറഞ്ഞതാണ്. ബഹുമാനപ്പെട്ട ഇ. എം. എസ്. നമ്പൂതിരിപ്പാടാണ് പറഞ്ഞത്, അദ്ദേഹം അതു നിഷേധിച്ചിട്ടില്ല. ഇങ്ങനെയൊക്കെ പറയാമോ സർ?

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഏതു പത്രത്തിലാണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: മലയാളമനോരമയുടെ 28–1–70 ലെ പത്രത്തിൽ...................

(പ്രതിപക്ഷബെഞ്ചിൽ ചിരി)

LIBRARY ARCHIVES Kerala Legislative Assembly

ചിരിക്കുന്നതുകൊണ്ടു കാര്യമില്ല. നിഷേധിക്കുകയാണ് വേണ്ടത്. ഇപ്പോഴും നിഷേധിക്കാം. ഈ ചിരി നിഷേധത്തിന്റെ ഒരു ലക്ഷണമായി എടുക്കുകയാണെങ്കിൽ പരിഹാസപൂർവ്വമുള്ള ഈ ചിരിയുടെ അർത്ഥം നമ്പൂതിരിപ്പാട് ഇത് പറയുകപോലുമില്ലെന്നാണെങ്കിൽ ഞാൻ സന്തുഷ്ടനാണ്. ശ്രീ. നമ്പൂതിരിപ്പാട് അങ്ങനെയൊന്നും പറയാൻ പാടില്ല. ഏതായാലും അതായത് ഇവിടെ നടന്ന ചില പ്രസ്താവനകൾ വാസ്തവത്തിൽ ഇവിടെ നിയമസമാധാനം അപകടപ്പെടത്തക്ക നിലയിൽ ആയിരുന്നു. ആസിഡ് ബോംബുകൾ ബസ്സുകളിൽ യാത്ര ചെയ്യുന്ന ആളുകളുടെ നേരെ എറിഞ്ഞു. ബസ്സുകൾ നശിപ്പിക്കപ്പെട്ടിട്ടുണ്ട്. അള്ള് എന്നു പറയുന്ന എട്ടുകാലിയെപ്പോലെയുള്ള ഒരു സാധനം കൊണ്ടുവന്നിട്ട് ബസ്സുകൾ നശിപ്പിച്ചിട്ടുണ്ട്. ഇങ്ങനെയൊക്കെ ചെയ്യുമ്പോൾ...............

ശ്രീ. ഏ. വി. ആര്യൻ: 1960-ൽ നടന്നത് എന്തായിരുന്നു?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എന്റെ പ്രസംഗം മുടക്കാനാണെങ്കിൽ എന്തുമാകാം. സർ, ഞാൻ പറഞ്ഞുവന്നത് അതിനിടയിൽ ചില നിർഭാഗ്യകരങ്ങളായ സംഭവങ്ങളുണ്ടായതിനെപ്പററി ഇവിടെ പരാമർശിക്കപ്പെട്ടു. ഞാൻ അതിനെസംബന്ധിച്ച് നേരത്തെ ഈ സഭയിൽ പറഞ്ഞതാണ്; ലോക്കപ്പു മർദ്ദനത്തെ സംബന്ധിച്ച്. ലോക്കപ്പു മർദ്ദനം ഒരു പരിതസ്ഥിതിയിലും അനുവദിക്കുകയില്ലെന്നാണ് ഗവൺമെന്റിന്റെ നയം. അതു മാത്രമല്ല ലോക്കപ്പു മർദ്ദനത്തെസംബന്ധിച്ച് ഉണ്ടായ പല കൽപ്പനകളെക്കുറിച്ചും ആരോപണം ഉണ്ടായിട്ടുണ്ട്. ഗവൺമെന്റ് അപ്പോൾ പോലീസുദ്യോഗസ്ഥന്മാർക്ക് അന്വേഷണ കൽപ്പനകൾ കൊടുക്കാറുണ്ട്. ഇപ്പോൾ ഒന്നുരണ്ട് അന്വേഷണങ്ങൾ പുരോഗമിച്ചിട്ടുണ്ട്. ആദ്യമായി ശ്രീ. വാര്യർ ശ്രദ്ധയിൽ പ്പെടുത്തിയ അന്വേഷണം കുറെ പുരോഗമിച്ചിട്ടുണ്ട്. വേറെയും ചില അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. വേറെയും ഈ സഭയിലെ ബഹുമാനപ്പെട്ട ചില മെമ്പർമാരെ വാനിൽ വച്ചു തല്ലി എന്ന് ആരോപണം ഉണ്ടായിട്ടുണ്ട്. ഇതൊക്കെ അറിഞ്ഞഉടനെ അതിനെസംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് ഉത്തരവു കൊടുത്തിട്ടുണ്ട്. അന്വേഷണം നടത്തി പ്രഥമദൃഷ്ട്യാ തെളിവുണ്ടെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ തീർച്ചയായും ആ പോലീസുദ്യോഗസ്ഥന്മാരുടെമേൽ കർശന നടപടികൾ എടുക്കുന്നതാണെന്ന് ഈ സഭയ്ക്ക് ഉറപ്പു നൽകാൻ ഞാനാഗ്രഹിക്കുന്നു. അങ്ങനെ കർശനമായ നടപടികൾ എടുക്കണം. ലോക്കപ്പു മർദ്ദനം എന്നുള്ളത് ഗവൺമെന്റിന്റെ നയമല്ല. ഞാൻ ഉത്തരവു കൊടുത്തിട്ടാണ് ചില ആളുകളെ വധിച്ചതെന്നുവരെ ചില സ്നേഹിതന്മാർ പറയുകയുണ്ടായി. അതൊന്നും ശരിയല്ല. ഏററവും മിതമായ ഭാഷയിൽ പറഞ്ഞാൽ ഇതൊക്കെ വളരെ നിർദ്ദയമായ നിരൂപണമാണ്.

ശ്രീ. ഏ. വി. ആര്യൻ: സർ, ഒരു ചോദ്യം.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഞങ്ങൾ ഇതുവരെ വളരെ ക്ഷമയോടുകൂടി കേട്ടില്ലേ? നിങ്ങൾ ചോദ്യം ചോദിച്ചില്ലേ. ഇനി ഞങ്ങൾ പറയുന്നതുകൂടി ഒന്നു കേൾക്കണം. സർ, എന്നെ സംബന്ധിച്ച് വ്യക്തിപരമായിത്തന്നെ എന്തെല്ലാം കാര്യമാണ് നടന്നത്. അതു വെറും (ക്യാരക്ടർ അസാസിനേഷൻ) സ്വഭാവഹത്യ എന്നുവേണമെങ്കിൽ പറയാം. എന്നെ ഒരു ക്രൂരനായി ചിത്രീകരിച്ച് എന്റെ ജീവിതം തന്നെ അവസാനിപ്പിക്കുവാൻ, എന്നെ ഭൗതികമായി അവസാനിപ്പിക്കാൻ ശ്രമിച്ചു. രാഷ്ട്രീയമായി അവസാനിപ്പിക്കാനുള്ള ശ്രമമാണ് ഇപ്പോൾ ...... നടത്തുന്നത്. ഇങ്ങനെയൊക്കെ ചെയ്യാൻ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടിക്ക് നീതീകരണമുണ്ടെന്ന

LIBRARY ARCHIVES Kerala Legislative Assembly

റിയാം. ചില കാരണങ്ങളാൽ ഞങ്ങൾ തമ്മിൽ രാഷ്ട്രീയമായി ഉണ്ടായിരുന്ന വളരെ അടുത്തബന്ധം പോവുകയും രാഷ്ട്രീയമായി നിങ്ങളെ ഇന്നിവിടെ ഈ പതനത്തിൽ കൊണ്ടുചെന്നെത്തിക്കുന്നതിന് എന്റെ പാർട്ടി ഒരു വലിയ ഉത്തരവാദി ആവുകയും ചെയ്തിട്ടുണ്ട്. അതിൽ നിങ്ങൾക്ക് ഞങ്ങളോട് തീർത്താൽ തീരാത്ത പകയും വിദ്വേഷവും ഉണ്ടെന്നറിയാം. അത് രാഷ്ട്രീയമായ കാരണങ്ങളാലാണ്. രാഷ്ട്രീയമായി ചിലപ്പോൾ അപ്പുറവും ഇപ്പുറവും നിൽക്കേണ്ടിവരും. ഇതൊക്കെവെച്ച് എന്നെ വ്യക്തിപരമായി സ്വഭാവഹത്യ നടത്തുന്നവനാണ്, ക്രൂരനാണ് മർദ്ദകനാണ് അയാളെ കൊന്നാൽ മർദ്ദിത ജനവിഭാഗത്തിന് മോക്ഷമാണ് എന്നൊക്കെ പ്രചാരവേല അഴിച്ചുവിടുന്നത് ശരിയല്ല. അങ്ങനെ ഒരു പ്രചാരവേല അഴിച്ചുവിട്ടിട്ടുണ്ട്. ചേനോൻ ഭരണം, കോയഭരണം, മയ്യത്തും, നെഞ്ഞത്തും എന്നൊക്കെ മുദ്രാവാക്യങ്ങൾ വിളിക്കുക, ലഘുലേഖകൾ എഴുതി വിതരണം ചെയ്യുക, പ്രസംഗിക്കുക ഇതൊക്കെ വാസ്തവത്തിൽ നടക്കുന്നുണ്ട്. ഒരിക്കൽ എല്ലാവരും മരണത്തിന്റെ സ്വാദ് അനുഭവിക്കുമെന്ന് വിശ്വസിക്കുന്നവനാണ് ഞാൻ. ഇങ്ങനെയൊക്കെ ഭയപ്പെടുത്തുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്യുന്നതുകൊണ്ട് ആരും മാറുകയില്ല. ഇതിന്റെയൊക്കെ ഫലമെന്താണ്? ഞങ്ങളെ സ്നേഹിക്കുന്ന കുറെ ആളുകളുണ്ട്. ഞങ്ങൾ ഇന്നലെയോ മിനിഞ്ഞാന്നോ പൊട്ടിമുളച്ചു വന്നവരല്ല. നിങ്ങളും ഞങ്ങളുമായി അഭിപ്രായവ്യത്യാസമുണ്ടെങ്കിലും ഞങ്ങൾ ജനങ്ങൾക്ക് സേവനം ചെയ്തതിന്റെ ഫലമായി ഞങ്ങളെ സ്നേഹിക്കുന്ന ഒരു ജനവിഭാഗമുണ്ട്. അവരുടെ അടുത്തുചെന്ന് മയ്യത്താക്കുമെന്നു പറഞ്ഞ് ആളുകളെ പ്രകോപിപ്പിച്ച് തമ്മിലടിപ്പിക്കുന്നതു ശരിയാണോ?

ചില കേസുകൾ തെളിയിച്ചതിനെക്കുറിച്ചും ചിലവ തെളിയിക്കാത്തതിനെക്കുറിച്ചും ഇവിടെ പറയുകയുണ്ടായി. അതിനെക്കുറിച്ച് എനിക്കൊന്നും പറയാനില്ല. ചില കേസുകൾ കണ്ടുപിടിച്ചിട്ടുണ്ട്. ചില കേസുകൾ കണ്ടുപിടിക്കാതെയുണ്ട്. ശരിയാണ്. മാർക്സിസ്റ്റു പാർട്ടിയുടെ പ്രവർത്തകൻ മുസ്ലീംലീഗിന്റെ പ്രവർത്തകനെ വധിച്ചതായ കേസുണ്ട്. ഇത് കണ്ടുപിടിക്കാത്ത കേസിൽ ഉൾപ്പെടും. കേസു കണ്ടുപിടിക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സദാശിവൻ സംസാരിക്കുകയുണ്ടായി. ഇന്ന ആളുടെമേൽ കേസു ചാർജ്ജു ചെയ്ത് അറസ്റ്റു ചെയ്തു കൊള്ളു എന്നു പറഞ്ഞാൽ എന്തുകൊണ്ട് അറസ്റ്റു ചെയ്യുന്നില്ല എന്ന് അദ്ദേഹം ചോദിക്കുകയുണ്ടായി. ഇൻഡ്യൻ പീനൽകോഡിലെ ഏതു നിയമപ്രകാരമാണ് അവണാകുഴി സദാശിവൻ പറഞ്ഞാൽ അറസ്റ്റു ചെയ്യുക എന്നറിവില്ല. അന്വേഷണം നടത്താൻ കഴിയും. ഓരോരുത്തർ പറയുന്നതനുസരിച്ച് ഒരാളെ അറസ്റ്റു ചെയ്യുക എന്നുള്ളത് പണ്ടുകാലത്ത് നടക്കുന്നതാണ്.

ഈ മഹത്തായ സഭയിലും ഇതുസംബന്ധിച്ച ഒരുപാടു ചർച്ചകൾ നടന്നിട്ടുണ്ട്. പോലീസ് വകുപ്പിലേക്കുള്ള ഡിമാന്റുകളും മററു പല കാര്യങ്ങളും ഇവിടെ ചർച്ചയ്ക്കു വന്നപ്പോഴും അതിനെല്ലാം ഗവൺമെന്റു ഭാഗത്തുനിന്നും മറുപടികളുണ്ടായിട്ടുണ്ട്. 1968-ൽ ശ്രീമാൻ ഇ. എം. എസ്. നമ്പൂതിരിപ്പാട് പോലീസിനെസംബന്ധിച്ച ഒരു ചർച്ചയ്ക്ക് മറുപടി പറഞ്ഞപ്പോൾ അദ്ദേഹം ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി. "കഴിഞ്ഞ 12 മാസക്കാലത്തെ കേസുകൾ പരിശോധിച്ചതിൽ അതിൽ പല കേസുകളിലും മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയംഗങ്ങൾ പ്രതികളായിട്ടുണ്ട്, മററുള്ളവരും പ്രതികളായിട്ടുണ്ട്" ഇന്നും അതുപോലെയാണ്. ഈ കേസ്സുകളെ സംബന്ധിച്ചിടത്തോളവും സ്ഥിതി അതുതന്നെയാണ്. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിക്കാരുടെ പേരിൽ കേസുകളുണ്ട് സി. പി. ഐ. ക്കാരുടെ പേരിൽ കേസുകളുണ്ട്, മുസ്ലീംലീഗുകാരുടെ പേരിലും കേസ്സുകളുണ്ട്, കോൺഗ്രസ്സുകാരുടെ പേരിൽ കേസുക

LIBRARY ARCHIVES Kerala Legislative Assembly

ളുണ്ട്. അതുപോലെ കേരളാകാൺഗ്രസ്സുകാരിൽ പലരും കൊല്ലപ്പെട്ടിട്ടുണ്ട്, അവർ പലരേയും കൊന്നതായി ആരോപണമുണ്ടായിട്ടുണ്ട്. അങ്ങനെ അങ്ങോട്ടും ഇങ്ങോട്ടും എല്ലാ പാർട്ടിക്കാരുടെപേരിലും കേസുകളുണ്ടായിട്ടുണ്ട്. അതുകൊണ്ട് ഓരോ കേസിലും ഇന്നയിന്ന ആളെയാണ് അറസ്റ്റു ചെയ്യേണ്ടതെന്നു പറയുന്നതുകൊണ്ട് കാര്യമില്ല. എനിക്ക് അതിനു മറുപടിയായി ശ്രീമാൻ ഇ. എം. എസ്. ന്റെ പ്രസംഗത്തിലെ ഒരു വരി മാത്രമാണ് പറയാനുള്ളത്. ''വളരെ ഉച്ചത്തിൽ ആവർത്തിച്ചാവർത്തിച്ച് ഒരു കാര്യം പറഞ്ഞതുകൊണ്ട് മാത്രം പ്രയോജനമുണ്ടാകാൻപോകുന്നില്ല. രാഷ്ട്രീയത്തിൽ ഇത്തരം അതിശയോക്തികരം ആവർത്തിച്ചാൽ ഉണ്ടാകുന്ന ഫലം എന്താണെന്ന ഇത്രയായിട്ടും മനസ്സിലാക്കാത്തതു കഷ്ടമാണ്'' ഇതുമാത്രമാണ് എനിക്കും ഇതിനെസംബന്ധിച്ച് പറയാനുള്ളത്.

ശ്രീ. എം. കെ. കേളു: ഏതുഭാഗമാണ് വായിക്കുന്നത്. അതിന്റെ മുമ്പും പിമ്പുംകൂടി ഒന്നു വായിച്ചാൽ കൊള്ളാം.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതു നിങ്ങൾക്കു തന്നെ വായിക്കാമല്ലോ. ഞാൻ ഇതെല്ലാം വായിക്കുന്നു എന്നുള്ളതിൽതന്നെ നിങ്ങൾ സന്തോഷിക്കേണ്ടതല്ലേ. അടുത്തകാലമായി ഈ ഇ. എം. എസ്. സൂക്തങ്ങൾ ഞാൻ മുടങ്ങാതെ പഠിക്കുന്നുണ്ട്. പല കാര്യങ്ങളിലും എനിക്ക് അതു മാർഗ്ഗദർശകമായിത്തീരുന്നുണ്ട്. അതുകൊണ്ടാണ് ഈ സൂക്തങ്ങൾ പഠിക്കുന്നത്. അതു മുഴുവൻ ഇവിടെ വായിക്കാൻ സമയമില്ല. അപ്പോൾ ഈ വക കാര്യങ്ങളെസംബന്ധിച്ച് ചിന്തിക്കേണ്ടതായ പലകാര്യങ്ങളുമുണ്ട്. ഇവിടെ ലാത്തിച്ചാർജുണ്ടായി, തൊഴിലാളികളുടെ മേൽ മർദ്ദനങ്ങളുണ്ടായി എന്നൊക്കെ പറഞ്ഞുകൊണ്ട് ധാരാളം ആരോപണങ്ങൾ വന്നിട്ടുണ്ട്. ഇങ്ങനെ പല ആരോപണങ്ങളും വന്നപ്പോൾ ഈ ആരോപണങ്ങളെസംബന്ധിച്ച് ആർ. ഡി. ഒ. മാർ അന്വേഷിച്ചിട്ടുണ്ട്. ചിലതിൽ കളക്ടറൻമാർ അന്വേഷിച്ചിട്ടുണ്ട്. മററു ചിലത് ജുഡീഷ്യൽ അന്വേഷണത്തിനു വിധേയമാക്കിയിട്ടുണ്ട്. ചിലപ്പോൾ അന്വേഷണത്തിനു വിടാതെയും വന്നിട്ടുണ്ട്. പുൽപ്പള്ളി സംഭവത്തെ സംബന്ധിച്ച് ശ്രീമാൻ ഇ. എം. എസ്. ചെയ്ത ഒരു പ്രസംഗം ഇവിടെയുണ്ട്. അതിനെസംബന്ധിച്ച് അന്വേഷണം നടത്താൻ പററുകയില്ല, കേസ്സു നടക്കുന്നതുകൊണ്ട് അന്വേഷണം നടത്താൻ പററുകയില്ലെന്നാണ് ശ്രീമാൻ നമ്പൂതിരിപ്പാട് വളരെ വാശിയോടുകൂടി പറഞ്ഞത് അതിനെ ഞങ്ങളൊക്കെ അനുകൂലിക്കുകയും ചെയ്തു. ശ്രീമാൻ നമ്പൂതിരിപ്പാട് സ്വീകരിച്ച ആ നിലപാടിൽനിന്നും വളരെയൊന്നും വ്യത്യസ്ഥമായ ഒരു നിലപാടല്ല ഈ ഗവൺമെൻറു സ്വീകരിച്ചിട്ടുള്ളത്. ഇതുപോലുള്ള ഒരു നയമാണ് അപ്പോഴും ഉണ്ടായിരുന്നത്. അതുകൊണ്ട് ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേകമായ നയം സ്വീകരിച്ചുകൊണ്ട് ഈ ഗവൺമെൻറ് മർദ്ദനത്തിനു പ്രേരകമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നു എന്നുള്ള ആരോപണത്തോട് എനിക്ക് എതിർപ്പുണ്ട്. വെറും രാഷ്ട്രീയമായ നേട്ടങ്ങൾക്കുവേണ്ടിയാണ് നിങ്ങൾ ഈ ആരോപണങ്ങൾ ഉന്നയിക്കുന്നത് നിങ്ങൾ ഇതു ചെയ്യുന്നത്. ശ്രീമാൻ നമ്പൂതിരിപ്പാടിന്റെ കാലത്ത് നമ്മൾ എല്ലാം ഒന്നിച്ചുചേർന്നതുകൊണ്ട് ബഹുഭൂരിപക്ഷമായി. ആ ഗവൺമെൻറിനെ എതിർത്തിരുന്നവർക്കാണെങ്കിൽ ആസിഡ്ബൾബ് ഏറിൽ വലിയ വിശ്വാസവുമില്ലായിരുന്നു. നമ്മൾ തമ്മിലുള്ള സൗന്ദര്യപ്പിണക്കമല്ലാതെ കാര്യമായ എതിർപ്പൊന്നുമില്ലായിരുന്നു. എന്നാൽ ഇപ്പോഴത്തെ സ്ഥിതിയെന്താണ്. നിങ്ങളെ ഇപ്പോൾ താഴത്തിടും നിങ്ങളെ താഴത്തിടും നിങ്ങളെക്കൊണ്ട് അടിപ്പിക്കും നിങ്ങളെക്കൊണ്ട് വെടിവയ്പ്പിക്കും എന്നു പറഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

കുറെ ആളുകൾ ഇറങ്ങി പുറപ്പെട്ടിട്ടും ബംഗാളിലെ നിയമസമാധാന നിലയെ അപേക്ഷിച്ച്, കേരളത്തിലെ മുൻകാലഭരണത്തെ അപേക്ഷിച്ച് നോക്കുമ്പോൾ ഇത്രയൊക്കെ സമാധാനമായി കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ സാധിച്ചുവെന്നുള്ളതിൽ എനിക്ക് പ്രത്യേകമായ സന്തോഷമുണ്ട്. പോലീസിന്റെ നടപടികളെസംബന്ധിച്ച് പല തവണ ഞാൻ ഇവിടെ ഒരു സംഗതി വ്യക്തമാക്കിയിട്ടുണ്ട്. മർദ്ദനങ്ങൾ ഒന്നും നടന്നിട്ടില്ലെന്നു പറഞ്ഞ് ആരേയും വെറുതേ വിടാൻ പോകുന്നില്ല. അതിനെസംബന്ധിച്ച് ഒരിക്കൽകൂടി ഈ ഈ സഭയിൽ വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു, ഈ മാതിരി മർദ്ദനങ്ങളെപ്പററി തീർച്ചയായും അന്വേഷിക്കുകയും നടപടികൾ എടുക്കുകയും ചെയ്യും.

ശ്രീ. കെ. പി. ആർ. ഗോപാലൻ: ഒരു ചോദ്യം. മററുള്ള കാര്യങ്ങൾ പോലെയല്ല ഇതൊരു സ്പെഷ്യൽ കേസ്സാണ്. നമ്മുടെ ചെറുപ്പക്കാരുടെ നേരെയുള്ള വെടിവയ്പ്പുണ്ടല്ലോ. അതിനെസംബന്ധിച്ച് പല ആളുകൾക്കും, എം. എൽ. എ. മാർക്കും സംശയമുണ്ട്. അതു....................

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഞാൻ അതിലേയ്ക്കു വരാം.

ശ്രീ. കെ. പി. ആർ. ഗോപാലൻ: ഈ ചോദ്യം ഒന്നു കേട്ടിട്ടു പറയണം. വർഗ്ഗീസിന്റെ മരണത്തെസംബന്ധിച്ച് പല പ്രസ്താവനകളും വന്നിട്ടുണ്ട്. വലതു കമ്മ്യൂണിസ്ററു പാർട്ടിയും മററു ചില പാർട്ടികളും അതിനെസംബന്ധിച്ച് പ്രമേയവും പാസ്സാക്കി അയച്ചിട്ടുണ്ട്. അവിടെ നടന്ന സംഭവങ്ങളെ സംബന്ധിച്ച് പല അഭിപ്രായങ്ങളും ഉള്ളതുകൊണ്ട് ഇതിനെ സംബന്ധിച്ച് ഒരു പരസ്യമായ അന്വേഷണം നടത്തുക. അതുപോലെതന്നെ അദ്ദേഹത്തിന്റെ ശവം നല്ല ഒരു സംഘം ഡാക്ടറമാരെ കൊണ്ടു പരിശോധിപ്പിക്കുകയും ചെയ്യുക. കുറെ താമസിച്ചുപോയി. ഇതിനെസംബന്ധിച്ച് ഒരു എൻക്വയറി നടത്താൻ എന്തുകൊണ്ടു തീരുമാനിച്ചിട്ടില്ല. ഇനിയെങ്കിലും അതിനെസംബന്ധിച്ച് അന്വേഷിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ബഹുമാനപ്പെട്ട കെ. പി. ആർ. ഇവിടെ ഉണ്ടായിരുന്നില്ല, ഈ സംഭവത്തെസംബന്ധിച്ച് വളരെ വിശദമായി കഴിഞ്ഞദിവസം ഞാൻ പറഞ്ഞതാണ്. അതുകൊണ്ട് അതിനെപ്പററി ഇപ്പോൾ ഞാൻ കൂടുതലൊന്നും പറയില്ല. മാത്രവുമല്ല അതിൽ പങ്കെടുത്ത—ശ്രീമാൻ കെ. പി. ആർ. ന്റെ പാർട്ടിയല്ല—പാർട്ടിയുടെ മുഖപത്രമായ ''ലിബറേഷൻ'' എന്ന പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയ ഒരു ലേഖനത്തിൽതന്നെ ''അവർ ഉഗ്രമായ സംഘട്ടനത്തിലാണ് കൊല്ലപ്പെട്ടത്'' എന്നു പറഞ്ഞിട്ടുണ്ട്. ജുഡീഷ്യൽ ആഫീസേഴ്സ് ഇതിനെസംബന്ധിച്ച് ഇൻക്വസ്ററ് നടത്തിയിട്ടുണ്ട്. അതുപോലുള്ള മററു പല നടപടികളും നടന്നിട്ടുണ്ട്. അതുകൊണ്ട് ഞാൻ അതിനെപ്പററി കൂടുതൽ പറയാൻ ആഗ്രഹിക്കുന്നില്ല.

ബഹുമാനപ്പെട്ട മെമ്പറൻമാർ ഇവിടെപല കാര്യങ്ങളും പറയുകയുണ്ടായി. അതിനെസംബന്ധിച്ച് ഞാൻ ചുരുക്കത്തിൽ പറയാം. ശ്രീ. രാമുണ്ണി പോലീസുകാരുടെ അവശതകളെസംബന്ധിച്ച് പറയുകയുണ്ടായി. അവർക്ക് വളരെ ബുദ്ധിമുട്ടുകളുണ്ട്. വാഹനങ്ങൾ വേണ്ടതുപോലെയില്ല, വീടുകൾ വേണ്ടതുപോലെയില്ല, ഇതൊക്കെ ഞാൻ അംഗീകരിക്കുകയാണ്. പോലീസുകാർ താമസിക്കുന്ന ക്വാർട്ടേഴ്സുകളാണെങ്കിൽ മനുഷ്യരെ ഞെട്ടിപ്പിക്കുന്ന വിധത്തിലുള്ളതാണ്. ഇതു പുതുക്കിപ്പണിയാൻ വേണ്ടി കുറെ പണം നീക്കിവച്ചിട്ടുണ്ട്. പരിഷ്കൃത രാജ്യങ്ങളിലാണെങ്കിൽ മൃഗങ്ങൾ പോലും ഇത്തരം വീടുകളിൽ താമസിക്കുകയില്ല. അതുകൊണ്ട് അതെല്ലാം റിപ്പയറി പണിയാൻ ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ ശ്രീ. രാമുണ്ണി ഒരുകാര്യംകൂടി പറയുകയുണ്ടായി. ഉദ്യോഗസ്ഥൻമാരുടെ ട്രാൻസ്ഫറിനെപ്പററിപറയുകയുണ്ടായി. ചില ഉദ്യോഗസ്ഥൻമാരെ ഗവൺമെൻറ് ട്രാൻസ്ഫർ ചെയ്യുന്നത് വ്യക്തിപരമായ അല്ലെങ്കിൽ കക്ഷി പരമായ കാരണങ്ങൾ വച്ചുകൊണ്ടാണെന്നുള്ള ആക്ഷേപവും ഉന്നയിക്കുകയുണ്ടായി.

ശ്രീ. കെ. പി. ആർ. ഗോപാലൻ: സർ, എൻെറ ചോദ്യത്തിന് മറുപടി പറയാതെ ബഹളംവിട്ട് പറഞ്ഞുപോകുന്നതു ശരിയാണോ?

മി. സ്പീക്കർ: പറയുന്നതുകൊണ്ട് തൃപ്തരായികൊള്ളുകയെന്നുള്ളതല്ലാതെ മററു മാർഗ്ഗമൊന്നുമില്ല.

ശ്രീ. കെ. പി. ആർ. ഗോപാലൻ: എൻക്വയറിക്കു തയ്യാറുണ്ടായെന്നാണ് ഞാൻ ചോദിച്ചത്?

മി. സ്പീക്കർ: ആർഡർ ആർഡർ. അതിന് ബഹു. മന്ത്രി നേരത്തെ മറുപടി പറഞ്ഞല്ലോ. വീണ്ടും എഴുന്നേററു നിൽക്കുന്നതു ശരിയല്ല.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പോലീസുകാരുടെ ട്രാൻസ്ഫറിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ സ്കൂൾ വെക്കേഷൻ സമയത്തുതന്നെയാണ് പോലീസ് ഉദ്യോഗസ്ഥൻമാരെ സ്ഥലംമാററുന്നത്. പ്രസ്തുത സംഗതിയിലാണെങ്കിൽ രണ്ടു ഐ. പി. എസ്. ഉദ്യോഗസ്ഥൻമാരെ ഒഴിവുവരുകാരണങ്ങളുണ്ടായിരുന്നു. അപ്പോൾ മററു സ്ഥലത്തുള്ള ഡി. വൈ. എസ്. പി. മാരെ ഡിസ്ററർബുചെയ്യാൻ നിവൃത്തിയില്ലാതെ വന്നു. അതിനാൽ കോഴിക്കോട്ടെയും കോട്ടയത്തെയും ഡി. വൈ. എസ്. പി. യെ മാററേണ്ടിവന്നു. അതിൽ മററുചില ഉദ്ദേശങ്ങൾ ഉണ്ടായിരുന്നുവെന്നു പറയുന്നത് തികച്ചും അടിസ്ഥാനരഹിതമാണ്. അഹമ്മദുകുഞ്ഞിയെന്നാണ് ഇവിടെ പറഞ്ഞത്. എന്നാൽ ഉമ്മർ കുഞ്ഞിയെന്നാണ് അദ്ദേഹത്തിൻെറ പേര്. അയാളുടെ സ്വന്തം അപേക്ഷ അനുസരിച്ചാണ് അയാളെ മാററിയത്. എസ്. പി. മാരെയും മററും സ്ഥലംമാററിയതു, പോലീസ് ഉദ്യോഗസ്ഥൻമാരെ സ്ഥലംമാററിയത് സംബന്ധിച്ച്—വ്യക്തിപരമായി ഇന്നയാളെ ട്രാൻസ്ഫർ ചെയ്തത് ശരിയല്ലെന്നു പറയുന്നതു ശരിയല്ല. ഇന്ന ആളെ ട്രാൻസ്ഫർ ചെയ്തത് ശരിയല്ലെന്ന നിലയിൽ ഈ നിയമസഭയിൽ ഒരു ചർച്ച നടത്തുന്നത് ശരിയായ ഒരു നടപടിയല്ലെന്നാണ് എനിക്കു പറയാനുള്ളത്. ഇങ്ങനെ വ്യക്തിപരമായി ഉദ്യോഗസ്ഥൻമാരുടെ ട്രാൻസ്ഫറിനെസംബന്ധിച്ച് സഭയിൽ ചർച്ചനടത്തുന്നത്, ചർച്ച നടത്തിക്കുന്നത് ആരോഗ്യകരമായ ഒരു ഏർപ്പാടല്ലെന്നും എനിക്ക് അഭിപ്രായമുണ്ട്. ഇപ്പോൾ ശ്രീ. രാമുണ്ണി പറഞ്ഞ സംഗതിയെ സംബന്ധിച്ചും എനിക്കു അതാണ് പറയാനുള്ളത്. ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് അതിനെസംബന്ധിച്ചു പറഞ്ഞിട്ടുള്ള സൂക്തം ഞാൻ വായിക്കാം. "ചില പ്രത്യേക കേസ്സുകളിൽ ചില പ്രത്യേക കാരണങ്ങളാൽ ട്രാൻസ്ഫർ ഗവൺമെൻറാണ് ചെയ്യുന്നത്. ഇന്നയാളെ ഇന്നസ്ഥലത്ത് ട്രാൻസ്ഫർ ചെയ്യണമെന്ന് ഗവൺമെൻറ് ആർഡറിടും. ഇതു സാധാരണഗതിയിൽ ഗവൺമെൻറുദ്യോഗസ്ഥൻമാർക്കുള്ള ഓവർ ആൾ പവ്വറാണ്. ഇതനുസരിച്ച് ഗവൺമെൻറ് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഇനിയും ചെയ്യും. ഇതിൻെറ ഒരു ഭാഗമാണ്. ചിലപ്പോൾ ഒരു പ്രത്യേക സിററുവേഷൻ കൈകാര്യം ചെയ്യുന്നതിന് ഒരു പ്രത്യേക ഉദ്യോഗസ്ഥൻ അവിടെയുണ്ടായിരുക്കുന്നത് ശരിയല്ലെന്നു തോന്നും. അങ്ങനെ ട്രാൻസ്ഫർ ചെയ്യും". എന്നൊക്കെയാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. എനിക്കും ഈ പ്രത്യേകകേസ്സിനെ സംബന്ധിച്ചിടത്തോളം പറയാനുള്ളത് ഇത തന്നെയാണ്. ഈ സഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇതുപോലെ ഓരോ ആളുകളുടേയും പേരെടുത്തു പറയുന്നതു ശരിയല്ല. പറയുകയോ പറയിപ്പിക്കുകയോ ചെയ്യുന്നത് ആരോഗ്യകരമായ ഒരു ഏർപ്പാടായിരിക്കുകയില്ലെന്ന് ഞാൻ നേരത്തെ പറഞ്ഞു. ബഹുമാനപ്പെട്ട പല മെമ്പറൻമാരും പല ഒററപ്പെട്ട കാര്യങ്ങളും ഇവിടെ പറയുകയുണ്ടായി. അതെല്ലാം ഇവിടെ ഞാൻ നോട്ടുചെയ്യുകയും മറുപടി തയാറാക്കുകയും ചെയ്തിട്ടുണ്ട്. നിർഭാഗ്യവശാൽ സമയക്കിപ്തംകൊണ്ട് അതെല്ലാം ഇവിടെപറയാൻ പററുകയില്ല.

പയ്യോളി കേസ്സിനെസംബന്ധിച്ചിടത്തോളം രണ്ടുഭാഗക്കാരും സെൽഫ് ഡിഫൻസിനുവേണ്ടിയാണ് കൊലനടത്തിയതെന്നു പറയുകയുണ്ടായി. അതിൻെറ അടിസ്ഥാനത്തിൽ ക്രൈംബ്രാഞ്ചാണ് അന്വേഷണം നടത്തിയത്. അന്വേഷണം പൂർത്തിയായിട്ടുണ്ടെന്നാണ് എനിക്കു മനസ്സിലാക്കാൻ സാധിച്ചത്. ഏതാനും ദിവസത്തിനകം ചാർജുഷീററ് സമർപ്പിക്കും. അതുകൊണ്ട് ശ്രീ ദക്ഷിണാമൂർത്തിയുടെ ആരോപണം ശരിയല്ലെന്നാണ് എനിക്കു പറയാനുള്ളത്. അധികം മെമ്പറൻമാരും കാര്യമറിയാതെപറഞ്ഞത് ലാക്കപ്പ് മർദ്ദനങ്ങളെ സംബന്ധിച്ചാണ്. അതിനെസംബന്ധിച്ചു ഞാൻ പറഞ്ഞുകഴിഞ്ഞു. ശ്രീ. കരുണാകരൻ, ശ്രീ. സി. പി. രാമൻെറ സംഗതിയെപ്പററി പറയുകയുണ്ടായി. അദ്ദേഹം ഒരു റിട്ടുകൊടുത്തു സ്റേറ ആർഡർ വാങ്ങിയിട്ടുണ്ടെന്നുള്ളതു ശരിയാണ്. പക്ഷെ അദ്ദേഹത്തിൻെറ സീനിയർമാരായി കുറെ ആളുകാം ഉണ്ടെന്നാണ് എനിക്കു മനസ്സിലാക്കാൻ സാധിച്ചത്. ഈ കാര്യത്തിൽ എന്തെങ്കിലും അനീതി നടന്നിട്ടുണ്ടെങ്കിൽ ഉദ്യോഗസ്ഥൻമാർ വല്ല തെററും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അതിനെസംബന്ധിച്ച് തീർച്ചയായും ഗവർമ്മെൻറ് അന്വേഷിക്കുന്നതാണ്. 13 ഉദ്യോഗസ്ഥൻമാർ അദ്ദേഹത്തിൻെറ സീനിയറായിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഏതായാലും ഇവിടെ പരാമർശിച്ച സ്ഥിതിക്ക് അതിനെസംബന്ധിച്ച് അന്വേഷിക്കുന്നതാണ്. ഉദ്യോഗസ്ഥൻമാരുടെ ആവലാതികാം പരിഹരിക്കുന്നതിന് എന്തുചെയ്യാൻ കഴിയുമെന്നുള്ളതിനെസംബന്ധിച്ച് ഞാൻ ശ്രദ്ധയോടുകൂടി ആലോചിച്ചുകൊണ്ടിരിക്കുകയാണെന്നുള്ള വിവരം ശ്രീമാൻ കരുണാകരനും മററു സ്നേഹിതൻമാർക്കും അറിയാം. അനീതി വല്ലതും നടന്നിട്ടുണ്ടെങ്കിൽ അതിനെപ്പററി അന്വേഷിക്കുന്നതാണ്.

ശ്രീ. കെ. കരുണാകരൻ: പ്രമോഷൻെറ കാസ്ററ്യനല്ല, ഗവൺമെൻറ് ആർഡർ ഇംപ്ലിമെൻറ് ചെയ്തില്ലെന്നുള്ളതാണ്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇംപ്ലിമെൻറ് ചെയ്യാത്തതിനു ചില കാരണങ്ങളുണ്ട്. അതുകൊണ്ട് അതിനെപ്പററി അന്വേഷിക്കുന്നതാണെന്ന്, ബഹുമാനപ്പെട്ട കരുണാകരനും സഭയ്ക്കും ഞാൻ ഉറപ്പു നൽകുകയാണ്.

കുഞ്ഞുകുഞ്ഞിൻെറമേൽ പല അക്രമങ്ങളും നടത്തുന്നുവെന്ന് ഇവിടെ പറയുകയുണ്ടായി. അദ്ദേഹത്തിന് ചികിത്സയ്ക്കുള്ള സൗകര്യം പോലും കൊടുക്കുന്നില്ലെന്ന് ഇവിടെ പറയുകയുണ്ടായി. അദ്ദേഹം ഒരു കുററവാളിയെന്നുള്ള നിലയിലാണ് അവിടെകിടക്കുന്നത്. അദ്ദേഹത്തെ പോലീസ് സൂക്ഷിച്ചുകൊണ്ടു നിൽക്കുന്നുണ്ട്. ചികിൽസയുടെകാര്യത്തിൽ പോലീസ് ഇടപെടുന്നില്ലെന്നാണ് എനിക്കു കിട്ടിയ വിവരം. എങ്കിലും ശ്രീമാൻ പി. ജി. പുരുഷോത്തമൻപിള്ള പോലീസ് ഇടപെടുന്നുവെന്ന ആരോപണം ഉന്നയിച്ചിട്ടുണ്ട്. ആ നിലക്ക് ആ കാര്യങ്ങളെ സംബന്ധിച്ചു തീർച്ചയായും അന്വേഷിക്കാൻ തയ്യാറാണെന്ന് ഈ സഭയെ അറിയിക്കാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. ആർ. ഗോപാലൻ: സർ, ഒരു പോയിന്റ് ആഫ് ആർഡർ. ബഡ്ജററിന്റെ ചർച്ചാവേളയിൽ ഒരു മെമ്പർ ഒരു ചോദ്യം ചോദിച്ചാൽ അതിന് വ്യക്തമായ ഉത്തരം പറയാൻ മന്ത്രി തയ്യാറാകേണ്ടതല്ലേ. അന്വേഷണം നടത്താൻ തയ്യാറുണ്ടോയെന്നു ചോദിച്ചാൽ ഉണ്ടെങ്കിൽ ഉണ്ടെന്നു വ്യക്തമായിട്ട് ഉത്തരം പറയണം. ഇല്ലെങ്കിൽ ഇല്ലെന്ന് പറയണം. അല്ലെങ്കിൽ പിന്നെ ജനാധിപത്യത്തിന് എന്ത് അർത്ഥമാണുള്ളത്.

Mr. Speaker: I cannot compel a Minister or any Member to answer in a particular way.

ശ്രീ. ഇ. പി. കൃഷ്ണൻ നമ്പ്യാർ: ഒരു മെമ്പർ ചോദ്യം ചോദിച്ചാൽ അതിനു മറുപടി പറയാനുള്ള ബാധ്യത മന്ത്രിമാർക്കില്ലേ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ബഹുമാനപ്പെട്ട തങ്ങളുടെ പരാതിയെ സംബന്ധിച്ച് അന്വേഷിക്കാൻ ആലപ്പുഴ എസ്. പി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആലപ്പുഴ എസ്. പി. ശ്രീമാൻ തങ്ങളെത്തന്നെ നേരിട്ടുകണ്ട് വിവരം വാങ്ങിയിട്ടുണ്ട്. ആ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടപടിയെടുക്കുമെന്നു പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. പിന്നെ ഇതിനെസംബന്ധിച്ച് പൊതുവായി എനിക്കു പറയാനുള്ളത് എം. എൽ. എ. മാരുടേയും അതുപോലെതന്നെ പൊതുപ്രവർത്തകൻമാരുടേയും മേൽ ഉണ്ടാകുന്ന മർദ്ദനങ്ങളെപ്പററിയും ശക്തിയായ ആരോപണങ്ങൾക്ക് വിധേയമായിത്തീരുന്ന മർദ്ദനങ്ങളെസംബന്ധിച്ചും ഗവർമ്മെന്റ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. എല്ലാ ആരോപണങ്ങളും തെററാണ് ഒരു മർദ്ദനവും നടന്നിട്ടില്ലെന്നു ഞാൻ പറയുന്നില്ല. അങ്ങനെ പറയുന്നതു ശരിയുമായിരിക്കുകയില്ല. ചിലപ്പോൾ എന്തെങ്കിലും നടന്നു കാണും. അങ്ങനെയുള്ള വിവരം ലഭിച്ചാൽ ഫലപ്രദമായി നടപടികൾ സ്വീകരിക്കുന്നതാണ്.

ഈ രാജ്യത്തെ ക്രമസമാധാനനില ക്രമപ്പെടുത്തുന്നതിനും സമാധാനപരമായ ഒരു ജീവിതം എല്ലാവർക്കും ഉറപ്പുവരുത്തുന്നതിനും വേണ്ടി ഈ പോലീസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിത്തീർക്കാനും ആവശ്യമായ എല്ലാവിധ സഹായസഹകരണവും ഉണ്ടായിരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പോലീസ് വകുപ്പിൽ ഇപ്പോഴുള്ള തെററുകൾ ഇല്ലാതാക്കുന്നതിനും ഇൻവെസ്റ്റിഗേഷൻ കൂടുതൽ നന്നാക്കുന്നതിനും കൂടുതൽ നല്ല ശാസ്ത്രീയോപകരണങ്ങൾ വാങ്ങുന്നതിനും നിങ്ങളെല്ലാം ആവശ്യപ്പെട്ടതുപോലെ പോലീസിനെ ശക്തിപ്പെടുത്തുന്നതിനും ഉള്ള ഗവൺമെൻറിന്റെ ശ്രമത്തിൽ ഇപ്പോൾ രാഷ്ട്രീയ കാരണങ്ങളാൽ എന്തു പറഞ്ഞാലും ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പറൻമാരുടെയെല്ലാം സഹായസഹകരണമുണ്ടായിരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രി (ശ്രീ.കെ. അവുക്കാദർകുട്ടിനഹ ഹാജി): സർ, ഇവിടെ രണ്ടു ഡിമാൻറുകൾ അവതരിപ്പിച്ചിരിക്കുകയാണ്. പോലീസിനെസംബന്ധിച്ച് വളരെയധികം പ്രസംഗങ്ങൾ ഇവിടെ നടന്നെങ്കിലും ജയിലിനെസംബന്ധിച്ച് ആരും ഒന്നും വിമർശിച്ചുകാണാത്തതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. പോലീസ്മർദ്ദനത്തെ സംബന്ധിച്ച് ദീർഘമായ പ്രസംഗങ്ങൾ നടത്തിക്കഴിഞ്ഞിരിക്കുന്ന സ്ഥിതിക്ക് അതിനെസംബന്ധിച്ച് ഞാൻ അധികമായി ഒന്നും പറയുന്നില്ല. മർദ്ദിച്ചവരെയും ചിലപ്പോൾ മർദ്ദനം അനുഭവിച്ചവരെയും കൊണ്ടുപോയി താമസിപ്പിക്കേണ്ട സ്ഥലമാണ് ജയിൽ എന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. ജയിൽ ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനം വളരെ കാര്യക്ഷമതയോടുകൂടിത്തന്നെയാണ് നടക്കുന്നത് എന്നാണ് ജയിലിനെപ്പററിയുള്ള ചർച്ചയിൽ ആരും

LIBRARY ARCHIVES Kerala Legislative Assembly

പങ്കെടുക്കാത്തതുകൊണ്ട് ഞാൻ വിശ്വസിക്കുന്നത്. ചില ബഹുമാനപ്പെട്ട അംഗങ്ങളെങ്കിലും ആ ചർച്ചയിൽ പങ്കെടുത്തിരുന്നെങ്കിൽ നമ്മുടെ ജയിൽ ഭരണം കൂടുതൽ കാര്യക്ഷമമായും പരിഷ്ക്കരിച്ച രീതിയിലും നടത്താൻ സാധിക്കുമായിരുന്നു എന്നാണെന്റെ വിശ്വാസം. ആ നിലയിൽ നോക്കുമ്പോൾ ചില അംഗങ്ങളെങ്കിലും ചർച്ചയിൽ പങ്കെടുക്കാതിരുന്നതിലും എനിക്കു ഖേദമുണ്ട്. ഏതായാലും ഈ ഡിമാന്റ് പാസാക്കിത്തരണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി: ജയിലിനെക്കുറിച്ച് ഒരു സജഷനുണ്ട്.

ശ്രീ. എ. വി. കുഞ്ഞാമ്പു: നിയമസഭാംഗങ്ങളെന്നുള്ളനിലയ്ക്കു ഞങ്ങൾ ചില ചോദ്യങ്ങൾ ചോദിച്ചാൽ അതിന് ഉത്തരവാദപ്പെട്ട വകുപ്പു കൈകാര്യംചെയ്യുന്ന മന്ത്രിയിൽനിന്ന് ഉത്തരംകിട്ടേണ്ടത് ഞങ്ങളുടെ ന്യായമായ അവകാശമല്ലേ? ആ അടിസ്ഥാനത്തിൽ ചോദ്യം ചോദിച്ചാൽ മറുപടി പറയാത്തതെന്താണ്? വയനാട്ടിൽ ഒരാളെ ജീവനോടുകൂടി പിടിച്ച് കൊല ചെയ്തു. അതിനെപ്പററി അന്വേഷണം നടത്തുമോ എന്നു ചോദിച്ചാൽ ഉത്തരവാദപ്പെട്ട മന്ത്രി മറുപടി പറയാത്തതെന്താണ്?

മി. സ്പീക്കർ: ബഹുമാനപ്പെട്ട കെ. പി. ആർ. ഗോപാലൻ പോയിന്റ് ഓഫ് ഓർഡർ എന്നുള്ളരീതിയിലോമറോ ചോദ്യം ചോദിക്കുകയുണ്ടായി. അന്വേഷണം നടത്തുമോ എന്നു പോയിന്റ് ഓഫ് ഓർഡായിട്ട് ചോദ്യം ചോദിച്ചു. നടത്തുമെന്നുപറയാത്ത സ്ഥിതിക്ക് നടത്തുകയില്ലെന്നു ധരിച്ചു കൊള്ളണം. നടത്തുമെന്നോ നടത്തുകയില്ലെന്നോ ഏതെങ്കിലും വിധത്തിൽ മറുപടി പറയാൻ ബഹുമാനപ്പെട്ട മന്ത്രിയെ നിർബന്ധിക്കാൻ എനിക്ക് അവകാശമില്ല. നടത്തുമെന്നു പറഞ്ഞില്ലല്ലോ. അപ്പോൾപിന്നെ നടത്തുകയില്ലെന്നു ധരിച്ചു കൊള്ളണം. ഇക്കാര്യത്തിൽ ഞാൻ നിസ്സഹായനാണ്.

The Cut motion moved by Shri C. B. Chandrasckhara Warrier to Demand XIII—Police was put and lost.

The Cut motion moved by Shri K. T. George was, by leave, withdrawn.

The Cut motion moved by Shri George Thomas was, by leave, withdrawn.

The question that Government be granted a sum of Rs. 7,30,92,100 under Demand XIII—Police was put and carried.

The Demand was passed and the grant was made.

The Cut motion moved by Shri N. I. Devassykutty to Demand XII—Jails was, by leave, withdrawn.

The Cut motion moved by Dr. George Thomas was, by leave, withdrawn.

The Cut motion moved by Shri Mustafa Kamal was put and lost.

The Question that Government be granted a sum of Rs. 72,90,700 under Demand XII—Jails was put and carried.

The Demand was passed and the grant was made.

Mr. Speaker: The House will now adjourn and meet again tomorrow at 8 a. m.

The Assembly adjourned at 1.05 p. m. to meet again at 8 a. m. on Thursday, the 12th March 1970.

2/3021/MC

LIBRARY ARCHIVES Kerala Legislative Assembly